It should not be taken to mean that I am against the present proposals. They are inadequate. No management will run hereafter the school properly if only 20 per cent of the collections go to him. The school building will be neglected, there will be no appliances no apparatus, no furniture. That will be the muddle, into which Mr. P. Govinda Menon will land our schools. Rather than that, I would urge him to pay the teachers well and take over the schools. The country will be

LIBRARY ARCHIVES Kerala Legislative Assembly

[Sri, A. Thanu Pillai]

with him if he does so. No other half-way measure is going to solve the problem. That will only be party manoeuvring but that will not help the schools or the State.

Generally there is corruption throughout the State. That is an outstanding fact which strikes anyone in the face. (*Bell*).

Sri. A. Ramasubramonia Karayalar: I move the following amendment:

Add the following at the end:—"But regret that Your Highness' Council of Ministers' attitude in splitting up the cent per cent Tamil Taluk of Shencottah in the matter of delimitation of constituencies resulting in virtual deprivation of the right of representation of the Tamils there."

Mr. Speaker: That relates to delimitation. That is a matter which is engaging the attention of another Committee. I understand that matter is going to be placed before the House for discussion in all its details. It cannot be said that after all it is an administrative act of the Council of Ministers. Delimitation has finally to be settled by another authority, apart from the Council of Ministers. It is not a matter that can be properly brought within the scope of the legitimate authority of the Council of Ministers. Though there is a reference to it in the Rajpramukh's address, which is only an information for the House, in view of the explanation I have given, I do not think that the amendment can be moved now.

Sri. A. Ramasubramonia Karayalar: Shall I speak about the discrimination shown to the Tamilians?

Mr. Speaker: The amendment is only about delimitation.

Sri. R. K. Ram: Sir, delimitation is referred to in the Address.

Mr. Speaker: That is a matter which can be discussed in all its aspects when the proposals are before the House. Moreover, that is a matter to be decided by some other authority.

The amendment was withdrawn

Sri. R. Sankar: Sir, I beg to move the following amendment:

'Change the full stop at the end of the resolution into a semi-colon and add the following after it:—'but regret to note that the present Government of Travancore-Cochin have lost the confidence of the people of the State as is evinced by their disastrous defeat in the recent bye-election held at Neyyattinkara and Nedumangad, by their utter failure in the production, procurement and distribution of food, by their inconsistent and ruinous land and forest policy, indiscriminate squandering of public funds in the name of industrialisation of the State, mal-administration of the Transport and Public Works Department; unsympathetic attitude in the matter of the promotion of the interests of backward communities, vagaries in the matter of appointments to the Public Service and treatment of public servants resulting in grave discontent, corruption and inefficiency, inability to ensure security to life, property and even of the sanctity of Hindu temples, not to speak of the civil liberties of the people, and by their deliberate creation of communal cleavage and promotion of class hatred resulting in the undermining of the very basis of democracy.'

സർ, ഇതിനുമുൻപു ഇവിടെ ഭേദഗതികൾ കൊണ്ടുവന്നു സംസാരിച്ച മാന്യ അംഗങ്ങൾ, മിക്കവാറും എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന സംഗതികൾതന്നെ ആസ്പദമാക്കി പലതും സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. അവർ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ച ആക്ഷേപങ്ങളോട് മിക്കവാറും മുഴവനായിത്തന്നെ എനിക്ക യോജിക്കുവാനും സാധിക്കും. വിശേഷിച്ചും ശ്രീ. താണുപിള്ള ചൂണ്ടിക്കാണിച്ച് സംഗതികളെ ഞാൻ എനിക്ക ഉപയോഗിക്കാവുന്നിടത്തോളം ശക്തിയുപയോഗിച്ച് ഇവിടെ പറയണമെന്നു വിചാരിച്ചിരുന്ന സംഗതികളാണ്. അവയോടെല്ലാം ഞാൻ പൂർണ്ണമായി യോജിക്കുകയും മറെറ ചില സംഗതികൾകൂടി എനിക്ക അനുവദിക്കപ്പെട്ടിട്ടുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രസ്താവിക്കണമെന്നു വിചാരിക്കുകയും ചെയ്യുന്നു.

സർ, ഇന്നിവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ഭേദഗതികളുംതന്നെ പ്രധാനമായി, വളരെ പ്രധാനമായി ചൂണ്ടിക്കാണിക്ക ഈ രാജ്യത്തെ ക്ഷ്യ സ്ഥിതിയെപ്പററിയുള്ള ജനങ്ങളുടെ അഭിപ്രായമാണ്. ഈ രാജ്യം ഇന്ന് ക്ഷ്യ ധാന്യവിതരണത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്തിൽ ഇതിനു മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള ഒരു ഭയങ്കരമായ കാലത്തെ തരണംചെയ്യുകയാണ്. അഞ്ചെട്ടവഷ്ങ്ങളായി എന്നു തോന്നുന്നു, ഇവിടെ ക്ഷ്യധാന്യവിതരണം ഏർപ്പെടുത്തിയിട്ട്. അതിനിടയിൽ, യുദ്ധത്തിന്റെ ഏറെറവും ഭയങ്കരമായ കാലങ്ങളും ഉണ്ടായിരുന്നു. അന്നൊന്നും ഈ അടുത്തകാലത്തു, വിശേഷിച്ചും കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ അനുഭവപ്പെട്ടതുപോലെയുള്ള റേഷനിംഗിൽ പരിപൂർണ്ണപരാജയം ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. റേഷനിംഗ് തുടങ്ങിയകാലം മുതൽതന്നെ അതിനെപ്പററി പല പരാതികളും ഈ രാജ്യത്തുണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ആരും സമ്മതിക്കുന്നതാണ്. ഇവിടത്തെ സംഭരണമോ, ക്ഷ്യധാന്യഉല്പാദനമോ, വിതരണംതന്നെയൊ എല്ലാ കാലത്തും നിരാക്ഷേപമായി ഇരുന്നിട്ടില്ലെന്നു സമ്മതിക്കുന്നതോടുകൂടിത്തന്നെ ഈ മൂന്നു കാര്യങ്ങളെയും സംബന്ധിച്ചു ഇത്രവലിയ ആക്ഷേപം ഇതിനു മുൻപൊരിക്കലും ഉണ്ടായിട്ടില്ലെന്നു പറഞ്ഞാൽ അതു കേവലം പരമാത്ഥമാണ്. ഇന്ന് അധികാരത്തിലിരിക്കുന്ന ഗവൺമെൻറ് ഭരണം ആരംഭിച്ചിട്ട് രണ്ടിലധികം വഷ്ങ്ങളായി. അന്നുമുതൽതന്നെ ഈ രാജ്യത്തെ ക്ഷ്യധാന്യവർദ്ധനവിനായി വളരെ പ്രധാനപ്പെട്ട പരിപാടികളും അവർ പ്രയോഗത്തിൽ വരുത്തുവാൻ പോകുന്നുവെന്നു വളരെ പ്രചരണങ്ങളും നടന്നുവരികയാണ്. നെടുംകൃഷിയും കുടുംകൃഷിയുമെല്ലാം വളരെ വ്യാപകമായ തോതിൽ ഇവിടെ നടപ്പാക്കുന്നുണ്ടെന്നും ഇവിടത്തെ ക്ഷ്യധാന്യ ഉല്പാദനം വളരെ വർദ്ധിച്ചിട്ടുണ്ടെന്നും നാം കേൾക്കുന്നുണ്ട്. എന്നാൽ അനുഭവത്തിൽനിന്നും നമുക്ക ഒരു വസ്തുത വളരെ വ്യക്തമായികാണാം. ഈ രാജ്യത്തു ഇത്ര വളരെ പണം ചെലവുചെയ്യുകയും ഇത്രവളരെ പ്രചരണം നടത്തുകയും ഒക്കെ ചെയ്തതിനുശേഷവും, വിളവു വർദ്ധിച്ചിട്ടില്ലെന്നു മാത്രമല്ല, മറിച്ച് അല്പമെങ്കിലും കുറയുകയാണു കഴിഞ്ഞ രണ്ടുമൂന്നുവഷ്ങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ളതെന്നുള്ളതാണ് ആ വസ്തുത.

ഈ രാജ്യത്തെ വനഭൂമി ഇവിടത്തെ ഏറെറവും പ്രധാനപ്പെട്ട ദേശീയസമ്പത്താണെന്നു ആരും സമ്മതിക്കും. അതിനോടു താരതമ്യം ചെയ്യാവുന്ന, ഇതുവരെ നാം ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത, മറെറാരു സമ്പത്തുണ്ടെങ്കിൽ അതു പടിഞ്ഞാറൻ കടലിൽനിന്നു ലഭിക്കുന്ന മത്സ്യം മാത്രമാണ്. ഇവ രണ്ടും വേണ്ടവണ്ണം രക്ഷണം ചെയ്യുകയും, ഇവയിൽനിന്നും ലഭിക്കാവുന്ന ആദായം അനുക്രമം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തുക്കുനിലയിൽ ഗവൺമെൻറിന്റെ നയപരിപാടികൾ രൂപീകരിക്കുക എന്നുള്ളതു അല്പമെങ്കിലും, ദീർഘദൃഷ്ടിയുള്ള ഏതൊരു ഗവൺമെൻറും ചെയ്യുന്നതാണ്. എന്നാൽ ഇന്നത്തെ ഗവൺമെൻറ് ക്ഷ്യധാന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുക എന്നതിന്റെ പേരിൽ ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Sri R. Sankar]

വനഭൂമികൾ വളരെയധികം നശിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. ഇതുവരെ എത്ര ഏക്കർ സ്ഥലം ഗ്രോമോർ ഫുഡ് കാംപെയിനുവേണ്ടി കൊടുത്തിട്ടുണ്ടെന്നുള്ളതിനു സൂക്ഷ്മമായ കണക്കു എനിക്കറിയാൽ കഴിഞ്ഞിട്ടില്ല. ആ കാംപെയിന്റെ പേരിൽ എത്ര ആയിരമോ, എത്ര പതിനായിരമോ, ഒരുപക്ഷെ, എത്ര ലക്ഷമോ ഏക്കർ വനഭൂമിയാണു കൊടുത്തിട്ടുള്ളതെന്നറിയാൻ വളരെ പ്രയാസമാണു്. അപ്പോഴപ്പോൾ ചില കണക്കുകൾ കണ്ടിട്ടുണ്ടെന്നേയുള്ളൂ. എതായാലും ഒരു ലക്ഷത്തിലധികം ഏക്കർ സ്ഥലം കൊടുത്തിരിക്കണമെന്നു വിചാരിക്കുന്നതിൽ വലിയ തെറ്റില്ല. ഒരു ലക്ഷം ഏക്കറിൽനിന്നു, കഴിഞ്ഞ ഏതാനും വർഷങ്ങളിലായി പുതിയതായി നെല്ലുൽപാദിപ്പിച്ചിരുന്നുവെങ്കിൽ നിശ്ചയമായും എത്ര കുറഞ്ഞാലും ഒരുകോടി പറനെല്ലെങ്കിലും ഈ രാജ്യത്തു വിളയേണ്ടതായിരുന്നു. ഒരേക്കറിൽ ശരാശരി നൂറുപറനെല്ലു കിട്ടുകയെന്നുള്ളതു ഇവിടത്തെ വനത്തെ സംബന്ധിടത്തോളം നിശ്ചയമായും വളരെ ലഘുവായ ഒരു കണക്കാണു്. എന്നാൽ ഈ വനഭൂമിയിൽനിന്നും ഗവൺമെന്റിനു എന്തെങ്കിലും കൂടുതൽ ലഭിച്ചുവെന്നു വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല. ഗവൺമെന്റു വകയായിട്ടോ, ഈ രാജ്യത്തെ വകയായിട്ടൊ ഉണ്ടായിരുന്ന വനഭൂമികളിൽ ഉപയോഗയോഗ്യമായ മിക്കവാറും എല്ലാ ഭാഗങ്ങളുംതന്നെ ഇപ്പോൾ പതിച്ചുകൊടുത്തുകഴിഞ്ഞുവെന്നാണു എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. അങ്ങനെ പതിച്ചുകൊടുത്തിട്ടുള്ളതിനെപ്പറ്റി ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾക്കു കയ്യുംകണക്കുമില്ല. ഈ സഭയിലെ ബഹു. ഒരു മെമ്പർതന്നെ, ശ്രീ. പട്ടം താണുപിള്ള തന്നെ, അതിനെപ്പറ്റി വളരെ വലിയ ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞൊപ്പിക്കുകയുണ്ടായി. വനത്തിലുണ്ടായിരുന്ന തടി വെട്ടി മാറ്റുകയൊ, അതിന്റെ ന്യായമായ വില സമ്പാദിക്കുകയൊ ചെയ്യുന്നതിനു മുൻപു്, യാതൊരു ആലോചനയും കൂടാതെയാണു വനഭൂമികൾ പതിച്ചുകൊടുത്തിട്ടുള്ളതെന്നും, ആ ഭൂമി ആളുകൾ കരസ്ഥമാക്കുന്നതു മിക്കവാറും കൃഷി ചെയ്യാനല്ല, അവിടെ നിൽക്കുന്ന തടി വെട്ടി ആ നിലയിൽ ലാഭമുണ്ടാക്കുവാനുദ്ദേശമാണു് ഈ നാട്ടിൽ ജനങ്ങളുടെയിടയിൽ പരക്കെ സംസാരമുണ്ടു്. ഇതിൽ കുറെയൊക്കെ പരമാർത്ഥമുണ്ടെന്നു ഇങ്ങനെ പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങൾ പരിശോധിച്ചാൽ ബോദ്ധ്യമാകുന്നതാണു.

വനഭൂമികൾ പതിച്ചുകൊടുത്തിട്ടുള്ളതു തടികൾ നിൽക്കുന്ന ഭൂമി നോക്കിയല്ല എന്നും, തടി ഇല്ലാത്ത സ്ഥലങ്ങൾ നോക്കിയാണു പതിച്ചുകൊടുത്തിട്ടുള്ളതെന്നുമുള്ള ഒരു വാദം ഗവൺമെന്റു ഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുണ്ടു്. തടികൾ ഒട്ടും ഇല്ലാത്ത ചില പുൽമേടുകൾകൂടി പതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും പതിച്ചുകൊടുക്കപ്പെട്ടിട്ടുള്ള ഭൂമികളിൽ ഭൂരിഭാഗവും വൃക്ഷനിബിഡങ്ങളായ പ്രദേശങ്ങളാണെന്നും, വളരെ ഫലപുഷ്ടിയുള്ള ഭൂമിയിൽ മാത്രം വളരുന്ന തമ്പകം മുതലായ വൻപിച്ച തടികൾ നിൽക്കുന്ന സ്ഥലങ്ങളാണെന്നും അങ്ങനെയുള്ള വൻവൃക്ഷങ്ങൾ ഈ ഗ്രോമോർ ഫുഡ്കാംപെയിനുവേണ്ടി ഒഴിച്ചിടപ്പെട്ട സ്ഥലങ്ങളിൽനിന്നു ആളുകൾ വാങ്ങിക്കൊണ്ടുപോകുന്നതു ഞാൻതന്നെ കണ്ടിട്ടുണ്ടെന്നും ഇതവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. ഗവൺമെന്റു ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെ അനാസ്ഥകാണിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഈ രാജ്യത്തെ ട്രഷറിക്കു് ഏറ്റവും ചുരുങ്ങിയ ഒരുകോടി രൂപയുടെ നഷ്ടം വരുത്തിക്കൊണ്ടാണു അങ്ങനെ ഭൂമി പതിച്ചുകൊടുത്തിരിക്കുന്നതു എന്നുള്ളതിനും സംശയമില്ല. ഒരേക്കർസ്ഥലത്തു് അതായതു നൂറുസെന്റു സ്ഥലത്തു ഒരുനൂറു പെറിയതടിയുണ്ടെങ്കിൽപോലും അതിൽനിന്നുമാത്രം ൪൦൦ രൂപയൊ, ൫,൦൦൦

LIBRARY ARCHIVES Kerala Legislative Assembly

രൂപയൊ വില കിട്ടുന്നതാണു്. അങ്ങനെ ആയിരമായിരക്കണക്കിനുള്ള ഏക്കർ സ്ഥലങ്ങളിൽനിന്നും തടിവെട്ടി എടുക്കാതിരിക്കുവാൻ വേണ്ടതു നിഷ്കർഷിക്കാത്തതുകൊണ്ടു വളരെ വളരെ നഷ്ടം ഈ രാജ്യത്തിനുണ്ടായിട്ടുണ്ടെന്നുള്ളതിനു തർക്കമില്ല.

തടി വെട്ടി മാറാതിരിക്കുന്നതുകൊണ്ടും കൃഷിക്കാർക്കു പതിച്ചു കിട്ടിയ സ്ഥലത്തുനിന്നും കൂടുതൽ ആദായമുണ്ടാക്കണമെന്നാഗ്രഹമുള്ളതുകൊണ്ടും അവർ ഈ സ്ഥലങ്ങളിൽ നിൽക്കുന്ന അനവധി തടികൾ അനധികൃതമായി വെട്ടി നശിപ്പിച്ചിട്ടുണ്ടു്. നെടുമങ്ങാട്ടു താലൂക്കിൽ, പതിച്ചുകൊടുത്തിട്ടുള്ള സ്ഥലം ആ സ്ഥലനിവാസികളായ യാതനാപ്രമാണികൾക്കായി പതിച്ചുകൊടുത്തിരിക്കുകയാണെന്നാണു ഞാനറിയുന്നതു്. അങ്ങനെയുള്ള സ്ഥലത്തുനിന്നു വളരെ അധികം തടികൾ ചുട്ടകരിച്ചുകളഞ്ഞതു ഇപ്പോഴും കാണാവുന്നതാണു്. ഇപ്പോൾ ആ സ്ഥലങ്ങൾ പരിശോധിച്ചാൽ അതു കാണുമോ എന്നെനിക്കു നിശ്ചയമില്ല. ഒരുപക്ഷെ, ഞാൻ ഇപ്പറഞ്ഞതു അറിഞ്ഞുകൊണ്ടു കരിഞ്ഞ തടികളുടെ അവശിഷ്ടങ്ങളെല്ലാം ഉടൻതന്നെ അവിടെനിന്നു മാറ്റപ്പെട്ടു എന്നുവരാം. യാതൊരു മുന്നറിവുംകൂടാതെ ഈ സ്ഥലങ്ങൾ പരിശോധിക്കുന്നപക്ഷം തടികൾ വെട്ടി നശിപ്പിച്ചിട്ടുള്ളതായും ചുട്ടകരിച്ചിട്ടുള്ളതായും കാണുവാൻ യാതൊരു പ്രയാസവുമില്ല. പാലോട്ടുനിന്നും വാമനപുരത്തേക്കുവരുന്ന റോഡിന്റെ ഇരുവശങ്ങളിലും പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ തടി നശിപ്പിച്ചിരിക്കുന്നതു ഇന്നും കാണാവുന്നതാണു്. ഇതുപോലെ അനവധി ഏക്കർസ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടല്ലൊ. ഈ സ്ഥലങ്ങളിലെല്ലാംകൂടി തടി നശിപ്പിച്ചുകൊണ്ടുമാത്രം വളരെ നഷ്ടം രാജ്യത്തിനു സംഭവിച്ചിട്ടുണ്ടു്. ഇത്രവളരെ നഷ്ടം സഹിച്ചതിന്റെ ഫലമെന്താണു്? ഇതിനു അനുസരണമായി ഈ രാജ്യത്തു നെല്ലു വഌിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ സമാധാനപ്പെടാമായിരുന്നു. അതുണ്ടായിട്ടില്ല. അതുപോലെ കായൽഭൂമിയും പതിച്ചുകൊടുത്തിട്ടുണ്ടു്. വലിയ വലിയ ബ്ലാക്കുകളായി പണക്കാർക്കുമാത്രം കിട്ടത്തക്ക വ്യവസ്ഥയിലാണു കായൽഭൂമി പതിച്ചുകൊടുക്കുന്നതെന്നു കേൾക്കുന്നു. എതായാലും അതിൽനിന്നും കൂടുതൽ ഭക്ഷ്യധാന്യം അടുത്തകാലത്തെങ്കും ഉണ്ടാകാൻ പോകുന്നില്ലെന്നു എനിക്കു ധൈര്യമായി പറയാൻ കഴിയും.

ഭക്ഷ്യധാന്യം വർദ്ധിപ്പിക്കുന്നതിന്റെ പേരിൽ ഗവൺമെന്റു വളരെയധികം പണം ചെലവാക്കുന്നുണ്ടു്. അതിനെപ്പറ്റി എന്തെല്ലാം ആക്ഷേപങ്ങളാണു് ഈ നാട്ടിലെ ജനങ്ങൾ സംസാരിക്കുന്നതെന്നുള്ളതു ഒരുപക്ഷെ ജനങ്ങളുമായി ഇപ്പോൾ വളരെ അകന്നുപോയിട്ടുള്ള ഇന്നത്തെ ഭരണാധികാരികൾക്കു അറിയുവാൻ കഴിഞ്ഞതില്ലെന്നുവരാം. കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കേണ്ട ഈ പണം കോൺഗ്രസിന്റെ പേരിലും കോൺഗ്രസിലെ യാതനയുടെ പേരിലും വിനിയോഗിക്കപ്പെടുന്നുവെന്നുള്ള ആക്ഷേപം നാടുനീളെ പരന്നിട്ടുണ്ടു്. ഈ ആക്ഷേപത്തെ ഇനിയും ഗവൺമെന്റു മാറ്റുന്നില്ലെങ്കിൽ ജനങ്ങൾക്കു ഈ ജനകീയഭരണത്തോടുള്ള വിശ്വാസംതന്നെ ഇല്ലാതെപോകും. ഒരു കൂട്ടർ ഇവിടെ വളരെ കഷ്ടപ്പെട്ടതിന്റെ ഫലമായിട്ടാണു് ഇവിടെ ഉത്തരവാദിതഭരണം ലഭിച്ചതെന്നുള്ളതു ശരിയായിരിക്കാം. പക്ഷെ, അതിനുശേഷം തങ്ങൾ അറിഞ്ഞോ, അറിയാതെയോ അനുഭവിച്ച യാതനകളുടെ പ്രതിഫലമായി ഈ രാജ്യത്തെ സാമാന്യജനങ്ങൾക്കുകൂടി ന്യായമായി അവകാശപ്പെടാവുന്ന വിഭവങ്ങൾ മാറിവെയ്ക്കുന്നതു ഒരിക്കലും ശരിയല്ല. ഇങ്ങനെ പോയാൽ ഇനിയൊരു കാലത്തു ഇനിയും യാതനക്കാർ ഉണ്ടായി എന്നുവരും. അവക്കും അവ

LIBRARY ARCHIVES Kerala Legislative Assembly

[Sri R. Sankar]

ടെ യത്നയുടെ പ്രതിഫലം പങ്കുവയ്ക്കുന്നതായിവരും. ഒടുവിൽ ജനങ്ങൾക്കു നൽകുവാൻ ഒന്നും ഉണ്ടായിരിക്കുകയില്ല. ആരെങ്കിലും എന്തെങ്കിലും രാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കുകയൊ കഷ്ടപ്പെടുകയൊ ചെയ്തിട്ടുണ്ടെങ്കിൽ നിസ്വാർത്ഥമായി സേവനം ചെയ്തിട്ടുണ്ടെങ്കിൽ, അതു പ്രതിഫലത്തെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ളതല്ലെന്നു ഗവൺമെൻറ മനസ്സിലാക്കണം. വളം വളരെ അധികം കൊടുക്കുന്നുണ്ട്. ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെയുള്ള ആക്ഷേപങ്ങൾ അതു സംബന്ധിച്ചും കേൾക്കുന്നുണ്ട്. വളം ഇവിടത്തെ ഗവൺമെൻറിന്റെ പ്രത്യേക താൽപര്യമുള്ള ഒരു കമ്പനിക്കു കൂട്ടുചേർക്കുവാനായി നൽകപ്പെടുന്നുവെന്നും, അവർ ചേർക്കുന്നതു വളത്തിനുപകരം വേറെ പലതുമാണെന്നും അതുകൊണ്ടു കൃഷിക്കാർക്കു ആ വളത്തിൽ വലിയ വിശ്വാസമില്ലെന്നും അങ്ങനെ ആ കമ്പനിക്കു ഭീമമായ ഒരു മാർഗ്ഗം ഗവൺമെൻറ് ഉണ്ടാക്കികൊടുക്കുന്നുവെന്നും ശരിയായോ തെറ്റായോ ആളുകൾ വിശ്വസിക്കുന്നുണ്ട്.

ഏതായിരുന്നാലും ഗവൺമെൻറ് ഈ വസ്തുത അറിഞ്ഞിരിക്കുന്നതെങ്കിലും നല്ലതു്, എന്നറിയാൻവേണ്ടി മാത്രമാണു ഞാൻ ഇതുയും സൂചിപ്പിച്ചതു്.

ഒന്നു രണ്ടു സംഗതികൾകൂടി സഭയുടെ ശ്രദ്ധയിൽ വിശദീകരിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, നമ്മുടെ രാജ്യത്തു കമ്പോസിറ്റ വളം നിർമ്മിക്കുന്നതിനായി ആയിരം അദ്ധ്യാപകന്മാരെ പരിശീലനം ചെയ്യിച്ചിരിക്കുന്നുവെന്നു രാജപ്രമുഖൻ തിരുമനസ്സിലെ അഡ്രസ്സിൽ കാണുന്നു. കമ്പോസിറ്റ വളം നിർമ്മിക്കുന്നതിനെപ്പറ്റി വിദ്യാസമ്പന്നരായ ഈ രാജ്യത്തെ പൊതുജനങ്ങൾക്കു അറിയാൻ പാടില്ലെന്നുള്ളതു ഒരും വിശ്വസിക്കുന്ന കാര്യമല്ല. ഡാക്ടർ കുഞ്ഞൻപിള്ള കൃഷി ഡിപ്പാർട്ടുമെൻറ മേധാവിയായിരുന്നപ്പോൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിൽ വളം നിർമ്മാണത്തെപ്പറ്റി വിശദപ്പെടുത്തിയിട്ടുള്ളതു് വളരെ മുൻപുതന്നെ നാം എല്ലാവരും വായിച്ചിട്ടുള്ളതാണു്. അതിൽ കൂടുതലായി ഇപ്പോഴത്തെ പരിശീലനംകൊണ്ടു ഒന്നും ഉണ്ടാകാൻ പോകുന്നില്ലതാനും. ക്ഷീരസംവർദ്ധന പദ്ധതിയിലെ ഉദ്യോഗസ്ഥന്മാർ ഈയിടെ അത്ഭുതാവഹമായ മറ്റൊരു സംഗതി കണ്ടുപിടിക്കുകയുണ്ടായി. അതായതു് ഒരാളിന്റെ ഒരാണ്ടത്തെ മൂത്രം മുഴുവനും എടുത്താൽ അതിൽ എട്ടുരൂപയുടെ വളം വരുമെന്നാണു്. ഇതൊരു വലിയ കണ്ടുപിടിത്തംതന്നെയാണു്. ഏകദേശം ഈയിനത്തിൽനിന്നും ഭീമമായ ഒരു സംഖ്യ ഗവൺമെൻറിനു് വരവുണ്ടാകുമെന്നാണു് എനിക്കു തോന്നുന്നതു്. കാരണം ഒരാളിന്റെ ഒരണ്ടത്തെ മൂത്രത്തിൽനിന്നും എട്ടുരൂപാ കിട്ടുമെങ്കിൽ കൊച്ചി തിരുവിതാംകൂർ സംസ്ഥാനത്തുള്ള ഏകദേശം എൺപത്തിയഞ്ചുലക്ഷം ജനങ്ങളുടെ മൂത്രത്തിൽനിന്നും കിട്ടുന്ന സംഖ്യ എന്തായിരിക്കുമെന്നു കണക്കുകൂട്ടിയാൽ അറിയാം. എതായാലും ഈ വിദ്യ കണ്ടുപിടിച്ച മഹാൻ അദ്ദേഹത്തിന്റെ ഒരു മാസത്തെ മൂത്രമെങ്കിലും എടുത്തു വളത്തിനായി ഉപയോഗിക്കുന്നുണ്ടോയെന്നുള്ളതു ഒന്നു അന്വേഷിച്ചു അറിയേണ്ടിയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിലേക്കു അനാവശ്യമായി ധാരാളം പണം ആണ്ടുതോറും ചെലവാകുന്നുണ്ടെന്നുള്ളതു എല്ലാവർക്കും അറിയാം. മറ്റൊരു കാര്യം സംസ്ഥാനത്തുള്ള നെൽകൃഷിയെ സംബന്ധിച്ചതാണു്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഏട്ടുലക്ഷം ഏക്കർ സ്ഥലം മുൻപുതന്നെ നെൽകൃഷിക്കുവേണ്ടി നീക്കിവെച്ചിരിക്കുകയാണു്. ശാസ്ത്രീയമായ രീതിയിൽ ഈ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നപക്ഷം ഒരു പറ നിലത്തിനു പത്തുപറ വിളവുവീതം കിട്ടുമെന്നുള്ളതു് ആർക്കും അറിയാവുന്ന ഒരു കാര്യമാണു്. അതില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ ഒരേക്കർ സ്ഥലത്തുനിന്നും ശരാശരി പത്തുപറനെല്ലുവീതം കിട്ടിയാൽതന്നെയും വരുംലക്ഷപ്പറനെല്ല് വിളയിച്ചെടുക്കാം. അതായത് എട്ടുകോടിപ്പറ നെല്ല് നമുക്കുണ്ടാക്കാം ഇങ്ങനെ ഉണ്ടാക്കുന്ന നെല്ലിൽനിന്നും ഇരുപത്തഞ്ചോ ശതമാനം കർഷകർക്കു കൊടുത്തിരുന്നുവെങ്കിൽ കൃഷിയിൽ അവർക്ക് ഉത്സാഹവും സന്തോഷവും ഉണ്ടാകുമായിരുന്നു. ഇതൊരുമറിച്ച് ഗവൺമെണ്ടു വളരെ വില കുറച്ചു കർഷകരിൽനിന്നും നിർബന്ധമായി നെല്ലെടുക്കുവാൻ തുടങ്ങിയതോടുകൂടി അവർ ഈ കൃഷിയിൽ വളരെ അലസത കാണിക്കുകയും മറ്റു ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനു ഇഷ്ടപ്പെടുകയുമാണു ചെയ്തുവരുന്നത്. സംഭരണകായ്ത്തിൽ വളരെ കർശനമായ നടപടികൾ ഗവൺമെണ്ടു സ്വീകരിച്ചിരിക്കുന്നു. പാവപ്പെട്ട കർഷകർക്ക് തൻമൂലം പല കഷ്ടനഷ്ടങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. സംഭരണകായ്ത്തെപ്പറ്റിയാണെങ്കിൽ തിരുവിതാംകൂറിനുക്കാൾ കായ്ക്ഷമമായവിധത്തിൽ കൊച്ചിയിൽ സംഭരണം നടത്തുന്നുണ്ടെന്നു പരക്കെ ഒരു ധാരണയുണ്ട്. കണക്കുകൊണ്ടു കാണുന്നതു കൊച്ചി കായ്ക്ഷമമായി ഈ വിഷയത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ്. അതു ഞാനും സമ്മതിക്കുന്നു. പക്ഷെ തിരുവിതാംകൂറിൽ ഇതിനുമുൻപു വല്ല കായ്ക്ഷമതയും ഉണ്ടായിരുന്നുവെങ്കിൽ അതു കൊച്ചിയോടുകൂടി സംയോജിച്ചതിനുശേഷം ഇല്ലാതായിത്തീർന്നിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നതു്. അതല്ല, കൊച്ചിയിലാണു കായ്ക്ഷമത കൂടുതൽ എന്നു പറയുന്നതെങ്കിൽ അതു തിരുവിതാംകൂറിലേക്കും ഒന്നു പകർന്നാൽ കൊള്ളാം. അങ്ങനെയാണെങ്കിൽ കൊച്ചിയിലെ സംഭരണരീതിതന്നെ ഇവിടെയും അനുഷ്ഠിക്കുന്നതു നന്നായിരിക്കും. എങ്ങനെയായാലും കർഷകരെ കഷ്ടപ്പെടുത്താതേയും വിഷമപ്പെടുത്താതേയും ഉള്ള തരത്തിൽ സംഭരണം ചെയ്യുകയാണെങ്കിൽ നെൽകൃഷിയിൽ നമ്മുടെ സംസ്ഥാനത്തു ഇന്നത്തെക്കാൾ വളരെ കൂടുതലായ തരത്തിൽ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതു തർക്കമറ്റ സംഗതിയാണ്. കർഷകർക്ക് ആവശ്യമായ വളം വിതരണംചെയ്യുകയൊ, വേണ്ടിവന്നാൽ കടമായി ധനസഹായം ചെയ്യുകയോ ഒന്നുംതന്നെ ശരിയായ വിധത്തിൽ നമ്മുടെ ഗവൺമെണ്ടു പ്രവർത്തിക്കുന്നില്ലെന്നുള്ളതു പരിതാപകരമാണ്. നമ്മുടെ സംസ്ഥാനത്തു കടുംകൃഷിയും നെടുംകൃഷിയും ചെയ്യിട്ടും ഇന്നത്തെ അവസ്ഥയിൽ മുക്കാൽ ലക്ഷപ്പറ നെല്ലു മാത്രമേ നമുക്കു സംഭരിക്കാൻ കഴിയുന്നുള്ളൂ. അഞ്ചുകോടിപ്പറ നെല്ലു ഒരാണ്ടിൽ ആവശ്യമുള്ള ഈ രാജ്യത്തു ഈ സംഭരണം കൊണ്ടു കഷ്ടിച്ചു രണ്ടു മാസത്തേക്കു മാത്രമേ തികയുന്നുള്ളൂ. രാജ്യത്തു വനംകൃഷിയുണ്ട്, കായൽകൃഷിയുണ്ട്, നിലംകൃഷിയുമുണ്ട്. എന്നാലും ആഹാരസാധനം വെളിയിൽനിന്നും വരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഈ കായ്ത്തിനുവേണ്ടി വളരെ വിലക്കൂടുതൽ കൊടുത്തു് ഗവൺമെണ്ടു യു. പി. യിൽനിന്നും, സി. പി. യിൽനിന്നും മറ്റും അരി വരുത്തി അതിനേക്കാൾ കൂടുതൽ വിലയ്ക്കു വിതരണം ചെയ്യുന്നു. ഇവയ്ക്കുവേണ്ടി ഗവൺമെണ്ടു വിനിയോഗിക്കുന്ന ധനത്തിൽനിന്നും കുറച്ചുഭാഗമെങ്കിലും നാട്ടിൽ നെൽകൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ നാം പ്രതീക്ഷിക്കുന്നതിൽ കൂടുതൽ വിളവു വർദ്ധിക്കുമായിരുന്നു. ഇൻഡ്യയുടെ പ്രധാന അംശമായ ഈ രാജ്യത്തു റേഷൻ എട്ട് ഔൺസായിരിക്കുമ്പോൾ, ഇൻഡ്യയുടെ മറ്റൊരു വിഭാഗമായ യു. പി. യിൽ റേഷൻ പതിനാറു ഔൺസാണ്. നമ്മുടെ എട്ട് ഔൺസിൽതന്നെ ഇരുപത് ഔൺസ് അരിയും രണ്ട് ഔൺസു മറ്റു ധാന്യങ്ങളുമാണ്. ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചിടത്തോളം മിച്ചം ഉണ്ടാക്കുന്ന ഒരു രാജ്യമാണു യു. പി. അതുപോലെതന്നെ സി. പി. യും. ഇങ്ങനെയിരിക്കെ നമ്മുടെ സംസ്ഥാനത്തു മാത്രം റേഷൻ ഇത്രവളരെ കുറവുവരുത്തി

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Sankar]

യതിനു അധികാരപൂർവ്വം ഇൻഡ്യാഗവ മ്മെണ്ടിനോട് നിവേദനം നടത്തി പരിഹാരം നേടാത്തതു നമ്മുടെ മന്ത്രിമാരുടെ ദുർബ്ബലതയാണെന്നതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ഭക്ഷണകാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടുമായി ഇടപെടാൻ തക്ക തന്റേടമില്ലെങ്കിൽ മന്ത്രിപദം രാജിവെച്ചാലും ഈ ഘട്ടത്തിൽ തരക്കേടില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഒരു നല്ലകാര്യത്തിനുവേണ്ടി ത്യാഗവും ക്ലേശവും അനുഭവിക്കുകയും തൻമൂലം പരാജയപ്പെട്ട രാജിവയ്ക്കുകയും ചെയ്താൽ ആ കാരണത്താൽ വിണ്ടും ഞങ്ങൾ നിങ്ങളെത്തന്നെ തിരഞ്ഞെടുക്കുന്നതായിരിക്കും. എനിക്കു ഒന്നരണ്ടു കാര്യങ്ങൾകൂടി സംസാരിക്കണമെന്നുണ്ടു്, സമയമില്ല. അതുകൊണ്ടു് അല്പസമയംകൂടി അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: The Member's time is up.

ശ്രീ. ആർ ശങ്കർ: ഒരു വാക്കുകൂടി പറഞ്ഞിട്ടു എന്റെ പ്രസംഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. സർ, ഒരു വ്യത്യസ്തരീതിയിലാണു കഴിഞ്ഞ കാലങ്ങളിൽ തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻ വിതരണം നടത്തപ്പെട്ടിട്ടുള്ളതു്. ഈ വ്യത്യാസം വന്നതു ട്രാൻസ്പോർട്ടിന്റെ അസൌകര്യം നിമിത്തമാണെന്നു പറയപ്പെട്ടുവെയിരിക്കാം. എന്നാൽ ട്രാൻസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ മറ്റെങ്ങുമില്ലാത്ത സൌകര്യമാണു് ഇന്നു തിരുവിതാംകൂറിലുള്ളതു്. അങ്ങനെയാണെങ്കിൽ ഭക്ഷണസാധനവിതരണത്തിൽ സാമാന്യമായ വ്യത്യാസങ്ങൾ വരുത്തുന്നതു ന്യായീതിയല്ലെ? മറ്റൊരു കാര്യം, ഏതു രാജ്യത്തും നിലവിലിരിക്കുന്ന ഗവമ്മെണ്ടിന്റെ പ്രാഥമിക കർത്തവ്യമാണു് ലാ ആൻറ് ആർഡർ. അതായതു ആളുകളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടതു അതാതു ഗവമ്മെണ്ടുകളുടെ കടമയാണു്. രണ്ടുമൂന്നു മാസങ്ങൾക്കുമുമ്പു് ഈ രാജ്യത്തുള്ള ഭ്രരിപക്ഷ ജനവിഭാഗത്തിന്റെ വകയായ ശബരിമല ക്ഷേത്രം തീവച്ചു നശിപ്പിച്ചു. മാത്രമല്ല, ബിംബം തല്ലിപ്പൊളിക്കുകയുംചെയ്തു. ഈ കാര്യം രാജ്യമൊട്ടാകെ പരന്നു. തൽഫലമായി ചീഫ് മന്ത്രിയും സഹമന്ത്രിയും അന്വേഷണത്തിനായി വെമ്പൽകൊണ്ടു അന്വേഷണവും നടത്തി. പക്ഷെ കുറ്റം ചെയ്തവരിൽ ഒരുത്തനേയും ഇതുവരെ പിടികിട്ടിയിട്ടില്ല. അങ്ങനെയിരിക്കെ, ഒരുത്തനെ പിടികിട്ടുകയും അവനെ എങ്ങിനേയോ എന്തോ ജാമ്യത്തിൽ വിടുകയും ചെയ്തു. ഇത്രവലിയ ഒരു അപരാധം രാജ്യത്തു, വിശേഷിച്ചും, തിരുവിതാംകൂർ രാജ്യത്തുണ്ടായിട്ടു ഒരുത്തനേയും കണ്ടുപിടിക്കാത്തതു മന്ത്രിമാരുടെ കർശനമായ അന്വേഷണംകൊണ്ടായിരിക്കാം എന്നു ഞാൻ വിചാരിക്കുന്നു. അന്വേഷിക്കാൻ പോയിരുന്ന ചീഫ് മന്ത്രി ഒരു വ്യക്തിക്കാരനാണെന്നും അദ്ദേഹത്തിന്റെ അന്വേഷണത്തിൽ യാതൊരു തെളിവും ശേഖരിക്കാൻ സാധിക്കയില്ലെന്നും എന്നോടു പലരും പറയുകയുണ്ടായി. കാര്യം യഥാർത്ഥവുതന്നെ. സമയച്ചുരുക്കംകൊണ്ടു് ഇതിനെപ്പറ്റി അധികമൊന്നും പറയുന്നില്ല. എനിക്കു മറ്റൊരു സംഗതി പറയാനുള്ളതെന്തെന്നാൽ നമ്മുടെ സംസ്ഥാനത്തു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം കുറച്ചുകാലത്തിനുമുൻപു നിയമവിരുദ്ധമായി പ്രഖ്യാപനം ചെയ്തു. സകല പത്രങ്ങളിലും ആ വിവരം പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിനെ തുടർന്നു പല തൊഴിലാളിസംഘടനകളും നിയമവിരുദ്ധമാക്കി. ഈ ഒരൊറ്റ കാരണത്താൽ തൊഴിലാളിലോകത്തിനു തൊഴിൽപരമായി പല കുഴപ്പങ്ങളും ഉണ്ടാക്കാൻകഴിഞ്ഞു; ഇന്നും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു. തൊഴിലാളി സംഘടന രാജ്യത്തു എത്രത്തോളം ആവശ്യമാണെന്നു ഗവമ്മെണ്ടു അല്പംപോലും ചിന്തിക്കാതെ ഈ സംഘടനകളെ നിയമവിരുദ്ധമാക്കിയതു്

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ മനുക്കുടി കഴപ്പത്തിലേക്ക് വലിച്ചിടുകയാണ ചെയ്തിരിക്കുന്നതെന്ന പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. P. C. George : I move the following amendment:

Add the following after the word "Assembly":

"but sorry that the Government could not prevent the recent food crisis in the State and that the Government is unable to take adequate steps to protect the health and lives of the people".

ശ്രീ. സി. വി. ജയ്: എന്റെ ഭേദഗതിയുടെ പ്രഥമവും പ്രധാനവുമായ ഭാഗം അടങ്ങിയ സംഗതികൾ ബഹുമാനപ്പെട്ട സ്പീക്കർ അവർകൾ തള്ളിക്കളയാൻ ഇടയായതു് എനിക്ക് ഖേദം ചെയ്യാൻ പാടില്ലെന്നുള്ളതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും പ്രസ്താവിക്കുന്നില്ല. ഇവിടെ എന്റെ സ്നേഹിതന്മാർ മുമ്പ് പുറപ്പെടുവിച്ച പല ആക്ഷേപങ്ങൾക്കും ഏകമറുപടി അതായിരുന്നു. ഇപ്പോൾ അതിനെപ്പറ്റി കൂടുതലായി പ്രസ്താവിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ നിർവ്യാജം വ്യസനിക്കുകയല്ലാതെ ഗത്യന്തരമില്ല.

രണ്ടാമത്തേതിൽ ഞാൻ വിവക്ഷിച്ചിട്ടുള്ളതു് കൊച്ചിയിലെ ജനങ്ങളേയും കൊച്ചിയിലെ ഡിപ്പാർട്ട്മെന്റിലുള്ള ഉദ്യോഗസ്ഥന്മാരേയും അവരുടെ ഭാവിയേയും എങ്ങനെ ബാധിക്കും എന്നുള്ളതിനെപ്പറ്റി അതായതു് അവരുടെ അച്ചടക്കനിബന്ധന, അവരുടെ ഔദ്യോഗികപ്രവർത്തനം ജീവിതം മുതലായ കാര്യങ്ങളിൽ വേണ്ടിടത്തോളം രക്ഷാവ്യവസ്ഥ ഉണ്ടായിരിക്കുന്നതാണെന്നും മറവും രാജപ്രമുഖൻ തിരുമനസ്സിയുടെ പ്രസംഗത്തിൽ ഇല്ലാത്തതു് ഏറ്റവും വ്യസനകരമായ ഒരവസ്ഥയാണു്. ഇതിനെ ആസ്പദിച്ചും പ്രധാനമായും ഭേദഗതി ചെയ്യേണ്ടതാണു്.

കർഷകരെക്കുറിച്ചാണെങ്കിൽ നെല്ലുവിലയുടെ കാര്യത്തിൽ കൊച്ചിയിലെ കർഷകർ ഒരുവിധം മുട്ടനം അനുഭവിക്കുന്നുണ്ടു് എന്നു പറയാതെ നിവൃത്തിയില്ല. തിരുവിതാംകൂറിൽ ഒരു ശ്രുപ പത്തു മൂന്നണ ഒരുപറ നെല്ലിനു വില കൊടുക്കുമ്പോൾ കൊച്ചിയിൽ കർഷകനല്ലാത്ത നിലമുടമസ്ഥനു് പറക്കു് ഒരു ശ്രുപ പത്തണയും കർഷകൻ കൂടിയായ അതായതു് കൃഷിചെയ്യുന്ന ഉടമസ്ഥനു് ഗവൺമെന്റിനു് നേരിട്ടു നെല്ലു കൊടുക്കുന്നപക്ഷം രണ്ടണ ബോണസ്സും കൊടുക്കുകയാണ ചെയ്യുന്നതു്. ഇങ്ങനെ നോക്കുകയാണെങ്കിൽ തിരുവിതാംകൂറിനെ അപേക്ഷിച്ചു് കൊച്ചിയിലെ കർഷകൻ വിലയുടെ കാര്യത്തിൽതന്നെ വലിയ നഷ്ടം അനുഭവിക്കുകയാണു് എന്നുള്ളതു് കാണാൻകഴിയും. നെല്ലെടുപ്പിനെ സംബന്ധിച്ചാണെങ്കിൽ കൊച്ചിയിൽ ഒരുവിധത്തിൽ നടത്തുക, തിരുവിതാംകൂറിൽ വേറൊരു വിധത്തിൽ നടത്തുക ഇങ്ങനെയാണു് നടക്കുന്നതു്. ഫർൺ-നശേഷവും തിരുവിതാംകൂറിൽ പ്രൊക്യൂവർമെന്റ് ശരിപ്പെടുത്തിക്കൊണ്ടുവരാൻ സാധിക്കാതെ വന്നിട്ടുള്ളതു് ഭക്ഷ്യവകുപ്പുമന്ത്രിയുടെ കാര്യക്ഷമതക്കുറവുകൊണ്ടുതന്നെയാണെന്നാണു് ഞാൻ പറയുന്നതു്. തിരുവിതാംകൂറിൽ വേണ്ടവണ്ണം നെല്ലെടുപ്പു് നടത്താതെ തിരുവിതാംകൂറിലെ കർഷകനു് കരിഞ്ഞന്ത നടത്തുവാനുള്ള സൗകര്യം കൊടുക്കുകയും അതേസമയത്തിൽ സ്വന്തരാജ്യക്കാരായ കൊച്ചീക്കാരുടെ പക്കൽനിന്നും ഉള്ളതെല്ലെല്ലാം തട്ടിപ്പറിച്ചു് എടുത്തുകൊണ്ടുപോകുകയുംചെയ്യുന്നതു് അദ്ദേഹത്തിന്റെ കാര്യശേഷിക്കുറവുകൊണ്ടുള്ള സ്വജനപക്ഷപാതംതന്നെയാണു്. കോൺഗ്രസ്സിൽപ്പെടാത്ത ഓരമെമ്പരായ ഞാൻ ഉൾപ്പെടെയുള്ള തലപ്പിള്ളി താലൂക്കിലെ ഫുഡ് കമ്മിറ്റി ഒരു റസല്യൂഷൻ പാസാക്കി അയച്ചിട്ടുണ്ടു്; അതായതു് കൊച്ചിയിൽ അന്യായമായിട്ടടക്കുന്ന നെല്ലു് അവർക്കു് തിരിയെ കൊടുക്കണമെന്നും കൊച്ചിയിൽനിന്നും എടുക്കുന്ന നെല്ലോ അരിയോ തിരുവിതാംകൂറിലേക്കു കൊണ്ടുപോകരുതെന്നും ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടു്. ഏതാനും ആഴ്ച മുമ്പുണ്ടായ, ബഹുമാനപ്പെട്ട മെംബർ മി. താണുപി

LIBRARY ARCHIVES Kerala Legislative Assembly

[Sri C. V. Iyyu]

ള്ളയുടെ പത്രപ്രസ്താവനയിൽ തിരുവിതാംകൂറിൽ ജനത പട്ടിണി കിടക്കുകയും അതേസമയം കൊച്ചിയിൽ ജനങ്ങളെല്ലാം സുഖമായി ക്ഷേണം കഴിക്കുകയും ഞ ണെന്നു പറഞ്ഞിരുന്നു എന്നു്. അദ്ദേഹത്തിന്റെ പത്രപ്രസ്താവന അതേപടി ഞ ങ്ങൾ സ്വീകരിക്കുവാൻ തയ്യാറില്ല. ഈ പ്രസ്താവനയെ ഭയപ്പെട്ടുകൊണ്ടാണു് അതായതു് ഇങ്ങനെ കൊച്ചീക്കാരനായ ഭക്ഷ്യവകുപ്പുമന്ത്രി കൊച്ചിക്കാക്കു് ഉപ ദ്രവകരമായ ഒരു നില തുടരുന്നതെന്നാണു് എനിക്കു തോന്നുന്നതു്. ഒരുകാര്യം പ റഞ്ഞേ മതിയാവൂ. കൊച്ചിയിലെ നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാർ, പോലീസു ദ്യോഗസ്ഥന്മാർ മുതലായവർ നെൽകൃഷിക്കാക്കു്, നിലമുടമസ്ഥന്മാക്കു് എന്തു നഷ്ടം നേരിട്ടാലും അവിടത്തെ ജനങ്ങൾ സുഖമായി കഴിയണമെന്നുള്ള ഉദ്ദേശ ത്തിൽ അവരുടെ കൃത്യങ്ങൾ ഭംഗിയായി നിർവഹിക്കുന്നുണ്ടെന്നുള്ള കാര്യ ത്തിൽ അവരെ എത്ര പുകഴ്ത്തിയാലും മതിയാകുന്നതല്ല. ഇങ്ങനെയൊക്കെ യാണെങ്കിലും കൊച്ചിയിലെ കർഷകൻ യാതൊരു കുഴപ്പവും ഉണ്ടാക്കുന്നില്ല. മിസ്റ്റർ ആർ. കെ റാം ആണെന്നു തോന്നുന്നു സിവിൽ സപ്ലൈസു് കമ്മീഷ ണരുടെ അടുത്ത ചാർച്ചക്കാരാണു് കൊച്ചിയിലെ സിവിൽ സപ്ലൈസു് ഡിപ്പാ ർട്ടുമെന്റിൽ അധികവും ഉദ്യോഗത്തിൽ ഉള്ളതെന്നും മറ്റും പറയുകയുണ്ടായി. സിവിൽ സപ്ലൈസു് ഡിപ്പാർട്ടുമെന്റിൽ അദ്ദേഹത്തിന്റെ ചാർച്ചക്കാരായി ആരുമില്ലെന്നു മാത്രമല്ല ഈ ഗവണ്മെന്റിന്റെ പബ്ലിക്കുസപ്ലൈസിൽതന്നെ ഇപ്പോൾ അദ്ദേഹത്തിന്റെ ചാർച്ചക്കാരായി ആരെങ്കിലും ഉണ്ടായിരിക്കുമോ എന്നു സംശയ മാണു്. മലബാറിലും കൊച്ചിയിലും ഉള്ള നെല്ലു് തിരുവിതാംകൂറിലേക്കു് സ്മഗിൾ ചെയ്തുകൊണ്ടുവരുന്നതു് നിർത്താൻ ഇവിടത്തെ ഉദ്യോഗസ്ഥന്മാക്കു് നിവർത്തിയില്ല. ഇതൊക്കെ കൊണ്ടാണു് കൊച്ചി–തിരുവിതാംകൂർ സംയോ ജനം കൊച്ചിക്കാക്കു് ദോഷമാണെന്നു് ഞാൻ പറയുന്നതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ : അപ്പോൾ കൊച്ചിയിൽ പ്രൊക്യുവർമെന്റ ശരിയല്ല അല്ലേ?

ശ്രീ. സി. വി. ഇയ്യു: ശരിയായും ഉണ്ടു്. കൊച്ചിയിൽ അവിടത്തെ കൃഷിക്കാരെ മുഷണം ചെയ്തു നെല്ലു് എടുക്കുകയാണു് ചെയ്യുന്നതു്. അപ്പോ ലെ ധാരാളം നെല്ലു് തിരുവിതാംകൂറിൽനിന്നും എടുക്കുവാൻ ഇവിടത്തെ നെ ല്ലെടുപ്പു് ഉദ്യോഗസ്ഥന്മാക്കു് ചെയ്യാൻ ധൈര്യമില്ല. എന്നിട്ടും പാവങ്ങള ടെ കാര്യം പറയുന്നതിനുവേണ്ടി എന്നു പറഞ്ഞുകൊണ്ടു് ഇവിടത്തെ നേതാക്ക ന്മാർ കൊച്ചിക്കാക്കു് ധാരാളം നെല്ലു് കിട്ടുന്നു എന്നും മറ്റുമാണു് ബഹളംകൂട്ടുന്നതു്. കൊച്ചിയിൽ നെല്ലു് എടുക്കുന്നമാതിരി തിരുവിതാംകൂറിൽ നിന്നും എടുത്തേ മതിയാവൂ. അതിനു് കക്ഷിവ്യത്യാസം കൂടാതെ ഈ സഭാംഗങ്ങൾ ഗവണ്മെന്റുമായി സഹകരിക്കണം.

ശ്രീ. പി. എം. വർഗ്ഗീസു് : കൊച്ചിയിൽ മുൻപു ഈ കാര്യങ്ങളിലെല്ലാം ശരിയായി നടന്നിരുന്നോ?

ശ്രീ. സി. വി. ഇയ്യു : സംയോജനത്തിനുമുമ്പു് ശരിക്കുതന്നെ നടന്നിരുന്നു. സംയോജനത്തിനുശേഷം താഴമാറായിതന്നെ കിടക്കുകയാണു്. ഒരുകാലത്തും ഇതു ശരിയാവുകയില്ലെന്നുള്ള വിശ്വാസക്കാരനാണു ഞാൻ.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : കൊച്ചി ഒരു deficit area-ആണോ അതോ Surplus area-യോ?

ശ്രീ. സി. വി. ഇയ്യു : deficit area തന്നെ. എന്നാൽ തിരുവിതാംകൂറി നെപ്പോലെ അത്ര deficit അല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പട്ടം എ. താണുപിള്ള : ജനസംഖ്യാനുപാതികമായി നോക്കിയാൽ കൊച്ചിക്ക് കൂടുതൽ അരി കിട്ടുന്നുണ്ടോ അതോ തിരുവിതാംകൂറിനു് കൂടുതൽ കിട്ടുന്നുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. സി. വി. ഇയ്യു : കൊച്ചിക്കാണു് കൂടുതൽ കിട്ടുന്നതെന്നു് അറിയാം. വളരെകാര്യക്ഷമമായ രീതിയിൽ ഞങ്ങളിൽനിന്നു എടുക്കുന്ന നെല്ലു് ഞങ്ങൾക്കുതന്നെതിരിയെ കിട്ടുന്നു എന്നുള്ളതു് വാസ്തവമാണു്. ഞങ്ങൾ കൂടുതൽ നെല്ലു് കൊടുക്കുന്നു; കൂടുതൽ അരി ഞങ്ങൾക്കു് കിട്ടുന്നു. ഇവിടെ നെല്ലു് മഴവൻ എടുക്കുന്നില്ല. അതുകൊണ്ടാണു് കൂടുതൽ കിട്ടാത്തതു്. ഇതിനുമുൻപു് സംസാരിച്ച ഒരു മെമ്പരുടെ ഒരു പ്രമേയം വായിച്ചുനോക്കിയപ്പോൾ മനസ്സിലായതു് രാമയ്യൻദളവ കൊച്ചിയെ കീഴടക്കുവാൻ നോക്കിയതു് ടി. കെ. നാരായണപിള്ള സാധിപ്പിച്ചു എന്നുള്ളതാണു്. ഇങ്ങനെ ദുരിതപൂർണ്ണമായ ഒരവസ്ഥയിലേക്കു് സാധുക്കളായ കൊച്ചിക്കാരായ ഞങ്ങളെ തള്ളിവിട്ട കൊച്ചിമന്ത്രിമാർതന്നെയല്ല—അവരുടെ താവിതലമുറയുടെയും സന്താന പരമ്പരയും എല്ലാം തുലഞ്ഞു പോകട്ടെ എന്നു ശപിക്കുകയാണു് കൊച്ചിയിലെ ജനങ്ങൾ ചെയ്യുന്നതു്. എതായാലും ഇനി ഞങ്ങൾക്കു് കൊച്ചിക്കാരായ മന്ത്രിമാരെ വേണ്ട എന്നുള്ള നിലയിൽ ഞങ്ങൾ എത്തിയിരിക്കുകയാണു്. കുറച്ചുമുമ്പെ മി. ഇക്കണ്ടവാര്യർ ഈ സഭയിൽനിന്നു പോലും പോയി. ഇവിടെ ഞങ്ങൾക്കുള്ള മന്ത്രി മലയായിലേക്കോ മറേറാ പോയി കഴിഞ്ഞാൽപിന്നെ മന്ത്രിമാർ കൊച്ചിയിൽനിന്നും ഉണ്ടാകുകയില്ല. ശ്രീ. ഇക്കണ്ടവാരിയരെക്കൊണ്ടു് രാജി വെപ്പിച്ചിട്ടുള്ള സൂത്രവും കൂടി അതാണു്.

ഈ ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങളിൽ പലരും പല വിഷയങ്ങളെ സംബന്ധിച്ചും ഇവിടെ എനിക്കു മുമ്പായി പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അവയ്ക്കു് ഓരോന്നിനും വെവ്വേറെയായി മറുപടി പറയുവാൻ എനിക്കു നിവൃത്തിയില്ല. പൊതുവെ പറയുകയാണെങ്കിൽ ഒരു അരക്ഷിതാവസ്ഥയാണു് അകപ്പാടെ ഈ രാജ്യത്തിന്റെ വടക്കുഭാഗത്തുള്ള ജനങ്ങൾക്കുണ്ടായിട്ടുള്ളതു്. അത്തരമൊരു അരക്ഷിതാവസ്ഥ തെക്കുഭാഗത്തുള്ള ജനങ്ങളെ സംബന്ധിടത്തോളം വന്നിട്ടില്ല. ശബരിമലക്ഷേത്രം കത്തിപ്പോയതിനെ സംബന്ധിച്ചു് നിയമപ്രകാരം വേണ്ടപോലെയുള്ള അന്വേഷണം നടത്തേണ്ടതു് ആവശ്യമാണു്. ഹിന്ദുക്ഷേത്രം കത്തിപ്പോകാൻ കാരണക്കാർ അഹിന്ദുക്കളാണെന്നുള്ള ഒരു ധാരണയാണു് പൊതുവെയുള്ളതു്. ഞാൻ താമസിക്കുന്ന ദിക്കിലും മലബാറിലെ ചില താലൂക്കുകളിലും ഹിന്ദുക്കളുടെ ദേവാലയങ്ങളും ക്രൈസ്തവാനികളുടെ പള്ളികളും ഇതിനുമുമ്പു പലപ്പോഴും കത്തിപ്പോയിട്ടുണ്ടു്. പക്ഷെ അതിനു വേറെ ചില താൽപര്യങ്ങളുണ്ടായിരുന്നിരിക്കാം. എങ്കിലും—

Mr. Speaker : That is not covered by the scope of your amendment. Your mendment reads.

"but regret that the Address did not contain suggestions as to the ways and means for the people of Cochin to secede from this State and merge in Madras State or assurance to the people and the Government servants of the erstwhile Cochin State that their interests will not be overlooked because of the overwhelming influence of the people in the erstwhile Travancore area."

Sri. C. V. Iyyu : Sir. it is in the interest of the people there I say so.

Mr. Speaker : That is not correct.

Sri. C. V. Iyyu : My point is that because of the insecurity in Travancore, Cochin should be separated. I also represent the people who are devotees of Lord Sabarimala Ayyappa Swami too—not only Hindus even non-Hindus of my area are diffident about the future of their places of worship.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: That kind of argument must stop.

ശ്രീ. സി. വി. ഇയ്യു: എതായാലും ഞാൻ പ്രതിനിധീകരിക്കുന്ന സാല ത്തെ ജനങ്ങൾക്കെല്ലാം ഏറ്റവും മനോവേദനയുണ്ടാക്കിയിട്ടുള്ള ഒരു വിഷയമാ ണു് ശബരിമല തീ പിടിത്തം. അതിനു് ശരിയായ അന്വേഷണം നടത്തി തെളിവുണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതു് എന്റെയും ഞാൻ പ്രതിനിധീകരിക്കുന്ന സാലത്തെ ജനവിഭാഗത്തിന്റെയും അഭിപ്രായത്തിൽ ഗവ മ്മെണ്ടു് ചെയ്യേണ്ട വളരെ അത്യാവശ്യമായ ഒരു സംഗതിയാണു്. ഇപ്രകാര മുള്ള ഒരു അരക്ഷിതാവസ്ഥ രാജ്യത്തു പൊതുവെ ഉണ്ടായിട്ടുള്ളതു് വാസ്തവത്തിൽ സംയോജനത്തിന്റെ ഫലമാണു്. അതുകൊണ്ടു് ജനങ്ങൾക്കുള്ള കമ്മ്യൂണിസം ശരിയായി നിയന്ത്രിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണെന്നും, അതുവേണ്ട വിധം ചെയ്യേണ്ടതാണെന്നും ഗവമ്മെണ്ടിനെ ഈ അവസരത്തിൽ ചൂണ്ടിക്കാ ണിക്കേണ്ടതു് ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

ഇവിടെ വളരെയധികം ഒച്ചപ്പാടുണ്ടാക്കിവിട്ടുള്ള ഒരു വിഷയമാണു് സപ്ലീസു് സംയോജനം. സിക്രട്ടറിയേറ്റിനെ സംബന്ധിച്ചു നോക്കിയാൽ ശ്രീമാൻ താണുപിള്ള പറഞ്ഞതുപോലെ ഇവിടെ രണ്ടു സിക്രട്ടറിയേറ്റുണ്ടെന്നു ള്ളതിനെ നിഷേധിക്കുവാൻ നിവൃത്തിയില്ല. എന്നാൽ കൊച്ചിയും തിരുവിതാം കൂറും രണ്ടും രണ്ടു വിഭാഗമല്ലെന്നും മറ്റും പലപ്പോഴും അധികാരത്തിലിരിക്കുന്ന കക്ഷിയും മറ്റു കക്ഷികളും നിയമസഭാംഗങ്ങളിൽ പലരും പല സ്ഥലങ്ങളിലും പ്രസംഗിച്ചിട്ടുള്ളതായി പത്രങ്ങളിൽനിന്നും കാണുവാൻ കഴിഞ്ഞിട്ടുണ്ടു്. നേരെ മറിച്ചു് ഇപ്പോഴും തിരുവിതാംകൂറും കൊച്ചിയും രണ്ടും രണ്ടായിതന്നെയിരിക്കണ മെന്നു ശഠിക്കുന്ന ഒരു തരം "കൊള്ളരുതാത്തവനാണു്" ഞാൻ. എന്റെ അഭി പ്രായത്തോടു് എതാണ്ടു യോജിച്ചു ഒരാളാണു് കാൺഗ്രസ്സു് പ്രസിഡണ്ടായിരുന്ന ശ്രീമാൻ സി. നാരായണപിള്ള. അദ്ദേഹം ഈയിടെ ഒരു പ്രസ്താവന ഇറക്കി വിടുകയുണ്ടായി. ഭരിക്കുന്ന കക്ഷിയിലിരുന്നുകൊണ്ടു് മനഃപൂർവ്വം അദ്ദേഹം ഗവ മ്മെണ്ടിനെ കുറ്റം പറഞ്ഞിരിക്കയാണു്. അദ്ദേഹത്തിനു ഭരിക്കുന്ന കക്ഷിയിൽ വിശ്വാസമില്ലെങ്കിൽ മെമ്പർസ്ഥാനം രാജിവെച്ചു് പുതിയൊരു തിരഞ്ഞെടുപ്പി നു സ്വതന്ത്രനായിനിന്നു് മത്സരിച്ചു് ജയിച്ചു ഞങ്ങളുടെ കൂട്ടത്തിൽ വന്നിരി ക്കട്ടെ. അദ്ദേഹം കൊച്ചിക്കാരനായ ചീഫ് സിക്രട്ടറിയെപ്പറ്റി കുറ്റം പറയു കയുണ്ടായി. അതു് കുറച്ചെങ്കിലും ശരിയാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ചീഫ് സെക്രട്ടറി ഇന്നു് സെക്രട്ടറിയേറ്റിലെ ഏറ്റവും വലിയൊരു ഹെഡ് ക്ലാർക്കിന്റെ നിലയിൽ കവിഞ്ഞ ഒരാളല്ലെന്നാണു് ഞാൻ പറയുന്നതു്. ഈ സമിതിക്കു് അദ്ദേഹത്തെപ്പറ്റി ഈവിധം കുറ്റം പറഞ്ഞതിൽ എനിക്കു വലു തായ ഖേദമുണ്ടു്. രേഖനയങ്ങളിൽ കാണുന്ന വൈകല്യങ്ങൾക്കു ഉത്തരവാദിക ളും കുറ്റക്കാരും മന്ത്രിമാരാണു്. നേരെമറിച്ചു് ചീഫ് സെക്രട്ടറിക്കു് സാങ്കേതി കമായും നിയമപരമായും നിർവ്വഹിക്കേണ്ടതു മന്ത്രിമാരുടെ ശ്രദ്ധയിൽ പെടു ത്തേണ്ട ചുമതല മാത്രമെയുള്ളു. മലബാറിൽ പാലക്കാട്ടു താലൂക്കിൽ ഒരു മരുമ ക്കത്തായ കുടുംബത്തിലെ ഒരു മാന്യന്റെ മകനായി ജനിച്ചു് മലബാറിലെ സാ ഹചര്യങ്ങളും സമ്പ്രദായങ്ങളും അനുസരിച്ചു ജീവിച്ചു തമിഴരുമായി ഇടപെട്ട ധാരാളം തമിഴ്സ്നേഹിതന്മാരെ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുള്ള ഇന്നത്തെ ചീഫ് സെക്രട്ടറി ഒരു തനി കൊച്ചിക്കാരനാണെന്നും, തമിഴരെ സംബന്ധിച്ചു അദ്ദേഹം തീരെ അപരിചിതനാണെന്നുമെല്ലാം എന്റെ ഒരു തമിഴ്സ്നേഹിത നായ തമിഴ്നിയോജകമണ്ഡലത്തിലെ ബഹു. ഒരു മെമ്പർ ആക്ഷേപിച്ചതിൽ എനിക്കു വലിയ അത്ഭുതമാണു തോന്നുന്നതു്. (ബെൽ)

LIBRARY ARCHIVES Kerala Legislative Assembly

ഒരു കൊച്ചിക്കാരിയുടെ മകനായിരിക്കയാൽ വെറും സാങ്കേതികമായി അദ്ദേഹം കൊച്ചിക്കാരനാണെന്നു് പറയാം.

ആകപ്പാടെ സവ്വീസുസംയോജനത്തെ സംബന്ധിച്ചു ഒരു കണക്കെടുത്തുനോക്കിയാൽ കൊച്ചിക്കാരായ ഉദ്യോഗസ്ഥന്മാക്കാണു് വളരെ നഷ്ടവും ദോഷവുമുണ്ടായിരിക്കുന്നതു എന്നു കാണാം. അതിനുള്ള സ്ഥിതിവിവരകണക്കുകൾ എടുത്തു കാണിക്കുവാൻ ഇപ്പോൾ എനിക്കു സമയമില്ലാത്തതിൽ വ്യസനിക്കുന്നു.

ഭക്ഷ്യവകുപ്പിന്റെ നിയന്ത്രണത്തിലും അതിന്റെ സംഭരണവിതരണസമ്പ്രദായത്തിലും ഇനിയും ശവമ്മെണ്ടു് പലതും ചെയ്യുവാനുണ്ടു്. വിദ്യാഭ്യാസവിഷയത്തിലും അദ്ധ്യാപകരുടെ കാര്യത്തിലും ഇന്നത്തെ വിദ്യാഭ്യാസപദ്ധതികൊണ്ടു് ബഹു. വിദ്യാഭ്യാസമന്ത്രി ഒരു കൊച്ചിക്കാരനായിരുന്നിട്ടും അവിവേകമായി പ്രവത്തിച്ചു എന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ പദ്ധതിമൂലം സാമുദായിക സംഘടനകളുടെതായി ചില പ്രൈവറ്റു വിദ്യാലയങ്ങൾമാത്രം രാജ്യത്തു നിലനിൽക്കുമെന്നല്ലാതെ, വ്യക്തികളാൽ നടത്തപ്പെടുന്നതുമായ ഹിന്ദുക്കളുടെയും ക്രസ്ത്യാനികളുടെയും വകയായ അനവധി Unaided Secondary സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം ഒഴിച്ചുള്ള ഉയന്ന വിദ്യാഭ്യാസം വളരെയധികം നഷ്ടപ്പെട്ടുപോകുന്നതാണു്. സംയോജനവിഷയത്തിൽ എന്തൊക്കെ നല്ല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നാലും അതു കൊച്ചിക്കാക്കു് വളരെ ദോഷമായിട്ടാണു് തീന്നിരിക്കുന്നതു്. തന്മൂലം കൊച്ചിക്കാക്കു് ഒരു അരക്ഷിതാവസ്ഥയാണു് ഇന്നനേരിട്ടിരിക്കുന്നതു്. കൊച്ചിക്കാരായ ഡിപ്പാർട്ടുമെൻറു മേലധികാരികളായി ഇപ്പോഴുള്ളതിൽ മിക്കവാറും എല്ലാവരും കുറഞ്ഞതു എഴോ എട്ടോ കൊല്ലംകൊണ്ടു് പെൻഷനാകും. ഇനിയൊരു പത്തുകൊല്ലംകൂടി കഴിഞ്ഞാൽ കൊച്ചിയിലെ ജനങ്ങൾ തിരുവിതാകൂർ-കൊച്ചി ശവമ്മെണ്ടിന്റെ കീഴ്ജീവനക്കാർ ഉൾപ്പടെ എല്ലാവരുംതന്നെ—തിരുവിതാംകൂറിലെ ജനങ്ങളുടെ വിറകുവെട്ടികളും വെള്ളംകോരികളുമായിത്തീരാവുന്ന ഒരു നിലയാണു് ഇപ്പോൾ കാണുന്നതു്. (ചിരി) ആകെപ്പാടെ ഇന്നുള്ള നിലയിൽ ഒരു വലിയ പ്രക്ഷോഭണമുണ്ടാകുമാണെങ്കിലും. തിരുവിതാംകൂറിലെ ടി. കെ. കക്ഷി, പട്ടം കക്ഷി, മന്നത്തു പത്മനാഭൻ കക്ഷി, തമിഴ്നാട്ടു കക്ഷി, തുടങ്ങിയ എല്ലാ കക്ഷികളും സംയോജനാനന്തരം കൊച്ചിക്കാക്കു ദോഷവും നഷ്ടവും വരാവുന്നവിധം പ്രവത്തിച്ചു് കൊച്ചിക്കാരെ ദ്രോഹിക്കുന്ന വിഷയത്തിൽ ഏകാഭിപ്രായക്കാരാണു്. അവർ തമ്മിൽതന്നെ പലപ്പോഴും കലഹിക്കാറുണ്ടെങ്കിലും അതെല്ലാം വീട്ടിൽ ഒരു വിരുന്നുകാരൻ വന്നകയറുമ്പോൾ ഭാര്യാഭത്തുക്കന്മാർതമ്മിൽ കലഹിച്ചു് ആ വിരുന്നുകാരനെ ഇറക്കിവിടുവാൻ എടുക്കുന്ന സൂത്രവിദ്യപോലെയാണെന്നതിനു സംശയമില്ല. ഇന്നു ഭരണം നടത്തുന്ന കക്ഷി ഏതായിരുന്നാലും അടുത്ത എലക്ഷൻ വരുമ്പോൾ ഈ രീതിയൊക്കെ മാറും.

Mr. Speaker: That is not covered by the scope of the amendment. The amendment reads.—

"but regret that the Address did not contain assurance to the people and the Government servants of the erstwhile Cochin State that their interests will not be overlooked because of the overwhelming influence of the people in the erstwhile Travancore area."

Sri. C. V. Iyyu: Sir, it is in the interest of the people there I say so.

Mr. Speaker: That is not correct.

Sri. C. V. Iyyu: My point is that because of the insecurity in Travancore, Cochin should be separated. I represent the Church People also. Being a temple I am entitled to that opinion.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Observations of that kind are not allowed.

പിന്നെ ദേവസ്വത്തിലേയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒരു ലക്ഷത്തിൽ ഇരുപതു ലക്ഷമെങ്കിലും കൊച്ചിക്കാക്കു" അനാവശ്യ നഷ്ടമാണ് (ബെൽ).

Sri. K. Sivarama Pillai: I wish to speak a few words on the food problem and on the integration of services. Of all of the problems that are facing the Government today, it is the food problem that is the most serious. And I regret that the Government was not able to apply its mind fully to it so that it may be solved. I say this because in the Address by his Highness the Rajpramukh I find the only two remedies suggested are tightening up the procurement of paddy and the forging ahead of certain long-term policies. Sir, the latter will take years before one grain of paddy is produced by its completion. As regards procurement, it has become the fashion of every Government to say they have not been very strict and therefore the problem is becoming worse day by day. Procurement was introduced in 1118 and for the last eight years, crop by crop, Government is introducing measures only to tighten up. Yet the result is that the procurement is becoming worse day by day. Sir, if the food problem is to be solved on a satisfactory basis, the Government must apply its mind seriously and consider all the aspects of it. First of all, I would ask the Government: should we not have some statisics as regards the production, the quantity that we require and the quantity we have to get down from outside. The latest Administration Report given to us a few days ago does not contain these statisitics. Without these statistics, how are we to know how much is it that we want and how much is it that we must get down. Government do not seem to have seriously thought of that.

Next we have to see how best production can be increased. Day after day we have reports in the Press that the Government have allotted large areas of land for paddy cultivation and that as a result we are producing more. In 1121 and 1122 we were able to produce nearly 70 lakhs of paras. After an addition of about 2,70,000 acres of land, in 1124 the production was only 77 lakhs of paras. That means that in spite of the increase in the area of cultivation there was no increase in actual production. That shows that the Government policy has become a failure. So for the time being let the Government stop their present policy in regard to production. Whatever money is spent now—I do not say it is being wasted—but let the money be used for better procuction by those who can. There is now a lot of talk about discrimination between Travancoreans and Cochinites. But in my opinion, the real parties that are affected are not Travancoreans or Cochinites. They are the agriculturists in Nanjinad, Kuttanad and Chittoor. If the accounts have any value, we can see that 90 per cent of the procured paddy is from Nanjinad, Kuttanad and Chittoor, three localities which have no cash crops, but only paddy cultivation. The other areas which are engaged in the production of cash crops are well-off. Even in the matter of Grow More Food Campaign, no attention seems to have been bestowed upon these three areas. The major portion of the benefits were shared by the vociferous parts.

As regards the price paid to the agriculturists, do they get a fair price? I do not ask for an exorbitant price. But I suggest that the price given should cover the cost of production, bearing in mind the present cost of living. And the price must be such as to encourage the cultivator in his work. When we meet the ministers in private, they candidly say that the cultivators are being paid low for their paddy. I ask them to come forward and face the problem openly.

Coming to the procurement system, we are procuring on an excess basis. The process and the agency of procurement are working to the vexation of the cultivator. In each taluk the fate of the agriculturists depends upon the whims and

LIBRARY ARCHIVES Kerala Legislative Assembly

fancies of the Tahsildar. It sometimes happens that the Tahsildar does not even know how the paddy is grown. He is not even able to distinguish seeds from paddy. But the moment he is appointed as Tahsildar, he begins to enter the house of the cultivators and take away paddy. That system has to be changed. I would, in the alternative, suggest to the Hon'ble Food Minister one thing. If the levy system is introduced, we are prepared to measure the paddy at the place where the Government want us to. Then they will realise the waste that they are causing. At present in the matter of transportation, of loading and shrinkage, large amounts are being wasted by the Government. And the Government are not in a position to disclose the accounts.

Sir, I can say that in one particular village, the transport charges within the village itself works up to one anna per para of paddy and thus Rs. 4,000 to Rs. 5,000 are knocked off by the officers concerned. This Government do not care to look into that. Then, whenever this food crisis comes up, immediately, Government begins to say that black-marketing is done by the agriculturists. Though I do not accuse the Government as the biggest black-marketer, I can say that it is the black-marketeer that does good to the average man who does not get paddy. Sir, 25 per cent of the paddy sold by Government at a price which is more than 50 per cent of the purchase value is useless. The Government is selling at a rate of Rs. 3 per para and if the agriculturist is able to give his neighbour at a lesser cost can we say that he is a blackmarketeer? I ask the Gayernment why they want to sell paddy at this abnormal cost? The explanation given by Government is that they are importing huge ship-loads from outside Travancore and in the Administration Report they have said thus:

"The shipments of rice from overseas, especially from Burma and Siam, contained different varieties of broken rice and fragments of rice which were infested with weevil. Necessary precautions were taken to avoid further deterioration of the stocks of rice in storage."

And I was also told by one responsible member that by transportation Government are losing 17 per cent of the foodgrains imported here. All this waste is caused because Government do not do things efficiently and they want to put it on the poor agriculturist by selling the paddy at abnormal prices.

Now, Sir, coming to the integration of services, I wish to make a few observations. But at the same time I do not want to make any difference between Travancore and Cochin so far as the general policy regarding his question is concerned. In this connection I shall cite two instances to show that by the policy adopted by the Government the educated people of Travancore are much affected. In 1118, to show one example, Government passed proceedings to augment the prestige and status of the Registration Department that only graduates would be taken as clerks in the Department. And, about 100 clerks were recrutited to the Department by the Public Service Commissioner. Very many youngmen who have taken their degree with distinction got into the Department on Rs. 25. Some of them have been acting or temporary for the last 7 years and none of them has reached the maximum, i. e., Rs. 45. Now, in the Department there are 215 hands a maiority of whom are first class graduates from the Travancore University. On the other hand, in the Cochin area, no Graduate gets less than Rs. 80. So far as the undergraduates are concerned, there are only three who are temporary. And, all those undergraduates who are confirmed are to be put above these graduates of the Travancore Service. So also in the Secretariat. There are to be 28 superintendents of which 15 would be Travancoreans and 13 Cochinities. Out of the 15, the majority are nearing pensionable age. Once when you get into the

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Sivarama Pillai]

Secretariat it will take years to secure a grade on confirmation. Here, the first grade is on the scale of Rs. 125—165. But the Cochin people who are drawing Rs. 150 in the scale of Rs. 150-200 are not to be classified with these. They are to be classified with the Superintendents and so they get an easy walkover on these people. These things really cause discontentment. Whether Cochinite or Travancorean, an impartial tribunal should be set up to see whether there is any hardship or not so far as a particular person is conerned. Perhaps, the Hon'ble Ministers may say that because the Cochinites are reciving higher salaries they carry also higher appointments. In the Education Department the Headmasters in Cochin get only Rs. 150 whereas a first Grade teacher in Travancore gets Rs. 175 in the scale of Rs. 175—225. Then all the headmasters will have to be classified as 2nd Grade teachers. But the Education Minister is firm on the point that they must continue as head-masters and the first grade teachers here should work under them. These orders make the service discontended and it would be well if the whole position is reviewed and matters set aright.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സർ, മി. താണുപിള്ള അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചു് ചില സംഗതികൾ പറയണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ആ ഭേദഗതിയെ അനുകൂലിക്കുന്നതിനു പുറമെ ഈ കോൺഗ്രസ്സു് ഗവർമ്മെണ്ടു പഴവുറിൽ വന്നതിനുശേഷം പബ്ലിക്കു് അക്കൗണ്ടസ്സു് മുഴുവനും മിസ്സ്മാനേജു് ചെയ്തിരിക്കുന്ന എന്നുള്ള സംഗതിയിൽ ഈ ഹൗസ്സിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു. സർ, ഇതു ഗവർമ്മെണ്ടു് അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും ഒരു കാര്യം ശരിയായിട്ടു മനസ്സിലാക്കി ആ കാര്യം സാധിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഒറ്റസംഗതി എടുത്തു കാണിക്കാമെങ്കിൽ ഞാൻ വളരെ ചരിതാർത്ഥനുള്ളവനായിരിക്കും. സി. പി. രാമസ്വാമിഅയ്യരുടെ ഭരണം കിരാതഭരണമാണെന്നു പറഞ്ഞു ജനങ്ങളെ വഞ്ചിച്ചു് അധികാരത്തിൽവന്ന ഈ പ്രധാനമന്ത്രിയും കൂട്ടരുമാണു് ഇപ്പോൾ ഭരണം നടത്തുന്നതെന്നു് അവർ അറിയുന്നുണ്ടോ; അവർക്കു് ആ കാര്യം ഓർമ്മയുണ്ടോ? ഇന്നു് നടക്കുന്ന സംഗതികൾ കാണാൻ അവർക്കു കണ്ണുണ്ടോ, അവർ അതു് കാണുന്നുണ്ടോ, അതു കാണുന്നതിനുള്ള തൊലി അവർക്കുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. സർ, ജനായത്തഭരണം എന്നു പറഞ്ഞുകൊണ്ടു് ഒരു കിരാതന്റെ ഭരണത്തിൽനിന്നും ജനങ്ങളെ ഏറ്റവും കഷ്ടതയിലേക്കു് നീക്കിയിട്ടുള്ള ഏതാനും വാരങ്ങൾ കഴിഞ്ഞതു് നമുക്കെല്ലാവർക്കും അറിയാം. അതിനെപ്പറ്റി പല ബഹുമാനപ്പെട്ട മെമ്പറന്മാരും വിമർശിക്കുകയുണ്ടായി. ഞാൻ പറയുന്ന ആക്ഷേപം സാധനം ഉണ്ടാക്കുന്നതിലാകട്ടെ, അതു് ശേഖരിക്കുന്നതിലാകട്ടെ അല്ലെങ്കിൽ അതു വിതരണം ചെയ്യുന്നതിലാകട്ടെ ഒരു നീതിയുമില്ല. അഴിച്ചുപണിച്ച പഴുവിനെപ്പോലെ ആ മൂലയിൽ പോയാൽ പല്ലുകിട്ടുമോ ഈ മൂലയിൽ പോയാൽ പല്ലുകിട്ടുമോ എന്നമട്ടിലാണു്.

മിസ്റ്റർ സ്പീക്കർ: ആ ആളിന്റെ ഭരണം കിരാതഭരണം എന്നു പറയാം. ആ ആളെ കിരാതൻ എന്നു പറഞ്ഞുകൂടാ.

ശ്രീ കെ. പി. നീലകണ്ഠപിള്ള: സെറിമെൻറ പാട്ടം ഇടാക്കണമെന്നു് പറഞ്ഞു. അപ്പോൾ ഈ രണ്ടു ജന്മത്തു് നെല്ലു വിളയുന്നതിൽ ഇരുപതുമാനം ഗവർമ്മെണ്ടിലേയ്ക്കു കൊടുക്കണമെന്നുള്ള ഒരു ഉത്തരവാദിത്വമുണ്ടായിരുന്നു. കൊടുത്തില്ലെങ്കിൽ അതു് എടുക്കുമെന്നുള്ള ഒരു ബോധ്യവും ഒരു ഭയവും ഉണ്ടായിരുന്നു. ആ കാലത്താണു് മി. ശിവരാമപിള്ള പറഞ്ഞ തുക നെല്ലു സംഭരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ കിട്ടിയിട്ടുള്ളതു്. ഈ ഗവണ്മെന്റു വന്നു് സാധാരണ ജനങ്ങൾക്കു് ഭാരം ഉണ്ടാകാതിരിക്കാൻ രണ്ടേക്കറിൽ കവിഞ്ഞതു് നിലമുള്ളവരിൽനിന്നും നെല്ലു് എടുക്കേണ്ടതില്ലെന്നും അതിനു് മുകളിലുള്ളവരിൽനിന്നും നെല്ലെടുക്കണമെന്നും തീരുമാനിച്ചു. അതു ഒരു ആശ്വാസമായിരുന്നു. ഇപ്പോഴുള്ളതു് എക്സ്സ് പച്ചേസ് ആണു്. ഇതിനു് എന്തെങ്കിലും ഡേറ്റാ ഉണ്ടോ? മന്ത്രിമാക്കോ ഫുഡ് പച്ചേസ് ആഫിസറന്മാക്കോ ഇതിനെപ്പറ്റി അറിവുണ്ടോ? കൊയ്യുന്നതിനു മുമ്പു് ഒരു സ്റ്റേറ്റുമെന്റു്, കൊയ്ത്തു കഴിഞ്ഞു് ഒരു സ്റ്റേറ്റുമെന്റു്. അതായതു് ഇത്ര വിളവു ഉദ്ദേശിക്കുന്നു. ഗവണ്മെന്റിലേയ്ക്കു തരാൻ ശേഷിയില്ല. അനുവദിച്ചിട്ടുള്ള റേഷനും കൃഷിച്ചിലവും വിത്തുംകഴിച്ചാൽ നെല്ലു് തരാൻ ഇല്ലെന്നു് സ്റ്റേറ്റുമെന്റു കൊടുക്കും. അതു കിട്ടുന്നതിനുമുമ്പുതന്നെ അയാളിൽ നിന്നും ഇത്ര നെല്ലു് എടുക്കണമെന്നു് എഴുതിയും വരും. ഒരു പറ നിലം കൃഷി ചെയ്യുന്നവൻ എന്തിനാണു് ഈ സ്റ്റേറ്റുമെൻറുകളെല്ലാം കൊടുക്കുന്നതു്. വെറും ഉപയോഗശൂന്യമായ ഒരു നടപടിയല്ലേ ഇതു്. ഈ വരുന്ന സ്റ്റേറ്റുമെൻറുകളെല്ലാം ആരു് നോക്കുന്നു. അത്രയും നോക്കുന്നതിനു് തക്ക ആളുണ്ടോ? കുറെ തഹശീൽദാരന്മാരേ സൃഷ്ടിച്ചിട്ടുണ്ടു്. പഴയ ബ്യൂറോക്രാറ്റിക്കു് നയംതന്നെയാണു് ഇപ്പോഴും ഉള്ളതു്. സിവിൽസപ്ലൈസ് കമ്മീഷണർക്കോ മന്ത്രിക്കോ തിരുവനന്തപുരം താലൂക്കിൽനിന്നും എത്ര നെല്ലു് എടുക്കാമെന്നു് അറിയാമോ? ഇരുപതിനായിരപ്പറ നെല്ലു് എടുക്കാൻ ഒരു തഹശീൽദാരും, സ്റ്റാഫും അവർ വിളിച്ചാൽ ചെല്ലുന്നതിനു് പോലീസും. ഒരു വീക്ഷണവും ഇല്ലാതെ ബ്ലയിൻറു ആയിട്ടു് സെക്രട്ടറിയേറ്റിൽനിന്നും എഴുതി അയക്കണമെന്നുള്ളതൊഴിച്ചു് ശരിയായി ഒന്നുംതന്നെ ഗ്രഹിക്കുന്നില്ല.

ഇവിടെ പട്ടാരന്മാർ എത്രയുണ്ടെന്നോ, എത്ര നെല്ലുവിളയുമെന്നോ ഉള്ളതിലേക്കു ശരിയായ ഒരു കണക്കുമില്ല. തിരുവിതാംകൂറിൽ സഫ്ഫുവെസ്റ്റു മൺസൂൺ ഉണ്ടായിട്ടുണ്ടോ എന്നു പോലും നിശ്ചയമില്ല ഇവക്കു്. മി. കെ. എം. മുൻഷി ചോദിച്ചപ്പോൾ ഓണമായിപ്പോയി എന്നും, അതുകഴിഞ്ഞു കൊയിത്തായി, അതു കഴിഞ്ഞു മഴയായിപ്പോയെന്നും ഇതെല്ലാംകൊണ്ടു നെല്ലെടുപ്പു ശരിയായി നടത്തുന്നതിനു സാധിച്ചില്ലെന്നും പറഞ്ഞു മനസിലാക്കിയതിന്റെ ഫലമായിട്ടാണു ഇവിടെ ഈ നിസ്സഹായാവസ്ഥയ്ക്കു ഇടയായിട്ടുള്ളതു്.

അടുത്തതായി കൺട്രോൾ മെഷീനറി എടുത്തു നോക്കാം. അതു ശരിയായി പ്രയോഗത്തിൽ വരുത്താൻ ഇന്നു് മന്ത്രിമാർക്കു സാധിച്ചിട്ടുണ്ടോ? ഇവിടെ നടപ്പിലിരിക്കുന്ന കൺട്രോൾ മെഷീനറി എല്ലാം, അരിയുടെ കാര്യത്തിൽ മാത്രമല്ല, മറ്റെല്ലാ കൺട്രോൾ സാധനങ്ങളുടെ കാര്യവും വളരെ പരാജയത്തിലാണു് അവസാനിച്ചിട്ടുള്ളതു്. അതുമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. അതേപ്പറ്റി പറയുന്നതുപോലെ ഇത്ര വൃത്തികെട്ട ഒരേർപ്പാടു വേറൊന്നുമില്ല. കൺട്രോൾ വകുപ്പുപോലെ ഇത്ര അഴിമതി നടക്കുന്ന ഒരു വകുപ്പു വേറെയില്ലെന്നുതന്നെ പറയാം. ഇന്നു സകല കരിഞ്ചന്തക്കാരും കോൺഗ്രസ്സിനകത്തുള്ളവരാണു്. അവർ കരിഞ്ചന്ത നടത്തുന്നതോടുകൂടിതന്നെ മഹാത്മാഗാന്ധിയുടെ നാമവും ഉച്ചരിക്കുന്നു. അദ്ദേഹത്തിന്റെ പേരും പറഞ്ഞാണു് ഇവർ ഈമാതിരി കള്ളക്കച്ചവടം നടത്തുന്നതു്. ഇങ്ങനെയുള്ള കൈക്കൂലിക്കാരെയും, അഴിമതിക്കാരെയുമാണു് ഈ ഗവണ്മെൻറു വളർത്തിവിട്ടതു്. ഇങ്ങനെ പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറു വാസ്തവത്തിൽ രാജദ്രോഹമാണു ചെയ്യുന്നതെന്നു പറയുന്നതിൽ എനിക്കു യാതൊരു സന്ദേഹവുമില്ല. എന്തുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. P. Nilakanta Pillai]

ന്നാൽ ഈ അടുത്ത് കഴിഞ്ഞ നെയ്യാറ്റിങ്കര, നെടുമങ്ങാട് എന്നീ സ്ഥലങ്ങളി ലെ ഉപതിരഞ്ഞെടുപ്പുകാലത്ത് ഏലക്ഷൻ പ്രചരണത്തിനുവേണ്ടി മന്ത്രി മാരും അവരുടെ അനുയായികളും എന്നു അഭിനയിച്ചു നടക്കുന്നവരുമായ എതാ ണും നേതാക്കന്മാരും രണ്ടായിരവും അയ്യായിരവും രൂപാവീതം വോട്ട സമ്പാ ദിക്കുന്നതിലേക്ക കൈക്കൂലി കൊടുക്കുന്നതിനായി വാങ്ങിച്ചിട്ടുള്ളതായി അറി യാം. ഇതു എത്ര ലജ്ജാകരമാണ്? ഇതിനെക്കാൾ ഈ ഗവൺമെൻറ അധപ്പ തിക്കുവാനുണ്ടോ? എന്നാണ ഞാൻ ചോദിക്കുന്നതു. ഇങ്ങനെ കൈക്കൂലി കൊടുത്തു വോട്ട സമ്പാദിക്കുന്ന ഒരു ഗവൺമെണ്ടാണ് ഇവിടെയുള്ളതു.

സർ, ഇനിയും കൺട്രോൾ വകുപ്പിനെപ്പറ്റി പറയുകയാണെങ്കിൽ ഇന്നു ഈ സംസ്ഥാനത്തു നെയ്ത്തുകാർക്ക നൂൽ കിട്ടുന്നില്ല. ഏകദേശം എൺപതി നായിരത്തിൽപരം തറികളും അനവധി കഴിത്തറികളും ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. അവക്ക നെയ്യാൻ നൂലില്ല. ജനങ്ങൾക്ക ഉടുക്കാൻ തുണി യില്ല. ഉടുക്കാൻ തുണിയില്ലാത്തവക്ക തുണിയുണ്ടാക്കികൊടുക്കാം എന്നെല്ലാം വാശോനങ്ങൾ പെയ്ത വോട്ട സമ്പാദിച്ചു മന്ത്രിമാരായവർ ഇന്നു അക്കാര്യങ്ങൾ മറന്നുപോയി. ഇന്നാണെങ്കിൽ ഗവൺമെൻറ ബന്ധുവായ ബാലരാമവർമ്മ ടെ ക്സ്റ്റയിൽസിലും, അതുപോലെ ഇവിടെയുള്ള ഒരു മില്ലിലും, അഴകപ്പാചെട്ടി യാരുടെവക ഒരു മില്ലിലും നൂൽ ധാരാളമായി ഉൽപാദിപ്പിക്കുന്നുണ്ട്. അതു ശരിയായി വിതരണംചെയ്യുന്നപക്ഷം ഈ സംസ്ഥാനത്തു ഈ തൊഴി ലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യത്തിനുള്ള നൂൽ ലഭിക്കുമായിരുന്നു. അങ്ങനെ നൂൽ കൺട്രോൾ ചെയ്ത ന്യായമായി വിതരണം ചെയ്യുവാൻ കൊള്ള രുതാത്ത ഒരു ഗവൺമെണ്ടാണ് ഇവിടെയുള്ളതു. അങ്ങനെ ചെയ്യുവാൻ ഇവിട ത്തെ ഗവൺമെണ്ടിനു ശേഷിയില്ല. അതുകൊണ്ടു ഈ കൺട്രോൾ നിയമം ഇങ്ങ നെ നിലനിർത്തിക്കൊണ്ടുപോയാൽ സാധുക്കൾക്കു യാതൊരു രക്ഷയും ഉണ്ടാകുന്നതല്ല.

സർ, അതുപോലെതന്നെ സാധുക്കളായ ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിലേ ക്കും, കണ്ണീരിപ്പിക്കുന്നതിലേക്കുമായി വ്യവസായമന്ത്രി ഒരു കയർ വ്യവസായ പദ്ധതിയുമായി വന്നിരിക്കുന്നു. സാധുക്കളായ വല്ലവരും തൊണ്ടുമുടന്ന വ്യവ സായത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവർ കൊള്ളലാഭം എടുക്കുന്നുവെന്നും അതു കൊണ്ടു തൊണ്ടുവില ക്രിയപ്പെടുത്തണമെന്നും പറഞ്ഞു അതിലേക്ക ഒരു സ്കീമു മായി വന്നിരിക്കുകയാണ്. എന്നാൽ ആ സ്കീം വന്നതിനുശേഷം എന്തുകൊ ണ്ടോ തൊണ്ടുവില ക്രിയപ്പെടുത്തണമെന്നു പറഞ്ഞ വ്യവസായമന്ത്രിയുടെ മനം മാറിപോവുകയാണ്. എന്താണ കാര്യമെന്നു ഒടുവിലറിയാം.

ശ്രീ. ശ്രീ. വി. தாஸ்: ஸர், இன்று இங்கு உணவுப் பிரச்னை சம்பந்த மாக பல அபிப்பிராயங்களை மிகவும் விரிவாக பேசினார்கள். அ தில், திருவிதாங்கூர் தமிழ் நாட்டிலே எந்த முறையில் உணவுப் பொருள் கள் எடுக்கப்பட்டு வருகிறதென்பதைப் பற்றியும், அதிலே தமிழர்கள் என் றதொரு நிலையால் அரசாங்க அதிகாரிகள் எவ்விதமான அநியாய அடக் கு முறைச் சட்டங்களைப் பிரயோகித்து வருகிறார்கள் என்பதைப் பற்றி யும் நான் சொல்ல கடமைப் பட்டிருக்கிறேன். வெறும் பிரசங்கத்திற்காக அல்ல. அல்லது பத்திரிகையிலிருந்து படித்தல்ல சொல்கிறேன். என் னுடைய அனுபவத்திலிருந்து கண்டறிந்த ஒரு உண்மையை மாத்திரம் தான் சொல்ல நான் நினைக்கிறேன். கல்குளம் தாலுகாவில் ஆரூர் என்றதொரு பிரதேசத்தில் சுமார் 13 ஏக்கர் பாட்டக் கிருஷி உள்ளதொரு

LIBRARY ARCHIVES Kerala Legislative Assembly

நில உடமஸ்தனுடைய வீட்டில் அந்தப் பிரதேசத்தில் உள்ளதொரு தாசில் தார் அவ்வுடமஸ்தனுக்குத் தெரியாமல் அவரது வீட்டினுள் சென்று அங் குள்ள நெல் அத்தனையும் கொள்ளை அடித்து அளந்து விட்டு, பின்னர் ஏதோ ஒரு முறையில் கொஞ்சம் நெல் கூடுதலாக இருந்த காரணத்தால் அ தற்கு முத்திரை வைத்துவிட்டு அவ்வதிகாரி வந்தார். அவ்வீட்டில் சு மார் 17 அங்கத்தினர்கள் உண்டு. அவர்களுக்கு உண்பதற்கு அங்கு கொஞ்சமும் நெல் இடப்படவில்லை. அளந்ததுபோக மீதியுள்ள நெல்லும் ஸீல் வைக்கப்பட்டிருந்தது. அதுமாத்திரமல்ல.

Mr. Speaker : Is this relevant to the matter ?

ஸ்ரீ. ஸ்ரீ. வி. தாஸ் : திருவிதாங்கூர் தமிழ்நாட்டிலுள்ள அதிகாரிகள் எந்த முறையில் தங்களது அதிகாரத்தை அங்கு துஷ்பிரயோகம் செய் கிறார்கள் என்பதைப் பற்றி நான் விவரிக்க விரும்பவில்லை. அந்தக் கிரு ஷிக்காரனுக்கு கூடுதலாக ஒரு பொறுப்பும் இருந்தது. எப்படியென்றால், அந்த ஸீல்வைத்த நெல்லையும் நீ தான் பாதுகாக்க வேண்டுமென்றும் கூறப் பட்டது. இப்படியிருக்க, அந்தக் கிருஷிக்காரன் அதிகார பீடத்திற்குப் பாதி நெடுத்தபோது இந்த உணவு எடுப்பு அதிகாரியாக கமிஷனர் அங் கு வந்தார். வந்தபொழுது நாங்கள் சென்று அவரைச சந்தித்தோம். அப் பொழுது அவர்கள் சொன்ன கருத்துக்களிலிருந்து, பொதுவாக கிருஷிக் காரர்கள் இவ்வளவு நெல் விளைவித்தது தீரவேண்டுமென்பதொரு நிர்பந் தம் அரசாங்கத்திலிருந்து ஏற்பட்டிருப்பதாகத் தெரிந்தது. ஆக, அப் பதிமூன்று ஏக்கர்களிலிருந்து இவ்வளவு நெல் விளைந்து இருக்கவேண்டும். மீதி எங்கே என்று கேட்டார். நாங்கள் சொன்னோம் அந்த உடமஸ்தனி டமுள்ள நெல்லை அளந்துக் கொண்டு போங்கள் அதுபோக அவனுக்கு நி யாயமாக எவ்வளவு நெல் கொடுக்க முடியுமோ அவ்வளவையும் கொடுங் களென்று சொன்னோம். ஆனால் அவ்வதிகாரி அதற்கு இணங்கவில்லை. இப்பொழுது அவருக்கு ஒன்றுமே கொடுக்க வேண்டாம். ஆனால் அந்த அறையில் இருக்கக்கூடிய ஸீலைப் பொட்டித்து அந்த நெல்லை அளந் து போங்கள். அவன் மீது திரும்பி நடவடிக்கைகள் எடுக்கக்கூடாதென் றும் கெஞ்சிக் கேட்டோம், மூன்று அசெம்பளி அங்கத்தினர்கள். அதற் கு விடை நான் திருவனந்தபுரம் சென்ற பிறகு அதைப்பற்றி ஆலோசித் து ஒரு ஆர்டர் கொடுக்கிறேன் என்று சொன்னார். அக்டோபர் 5ம் தேதி ஸீல் வைக்கப்பட்டது. இதுவரையிலும் அந்த நில உடமஸ்தனுக்கு ஏந் தவிதமான நெல்லுமில்லையென்று சொன்னோம். அதற்கு இதுவரையில் ஆர் டர் ஒன்றுமில்லை. இதை நான் ஏன் இங்கு குறிப்பிடுகிறேன் என்றால் சட் டப்படி, நியாயப்படி, அதிகமாக இருக்கக்கூடிய நெல்லை அளக்கவேண்டு மென்பது நியாயந்தான். ஏனென்றால் நெல் அதிகமாக விளைகிற இடத்தி லிருந்து நெல்லை எடுத்து நெல் விளையாத இடங்களிலுள்ள மக்களுக்குக் கொடுக்கவேண்டியது, அரசாங்கத்தின் தீர்மானம்தான். ஆனால் கிருஷி செய்யக்கூடிய கிருஷிக்காரனுக்கு ஒன்றுமில்லாமலே எல்லா நெல்லையும் எடுத்துக்கொண்டு போகவேண்டுமென்று ஒரு அரசாங்கமோ, அல்லது அ ரசாங்கம் நியமிக்கும் ஒரு அதிகாரியே நினைத்தால், கிருஷிக்காரன் எந்த முறையில் உற்சாகத்தோடு கிருஷிசெய்ய முடியுமென்பதைத்தான் இங்கி ருக்கக்கூடிய அதிகார பீடத்திற்கு முன் மிகவும் வணக்கமாக சமர்பித்துக்

LIBRARY ARCHIVES Kerala Legislative Assembly

[Sri. Sri V. Das]

கொள்ள விரும்புகிறேன். இப்பதிமூன்று ஏக்கர் நிலமுள்ள கிருஷிக்காரன் என்ன சொல்கிறான் என்றால் ஐயா, என்னிடமிருக்கக்கூடிய நெல்லை அளந்து கொண்டு போங்கள். நீங்கள் சொல்கிறபடி நானே நெல்லை காக்க வேண்டியிருக்கிறது. பிறர் இந்நெல்லை களவுசெய்துகொண்டு போய் விட்டால் திரும்ப நான்தான் அந்த நெல்லுக்குக் கடமைப்பட்டவனாய் இருக்கிறேன். ஆகவே என்னிடமுள்ள நெல் முழுவதையுமே நீங்கள் அளந்து கொண்டு போங்கள் என்று சொன்னதற்கு இந்த அதிகாரிகள் இணங்கவில்லை யென்றால் கிருஷிக்காரன் எப்படி உணவு உற்பத்தியைப் பெருக்க முடியுமென்பதைப் பற்றி இவ்வாசாங்கம் நன்கு சிந்தித்துப் பார்க்க வேண்டும். அரசாங்கத்தின் நோக்கம் நல்ல நோக்கமாயிருக்கலாம். ஆனால் அரசாங்க அதிகாரிகள் அனுவசியமான முறையில் பலவிதமான அட்டூழியங்கள் செய்து வருகிறதால், விஞ்ஞ குற்றங்குறையில்லாத இம்மந்திரி சபை வீணாக எங்களிடமிருந்து குற்றங்களை வாங்குவதற்குள்ள சந்தர்ப்பங்கள் ஏற்படுகிறது. ஆக இம்மாதிரிப்பட்ட அதிகாரிகளை விசேஷமாக தமிழ்நாட்டிற்கு நீங்கள் அனுப்பாமல் கிருஷிக்காரனுக்கு, கிருஷியின் உண்மையைத் தெரிந்தவனுக்கு, கிருஷி செய்கிறவனுக்கு உணவு கொடுக்க வேண்டுமென்ற நல்லெண்ணம் படைத்த, மனித உள்ளம் படைத்தவர்களை அதிகாரிகளாக அனுப்ப வேண்டுமென்பதுதான் என்னுடைய தாழ்மையான அபேட்சை. இப்படியாக, அரசாங்கக் கீழ் உத்தியோகஸ்தர்கள், விசேஷமாக தமிழ்நாட்டில் தங்கள் அடக்குமுறையை, தங்களிடமிருக்கக்கூடிய அதிகாரங்களை பிரயோகிக்க முற்பட்டால் அந்த யிடங்களிலுள்ள மக்களுக்கு வாழ முடியாது, வாழ வழியில்லை யென்றதொரு பரிதாபகரமான நிலை ஏற்படுமென்பதை இங்கு வீற்றிருக்கும் அதிகார பீடத்திலுள்ளவர்களுக்கு பணிவுடன் தெரிவித்துக்கொள்கிறேன். கிருஷிக்காரனுடைய உணவிற்கு நெல் கொடுக்காமல் கிருஷியை உற்பத்தி செய்வென்று சொன்னால் கிருஷிக்காரன் அதிகப்படியான உணவை உற்பத்தி செய்ய முடியுமா என்று ஆலோசித்துப் பாருங்கள்.

இன்னொரு விஷயம்கூட நான் சொல்ல ஆசைப்படுகிறேன். ஏதோ தியாகிகள் என்ற நிலையில் நாடு விடுதலை பெறுவதற்கு, தங்களது உயிரையும் தங்களது சொத்துக்களையும், தங்களுடைய சந்தோஷத்தையும் சமர்ப்பித்த தியாகிகளுக்கு நிலம் வழங்கவேண்டுமென்ற முறையில் ஒரு சட்டம் ஒரு நடைமுறை அரசாங்கத்தால் கைக்கொள்ளப்பட்டிருக்கிறது. அது நியாயம். அந்தக்காலத்தில் விடுதலை அடைய கஷ்டப்பட்ட மக்கள் அநேகம் அதே சமயத்தில் மல்வேஷ்டியை உடுத்திக்கொண்டு "God save the King" என்று பாடிக்கொண்டிருந்தோர்களை விட அவர்கள் அதிகம் கஷ்டப்பட்டார்கள். அவர்களுக்கு நியாயமான சலுகைகள், உரிமைகள் முதலியவைகள் கொடுக்கவேண்டியதுதான். ஆனால் அதற்கு எந்த முறையை அரசாங்கம் கைக்கொள்ளுகிறது என்றால் முழுக்க முழுக்க நெல் கிருஷியாகும்படியான புறம்போக்குகளைப் பதித்துக் கொடுக்கிறார்கள். அது அவசியமே. ஆனால் அந்த இடத்தில் இருக்கக்கூடிய தியாகிகளுக்கு அந்நிலங்களை பதித்துக்கொடுத்தால் மிகவும் நல்லது. அதே சமயத்தில் ஐம்பது மைல்களுக்கப்பால் உள்ள சிலருக்கு எங்கேயோ சில நிலங்களை பதித்துக் கொடுத்துவருகிறார்கள். அங்ஙனம், விடுதலைக்காக போரிட்ட காரணத்

LIBRARY ARCHIVES Kerala Legislative Assembly

திற்காக இந்தமாதிரிப்பட்ட காரியங்கள் தமிழ்நாட்டில் அதிகம் நடந்துவருகிறது. ஆகவிடுதலைக்காக போரிட்ட ஒரு காரணத்திற்காக தமிழ் மக்கள் மிகவும் நஷ்டப்படக்கூடியதொரு நிலைமை ஏற்பட்டிருக்கிறது. தமிழ் நாட்டிலுள்ள புறம்போக்கு நிலங்களை, அங்குள்ள தியாகிகளுக்கு கொடுக்கட்டும். அதற்கு ஒத்துழைக்கலாம். ஆனால் கிருஷி செய்வதற்கு தெரியாமல் 50 மைல்களுக்கப்பாலுள்ள தியாகிகளுக்கு கொடுப்பதென்றால் அது தமிழ்நாட்டிலுள்ள மக்களை அவமானப்படுத்துவதாகும். ஆதலால் இனிமேலாவது இம்மாதிரிப்பட்ட செயல்களை செய்யாமல் இருக்கவேண்டுமென்று கொல்லிக்கொண்டு எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. പി. സി. ഗദിച്ചൻ: സർ, ശ്രീ. ആർ. ശങ്കർ അവർകൾ ഇവിടെ അവതരിപ്പിച്ച ഭേഗതിയെ മുഴവൻതന്നെ പിൻതാങ്ങുന്നതോടൊപ്പം രണ്ട കാര്യങ്ങളെപ്പറ്റി ചുരുക്കമായി ചിലതു പറയാമെന്നു ഞാൻ വിചാരിക്കുന്നു. പിന്നോക്കസമുദായോദ്ധാരണത്തിനുവേണ്ടി ഈ ഗവമ്മെണ്ട പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുന്നുഎന്നാണ് പറയുന്നതു. എന്നാൽ ഞാൻ പറയുന്നതു പിന്നോക്കസമുദായോദ്ധാരണത്തിനുവേണ്ടി ഇവിടത്തെ ഗവമ്മെൻറ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു കൊണ്ടിരുന്ന ഒരു കാലം ഈ രാജ്യത്തുണ്ടായിരുന്നു എന്നു പറഞ്ഞാൽ ശരിയായിരിക്കുമെന്നാണ്. ഇനി ഒരു കാലത്തു അങ്ങിനെ ഉണ്ടാകുമെന്നു പറഞ്ഞാലും പക്ഷെ ശരിയാകുമായിരിക്കാം. എന്നാൽ ഇന്നു് അങ്ങിനെ ഉണ്ടെന്നു പറയുന്നതിനോടു ഒരു തരത്തിലും യോജിക്കാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. ഇന്നു് ഈ സഭയിൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് വിതരണം ചെയ്തിരിക്കുന്ന അഡ്മിനിസ്ട്രേഷൻറിപ്പോർട്ട് നോക്കിയാൽതന്നെ പ്രത്യക്ഷത്തിൽ കാണാവുന്ന ചിലകാര്യങ്ങളും ഉണ്ടു്. ആ റിപ്പോർട്ടിൻറെ ൻ ഫ-ാം വശംമാത്രം വായിച്ചുനോക്കിയാൽമതി ഇപ്പോൾ ഇവിടെ എന്താണു് നടക്കുന്നതെന്നു് മനസ്സിലാക്കാൻ. ഹരിജനങ്ങൾക്കു് ഭൂമി പതിച്ചുകൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു് അതിൽ ആദ്യമായി പറഞ്ഞിരിക്കുന്നതു്. ഫ ഫ ഫ ർ-ാ ഹരിജനങ്ങൾക്കു് ഭൂമിപതിച്ചുകൊടുക്കുന്നകാര്യത്തിൽ ഗവമ്മെണ്ട എന്തെല്ലാം ചെയ്തുകൊണ്ടിരുന്നെന്നു് നാം ഓർമിക്കേണ്ടതാണു്. ആദ്യം ഭൂമി സൗജന്യമായി പതിച്ചുകൊടുക്കുക, ആദ്യത്തെ രണ്ടുകൊല്ലത്തേക്കു് യാതൊരുകരവും ഈടാക്കാതിരിക്കുക, അടുത്ത രണ്ടു കൊല്ലകാലത്തേക്കു് പകുതി കരം ഈടാക്കുക, അതിനുശേഷം മുഴവൻകരവും ഈടാക്കുക, എന്നിങ്ങനെയുള്ള ഒരു രീതിയിലാണു് ഫ ഫ ഫ ർ-ൽ ഹരിജനങ്ങൾക്കു് ഭൂമി പതിച്ചുകൊടുത്തിരുന്നതു്. എന്നാൽ ഇന്നു് എതു ഹരിജനങ്ങൾക്കാണു് ഏതേതു സൗജന്യവ്യവസ്ഥകളിലാണു് ഭൂമി പതിച്ചുകൊടുത്തുകൊണ്ടിരിക്കുന്നതെന്നു് നാം ഒന്നന്വേഷിക്കേണ്ടതാണു്. ഹരിജനങ്ങൾക്കു് എവിടെയെങ്കിലും ഒരു സെൻറെങ്കിലും സൗജന്യവ്യവസ്ഥയിൽ ഈ ഗവമ്മെണ്ട പതിച്ചുകൊടുത്തിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. ആ ഒരു ഒറ്റകാരണംകൊണ്ടുതന്നെ ഇന്നത്തെ ഗവമ്മെണ്ടു് ഹരിജനോദ്ധാരണത്തിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ലെന്നും നേരെമറിച്ചു് മൻകാലങ്ങളിൽ കാര്യമായ പലതും ചെയ്തുകൊണ്ടിരുന്നു എന്നും വ്യക്തമാകുന്നതാണു്. ഈ ഒരു ഒറ്റ കാരണംകൊണ്ടുതന്നെ ഈ രാജ്യത്തെ പിന്നോക്കസമുദായക്കാരുടെ ഇടയിൽ ഇന്നത്തെ ഗവമ്മെണ്ടിനോടുള്ള വിശ്വാസവും തൃപ്തിയും വളരെ അധികം നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നുള്ള പരമാർത്ഥം ഗവമ്മെണ്ടു് മനസ്സിലാക്കിയാൽ കൊള്ളാം. ഗവമ്മെണ്ടിൻറെ ഈ നയത്തിൽ ഹരിജനങ്ങളായ ഞങ്ങൾക്കുള്ള പ്രതിഷേധവും ഗവമ്മെണ്ടിനെ അറിയിക്കുവാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. C. Adichan]

മറെറാരുകാര്യം പറയാം. ഈ കൊല്ലത്തിൽ വീടില്ലാത്തവക്ക് വീടുണ്ടാക്കികൊടുക്കുന്നതിനു് വ ൦ ൦ വീടുകൾ പണിയുന്നതിനായി ഒരു ലക്ഷത്തി എൺപതിനായിരം രൂപ നീക്കിവെച്ചിട്ടുണ്ടു് എന്നാണു് പറയുന്നതു്. ഇങ്ങനെ വലിയവലിയ തുകകൾ നീക്കിവയ്ക്കുന്ന എന്നു് പത്രങ്ങളിലും കടലാസുകളിലും കാണുന്നതല്ലാതെ ഈ രാജ്യത്തെ വീടില്ലാത്ത സാധുക്കളായ ആളുകൾക്കു് അതു കൊണ്ടു് എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കഴിഞ്ഞകൊല്ലംതന്നെ കുറെ വീടുകൾ കെട്ടി പിന്നോക്കസമുദായക്കാർക്കു് കൊടുക്കുകയുണ്ടായി. പക്ഷെ എന്തു പ്രയോജനം? കെട്ടിക്കൊടുത്ത മുപ്പതാംപക്ഷം തന്നെ സകലതും ഇടിഞ്ഞുവീണുപോകയാണു് ചെയ്തതു്. അങ്ങിനെ ഭവന നിർമ്മാണപദ്ധതിക്കുവേണ്ടി ചിലവാക്കുന്ന തുക മുഴുവൻ പാഴായിപ്പോവുകയാണു് ചെയ്യുന്നതു്. തൊഴിലാളികൾ തിങ്ങിപാർക്കുന്നിടത്തും കടൽതീരപ്രദേശങ്ങളിലും കർഷകതൊഴിലാളികൾ ഉള്ളിടത്തും മറ്റുമാണു് ഗവൺമെണ്ടിൽ നിന്നും ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നു പറയുന്നുണ്ടു്. എന്നാൽ ഈ പദ്ധതിമൂലം പിന്നോക്കസമുദായ വിഭാഗത്തിൽപ്പെട്ട കർഷകതൊഴിലാളികൾക്കു് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല എന്നാണു് അനുഭവത്തിൽനിന്നും മനസ്സിലാക്കേണ്ടതു്. തൊഴിലാളികൾക്കു് ആയിരംകണക്കിനു് രൂപ ചിലവുചെയ്താണു് കെട്ടിടങ്ങൾ കെട്ടികൊടുക്കാൻ ഉദ്ദേശിക്കുന്നതു് എന്നു പറയുന്നുണ്ടു്. അതിനുവേണ്ടി ഒരു ലക്ഷത്തി എൺപതിനായിരം രൂപ ചിലവാക്കുന്നു എന്നു പത്രങ്ങളിലും മറ്റും വെണ്ടക്ക അക്ഷരത്തിൽ പ്രസിദ്ധംചെയ്യുകയല്ലാതെ യഥാർത്ഥത്തിൽ സാധുക്കളായ പിന്നോക്കസമുദായക്കാർക്കു് ആർക്കുംതന്നെ ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുന്നില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ഇനി ഇവിടത്തെ വിദ്യാഭ്യാസത്തെസംബന്ധിച്ചു് അല്പം പറയാം. ഇവിടത്തെ ഹരിജനങ്ങളെ വിദ്യാഭ്യാസപരമായി പുരോഗമിപ്പിച്ചു എല്ലാത്തരത്തിലും അവരെ ഉയർത്തിക്കൊണ്ടുവരണമെന്നു ഗവൺമെണ്ടു് ആഗ്രഹിച്ച ഒരു കാലമുണ്ടായിരുന്നു. ഇന്നത്തെ ബഹു. പ്രധാനമന്ത്രിതന്നെ ഒരു കാലത്തു്, അതായതു്, അദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലം തുടങ്ങി ഈ നാട്ടിൽ കോൺഗ്രസ് ഭരണം ആരംഭിക്കുന്നതിനു് മുമ്പുവരെയുള്ള കാലത്തു് ഹരിജനങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിൽ വളരെ താല്പര്യമുള്ള ഒരാളായിരുന്നുവെന്നു എനിക്കു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അതു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. സർ, എന്നാൽ ഇന്നു അദ്ദേഹം പ്രധാനമന്ത്രിയായിരിക്കുന്ന ഇക്കാലത്തു അതിനുവേണ്ടി ഇവിടത്തെ ഗവൺമെണ്ടു് എന്താണു് ചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. ഒരു രാജ്യത്തെ സകല പാവങ്ങളേയും ദരിദ്രന്മാരേയും ഒന്നോടെ പൊക്കിയെടുത്തു ഒരു ദിവസംകൊണ്ടു് സ്വർഗ്ഗത്തു് എത്തിക്കാൻ യാതൊരു ഗവൺമെണ്ടിനും സാധ്യമല്ലെന്നു എല്ലാവർക്കുമറിയാം. ആദ്യം കുറെ ആളുകളെ ഉദ്ധരിക്കുക, അതുതന്നെ ഒന്നായിട്ടു സാധ്യമല്ലെങ്കിൽ പടിപടിയായി ക്രമേണ ഉദ്ധരിക്കുക, അങ്ങിനെ കുറെക്കാലംകൊണ്ടു് കുറെ അധികം ആളുകളെ ഉദ്ധരിക്കാൻ ഒരു പദ്ധതി തയ്യാറാക്കുക, അതനുസരിച്ചു പ്രവർത്തിക്കുക, അതാണു് മുമ്പു് ഇവിടത്തെ ഗവൺമെണ്ടു് ചെയ്തുകൊണ്ടിരുന്നതു്. എന്നാൽ ഇന്നത്തെ ഗവൺമെണ്ടിന്റെ നയം വളരെ വിചിത്രമായ ഒന്നാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ തിരുവിതാംകൂർ–കൊച്ചിസംസ്ഥാനത്തു അയ്യായിരത്തോളം ഹരിജന വിദ്യാർത്ഥികൾ ഉണ്ടെന്നാണു് കണക്കുകൊണ്ടു് കാണുന്നതു്. അവരെ എല്ലാവരേയും എങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെയാണ് ഗവമ്മെണ്ടു് സഹായിക്കുക? അതു് സാദ്ധ്യമാണോ? എല്ലാവരേയും സഹായിക്കാതെ ചിലരെമാത്രം സഹായിക്കുന്നതു് ശരിയാണോ? എന്നെല്ലാമാണു് ഇന്നത്തെ ഗവമ്മെണ്ടിന്റെ ന്യായം. അതുകൊണ്ടു് ഉള്ളതുകൂടി നിവൃത്തികേടുകൊണ്ടു് വിചിത്രമായ ഒരു നയമാണു് ഗവമ്മെണ്ടു് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ, ഈ രാജ്യത്തു് പല സ്ഥലങ്ങളിലും ആവശ്യത്തിനു് പാലങ്ങളില്ലെന്നു് ആഴ്ചകൾ ധാരാളമായി വളരെ കൊല്ലങ്ങളായി മുറവിളികൂട്ടുന്നുണ്ടു്. ആവശ്യമുള്ളിടത്തെല്ലാം പാലം പണിതുകൊടുക്കാൻ നമുക്കു് സാദ്ധ്യമല്ല. അതുകൊണ്ടു് ഇപ്പോൾ ഇരിക്കുന്ന പാലങ്ങൾ തന്നെ പൊളിച്ചുകളയട്ടെ. എല്ലായിടത്തും പാലങ്ങൾ ഉണ്ടാക്കികൊടുക്കാൻ കഴിയുന്നതുവരെ നീന്തുകയും, പുനലൂരും, അതുപോലെ മറ്റു പല സ്ഥലങ്ങളിലുമുള്ള പാലങ്ങൾകൂടി പൊളിച്ചുകളയുകയാണു് വേണ്ടതു്. എന്നു ഒരു ഗവമ്മെണ്ടു് തീരുമാനിക്കുകയാണെങ്കിൽ അതിൽപരം വിചിത്രമായ മറ്റൊന്നെങ്കിലും ഉണ്ടോ? അതുപോലെതന്നെ ഇന്നു പല സ്ഥലങ്ങളിലും ആശുപത്രികൾ ഇല്ലെന്നു മുറവിളി ഉണ്ടു്. എല്ലായിടത്തും ആവശ്യാനുസരണം ആശുപത്രികൾ ഉണ്ടാക്കികൊടുക്കാൻ കഴിയുന്നതുവരെ ഇന്നു നിലവിലുള്ള ആശുപത്രികളുംകൂടി നിവൃത്തികേടുകൊണ്ടു് എന്നാരെങ്കിലും പറയുമോ? കുറച്ചു കുറച്ചായി കഴിവനുസരിച്ചു ഇതെല്ലാം നിവൃത്തിക്കുക എന്നല്ലാതെ മറ്റൊരു മാർഗ്ഗം ഒന്നുമില്ല. എല്ലാ ഹരിജന വിദ്യാർത്ഥികൾക്കും ഒരുമിച്ചു സഹായം നൽകാൻ സാദ്ധ്യമല്ലെങ്കിൽ കഴിവുള്ളിടത്തോളംപേരെ സഹായിക്കുക എന്ന ഒരു നയമാണു് സ്വീകരിക്കേണ്ടതു്. അതല്ലാതെ എല്ലാവരേയും സഹായിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ആരേയും സഹായിക്കേണ്ട, ഇതിനുമുമ്പു് സഹായം നൽകിക്കൊണ്ടിരുന്നവർക്കുതന്നെയും ഇനിമേൽ നൽകേണ്ട എന്ന ഒരു തീരുമാനം ചെയ്യുക എന്നുവന്നാൽ അതെന്തു കഷ്ടമാണെന്നു ബഹു. ഗവമ്മെണ്ടും സഭാംഗങ്ങളും ആലോചിക്കേണ്ടതാണു്. ഈ രാജ്യത്തെ ഹരിജൻ ഹോസ്റ്റലുകളിൽ സർക്കാർ ഖജനാവിലെ പണം ചിലവുചെയ്തു ഹരിജനവിദ്യാർത്ഥികൾക്കു് താമസസൗകര്യവും ഭക്ഷണവും മറ്റുസൗകര്യങ്ങളും നൽകിവന്നിരുന്നു. വളരെ സുഖകരമായിട്ടല്ലെങ്കിലും അതുമായും സൗകര്യങ്ങളും ഗവമ്മെണ്ടു് ചിലവിൽ അവർക്കു് കിട്ടിക്കൊണ്ടിരുന്നതു് ഒരു വലിയ കാര്യമായിരുന്നു. എന്നാൽ സർക്കാർ ഖജനാവിലെ പണം ചിലവാക്കി ഇന്നെത്ര ഹരിജനവിദ്യാർത്ഥികൾക്കു ഭക്ഷണം നൽകുന്നു എന്നു ഞാൻ ചോദിക്കുന്നു. എത്ര വിദ്യാർത്ഥികൾക്കു പുസ്തകങ്ങളും വസ്ത്രങ്ങളും മറ്റു സൗകര്യങ്ങളും നൽകുന്നുണ്ടു് എന്നു ഞാൻ ചോദിക്കുന്നു. ഇതാണോ ജനകീയ ഗവമ്മെണ്ടിന്റെ ഹരിജനോദ്ധാരണപദ്ധതി? ഹരിജനോദ്ധാരണത്തിനുവേണ്ടി ഇന്നൊന്നും ചെയ്യുന്നില്ലെന്നുമാത്രമല്ല, മുമ്പു് ചെയ്തുകൊണ്ടിരുന്നതു കൂടിയും നിവൃത്തിക്കുകയുംകൂടിയാണു് ഇന്നത്തെ ഗവമ്മെണ്ടു് ചെയ്യുന്നതു്. ഈ കാരണംകൊണ്ടുതന്നെ, ഞാൻ ബഹു. പ്രധാനമന്ത്രിയോടു പറയുന്നു, ഹരിജനങ്ങളായ ഞങ്ങൾക്കു് ഇന്നത്തെ ഗവമ്മെണ്ടിനോടു് എത്രമാത്രം അതൃപ്തിയും അവിശ്വാസവുമാണു് ഉള്ളതെന്നു അങ്ങറിയുന്നില്ല എന്നു്. മിഡിൽ സ്കൂൾ വിദ്യാർത്ഥികൾക്കു് 0-8 ഉറുപ്പികയും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു് 8 0 ഉറുപ്പികയും വീതം കൊടുക്കുന്നതിനു് ഒരു എടുപ്പാടുണ്ടു്. എന്നാൽ അതെന്നാണു് കൊടുത്തിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. ഓണത്തിന്റെ തലേദിവസം കൊടുത്തതിനുശേഷം ഇതുവരെ കൊടുത്തിട്ടില്ല. ഇനി എന്നു കൊടുക്കാനാണു് ഉദ്ദേശിക്കുന്നതെന്നു നിശ്ചയവുമില്ല. വിദ്യാഭ്യാസത്തിന്റെ കാര്യം അവിടെ നിൽക്കട്ടെ. ഭൂനികുതിയുദ്യോഗത്തിന്റെ കാര്യം പറയാം. ഉദ്യോഗത്തിന്റെ കാര്യം തിട്ടപ്പെടുത്തുന്നതിനു പ്രധാനമർഹിക്കുന്നതു് ഒന്നാണു്. ഉദ്യോഗത്തിനുള്ള കാര്യത്തിൽ തിരുവിതാം-

LIBRARY ARCHIVES Kerala Legislative Assembly

[Sri P. C. Adichan]

കൂടാ കൊച്ചിയും ഒന്നാകുന്നതിനു് മുമ്പു് കൊച്ചിയിൽ ചിലതെല്ലാം ചെയ്യുവ
ന്നിരുന്നു എന്നാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ബി. എൽ.
പാസായവക്കു് മജിസ്ട്രീരിയൽ ട്രെയിനിംഗ് കൊടുത്തു മജിസ്ട്രേട്ടന്മാരായി നി
യമിച്ചു് കൊച്ചിശവമ്മെണ്ടു് പ്രോത്സാഹനം നൽകിയിരുന്നു. ശ്രീ. കെ. അയ്യ
പ്പൻ മന്ത്രിയായിരുന്ന കാലത്തു ഞാൻ അയച്ച ഒരു ചോദ്യത്തിനു് നൽകിയ
ഉത്തരത്തിൽനിന്നും ആ വിവരം എനിക്കു് മനസ്സിലാക്കാൻ സാധിച്ചു. എ
ന്നാൽ ഈ തിരുവിതാംകൂറിൽ എത്ര ഹരിജനങ്ങൾക്കാണു് മജിസ്ട്രീരിയൽ ട്രെ
യിനിംഗ് കൊടുത്തു മജിസ്ട്രേട്ട ഉദ്യോഗം നൽകിയിട്ടുള്ളതെന്നു ഞാൻ ചോദി
ച്ചുകൊള്ളട്ടെ. പത്തുലക്ഷത്തോളം വരുന്ന തിരുവിതാംകൂർ-കൊച്ചീസംസ്ഥാന
ത്തിലെ പിന്നോക്കസമുദായാംഗങ്ങളുടെയിടയിൽ ഉയർന്ന ഉദ്യോഗങ്ങളിലിരിക്ക
ന്നവർ എത്രയുണ്ടെന്നു നോക്കിയാൽ ഒരൊറ്റ ആളെപോലുമില്ല. കൊച്ചിയിൽ
ഒരാളെ നിയമിച്ചിട്ടുണ്ടായിരുന്നു. പക്ഷെ നീതിയായും ന്യായമായും പ്രവർത്തി
ച്ചതിനു് ഇന്നു അദ്ദേഹത്തെ സസ്പെൻറിൽ നിറുത്തിയിരിക്കയാണു്. ഇങ്ങനെ
യാണു് ഇവിടത്തെ പിന്നോക്കസമുദായോദ്ധാരണത്തിൻെറ പോക്കു്. പിന്നോ
ക്കസമുദായോദ്ധാരണം തുടങ്ങിച്ച കാലത്തു പ്രീപ്രൈമറിക്ലാസ്സു് തൊട്ടുതുടങ്ങി
യാലും ഇന്നു എത്രയോ ആളുകൾക്കു ഉയർന്ന ഉദ്യോഗങ്ങളിൽ എത്താൻ ക
ഴിയുമായിരുന്നു. എന്നാൽ ഈ ഐക്യസംസ്ഥാനത്തു മുൻസിഫന്മാരായും,
ജഡ്ജിമാരായും, മജിസ്ട്രേട്ടന്മാരായും മറ്റും എത്ര ഹരിജനങ്ങളാണുള്ളതെന്ന
നമുക്കെല്ലാവർക്കും അറിയാം. കൊച്ചിയിൽ പേരിനു് ഒരാൾ ഉണ്ടായി
രുന്നതുംകൂടെ ഇപ്പോൾ പോയിരിക്കയാണല്ലോ. ഇതിനെക്കുറിച്ചു ഞാൻ
ഇയ്യിടെതന്നെ പലരുമായിട്ടും സംസാരിച്ചപ്പോൾ അവർ പറഞ്ഞതു് നിങ്ങൾ
അധികൃതരെ സമീപിച്ചു കാര്യങ്ങളെല്ലാം വളരെ 'ഭദ്രമായി' ധരിപ്പിക്കുക എ
ന്നാണു്. സർ, ഇനി എങ്ങിനെയാണു് ഞങ്ങൾ ഇതു ധരിപ്പിക്കേണ്ടതു? ഞ
ങ്ങൾ എത്രകാലമായിട്ട ഇതു് ആവർത്തിച്ചുകൊണ്ടിരിക്കുന്നു! ഇന്നത്തെ ശവമ്മെ
ണ്ടിൻെറ പിന്നോക്കസമുദായയോദ്ധാരണ നയത്തെക്കുറിച്ചു ഹരിജനങ്ങളുടെയിട
യിൽ വളരെ തെറ്റിദ്ധാരണകൾ ഉണ്ടു്. അതിൻെറ അടിസ്ഥാനം എന്തു
തന്നെ ആയിരുന്നാലും പിന്നോക്കസമുദായക്കാരുടെ കാര്യത്തിൽ ശവമ്മെണ്ടു്
വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ലെന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. ഈ
ശവമ്മെണ്ടിൽനിന്നു എന്തെങ്കിലും ഗുണമുണ്ടാകുമെന്നു ആശിക്കാനും വഴികാണു
ന്നില്ല. ഒരുപക്ഷെ ഇനിവരുന്ന ശവമ്മെണ്ടു് ഇക്കാര്യത്തിൽ താല്പര്യം കാണി
ച്ചേക്കാമെന്നു സമാധാനിച്ചുകൊണ്ടു് ഞാൻ മറെറാരു കാര്യത്തിലേക്കു പ്രവേശി
ക്കുന്നു.

ശ്രമി പതിച്ചുകൊടുക്കുന്ന കാര്യത്തെപ്പററിതന്നെയാണു് എനിക്കു വീണ്ടും
പറയുവാനുള്ളതു്. ഹരിജനങ്ങൾ ശരിയായി സംഘടിച്ചു പ്രവർത്തിക്കാത്തതു
കൊണ്ടാണു് അവരുടെ കാര്യങ്ങൾ നടക്കാത്തതെന്നു ഈ അടുത്തകാലത്തു പല
വലിയ കോൺഗ്രസ്സു് നേതാക്കന്മാർപോലും എന്നോടു് പറഞ്ഞിട്ടുണ്ടു്. ഇന്നു
വിവിധപാർട്ടികളിൽനിന്നു പ്രവർത്തിക്കുന്നവരാണെങ്കിലും ഹരിജനപ്രതിനിധി
കളായ ഞങ്ങൾ എല്ലാം ഒത്തുചേർന്നു കഴിഞ്ഞമുറ ശവമ്മെണ്ടിലേക്കു ഒരു മെമ്മോ
റിയൽ കൊടുത്തു. മുമ്പിരുന്ന റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതമൂലമോ
ദാക്ഷിണ്യബുദ്ധിമൂലമോ മറെറ കാരണങ്ങളാലോ ചില പുറമ്പോക്കുഭൂമികളിൽ
ഹരിജനങ്ങൾ പ്രവേശിക്കുവാൻ ഇടവന്നിട്ടുണ്ടു്. അങ്ങിനെയുള്ള പല സ്ഥല
ങ്ങളും കരകടക്കുടിശികക്കു ലേലത്തിൽ വില്ലിക്കാൻ ഇടയുണ്ടെന്നറിഞ്ഞപ്പോൾ അതു
കൊണ്ടു് സാധുക്കളായ ഹരിജനങ്ങൾക്കുണ്ടാകാവുന്ന കഷ്ടതയെ ഓർത്തു് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പടികൾ നിർത്തിവയ്ക്കണമെന്ന ഞങ്ങൾ ഗവൺമെണ്ടിലേക്ക് ഒരു മെമ്മോറിയൽ സമർപ്പിച്ചു. സർ, എന്നിട്ട് എന്തുചെയ്തു എന്നു ഞാൻ ബഹു. മന്ത്രിമാരോട് ചോദിക്കുന്നു. പിന്നോക്കസമുദായക്കാർക്ക് സൗജന്യമായി യാതൊന്നും ചെയ്തുകൊടുക്കേണ്ടാ എന്നാണ് ഞാൻ പറയുന്നതു്. അവർക്ക് അർഹതയുള്ളതുമാത്രം കൊടുത്താൽ മതി. കൂടുതലൊന്നും അവർക്ക് കൊടുക്കേണ്ട. ഇന്നിവിടെയിരിക്കുന്ന എല്ലാവരുംതന്നെ ഹരിജനങ്ങളുടേയുംകൂടി പിന്തുണയാർജിച്ചു ഈ സ്ഥാനങ്ങളിൽ വന്നിട്ടുള്ളവരാണെന്നു ഓർമ്മിക്കണം. ബഹു. മന്ത്രിമാരും അവരുടെ ഇന്നത്തെ സ്ഥാനങ്ങൾ അലങ്കരിക്കുന്നതു് ഹരിജനങ്ങളുടേയുംകൂടെ പിന്തുണകൊണ്ടാണെന്നു ഓർമ്മിച്ചു അവരുടെ കാര്യംകൂടി അല്പമൊന്നു ശ്രദ്ധിക്കാൻ ദയവുണ്ടാകണമെന്നു വീണ്ടും വീണ്ടും അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഈ സഭയുടെ എതിർപക്ഷത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരുന്ന എനിക്കു് ഭരിപക്ഷത്തോടുകൂടി ഭരണം നടത്തുന്ന പാർട്ടിയിൽ കക്ഷിചേർന്നു നില്ക്കുന്നതുതന്നെ ആക്ഷേപമാണെന്നു തോന്നിപ്പോയി. എങ്കിലും എതിർപക്ഷത്തുനിന്നും ഏറ്റവും നിശിതമായി ഗവൺമെണ്ടിനെ വിമർശിച്ച മാന്യദേഹംതന്നെ ഈ ഗവൺമെണ്ടു് കക്ഷിയുടെ നേതാവായി ഭരണം നടത്തുകയും അദ്ദേഹം അതിൽ വിജയിക്കുന്നില്ലെന്നുകണ്ടു് കക്ഷി പിരിയുകയും ചെയ്ത ഒരാളാണു് എന്ന വസ്തുത ഓർക്കുമ്പോൾ വാസ്തവത്തിൽ എനിക്കു വളരെ ആശ്വാസംകൊള്ളുകയാണു് ചെയ്യുന്നതു്. ആരെങ്കിലും ഭരണം നടത്തുമ്പോൾ എതിർപക്ഷത്തുനിന്നും ആക്ഷേപങ്ങൾ പുറപ്പെടുവിക്കുക എളുപ്പമാണു്. എന്നാൽ എല്ലാവർക്കും തൃപ്തികരമായ വിധത്തിൽ ഒരു ഭരണം നടത്തുകയെന്നുള്ളതു് പ്രയോഗത്തിൽ സാദ്ധ്യമല്ലെന്നു മനസ്സിലാക്കികൊണ്ടു് ഇങ്ങനെ എതിർക്കുന്നതിനായിട്ടുമാത്രം ഒരു കക്ഷി രൂപീകരിച്ചു ആക്ഷേപങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആ ആക്ഷേപങ്ങളുടെ വിലതന്നെ ഇല്ലാതായിപ്പോവുകയാണു് ചെയ്യുന്നതു്.

ഇന്നത്തെ ഗവൺമെണ്ടു് ധാരാളം ആക്ഷേപങ്ങൾക്കു് അർഹമായിരിക്കാം. കുറവുകളിൽനിന്നു് ഈ ഗവൺമെണ്ടു വിമുക്തമാണെന്നു ഞാൻ പറയുന്നില്ല. ലോകത്തിൽ ഏതൊരു ഗവൺമെണ്ടിനാണു് കുറവുകളും ആക്ഷേപങ്ങളും ഇല്ലാത്തതു്? ഈ രാജ്യത്തിലെ ജനങ്ങൾ ഒന്നാകെ ഈ രാജ്യത്തെ ഉദ്യോഗസ്ഥലോകത്തെ ആക്ഷേപിക്കുന്നു. ഇതിനു് ഉദ്യോഗസ്ഥലോകം മാത്രം കുറ്റക്കാരാണോ? ഇവിടത്തെ ഉദ്യോഗസ്ഥലോകത്തിന്റെ അഴിമതികൾക്കു് ഈ രാജ്യത്തെ ജനങ്ങൾക്കു യാതൊരു ചുമതലയും ഇല്ലേ? ഉദ്യോഗസ്ഥലോകത്തിനു കൂടുതൽ ചുമതലയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അനുദ്യോഗസ്ഥലോകത്തിനും ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾക്കു് ഏറ്റക്കുറച്ചിൽ ചുമതലയുണ്ടെന്നു നാം ഓർക്കണം. ഇന്നത്തെ ഗവൺമെണ്ടിന്റെ ഭരണത്തിനു ചില ദോഷങ്ങൾ ഇല്ലാതില്ല. ഇവിടത്തെ ഭക്ഷ്യോല്പാദനം സംബന്ധിച്ചു ചില നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ വനഭൂമികൾ കൃഷിക്കായി പതിച്ചുകൊടുത്തു. എന്നാൽ, കൃഷിക്കായി ഭൂമി നൽകപ്പെട്ടതു മിക്കവാറും കൃഷിക്കു ഭൂമിയില്ലാത്തവർക്കാണു്. അതു് ഇന്നത്തെ ഗവൺമെണ്ടിന്റെ നയത്തിന്റെ ഒരു ദൃഷ്ടാന്തമാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഭക്ഷ്യോല്പാദനമാണു് ഗവൺമെണ്ടിന്റെ പരമമായ ഉദ്ദേശമെങ്കിൽ, ഇങ്ങനെ പതിച്ചുകൊടുക്കപ്പെടുന്ന ഭൂമിയിൽനിന്നു് എത്രമാത്രം ഭക്ഷ്യോല്പാദനം കൂടുതലായി സാധിക്കാമോ അതിനു കൂടുതൽ സാമർത്ഥ്യവും കഴിവും ഉണ്ടെന്നു കാണുന്നവർക്കുമാത്രം ഭൂമി പതിച്ചുകൊടുക്കുകയാണു് വേണ്ടതു്. അങ്ങനെയുള്ളവരെയാണു്

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. M. Varghese]

കൂടുതലായി ഭൂമി എല്പിക്കേണ്ടതു്. ഉദാഹരണമായി പറഞ്ഞാൽ, അടുത്തകാല ത്തു റഷ്യയിൽ ഒരു ഡാം കെട്ടുന്നതിനായി ആ ഗവമ്മെണ്ടു് അനേകം ടെൻറുകൾ ആവശ്യപ്പെട്ടു. ജർമ്മനിയിൽനിന്നും അമേരിക്കയിൽനിന്നും അതുപോ ലെ മറ്റു പലരാജ്യങ്ങളിൽനിന്നും ടെൻറുകൾ കൊടുത്തു. അമേരിക്കയിൽ നിന്നും ലഭിച്ച ടെൻറർ, ജർമ്മനിയിൽനിന്നും ലഭിച്ച ടെൻറിലെ തുകയേക്കാൾ ഇരട്ടിയിൽ കൂടുതലുള്ളതായിരുന്നുവെങ്കിലും റഷ്യയിലെ ഭരണാധിപനായ സ്റ്റാലിൻ അമേരിക്കയ്ക്കാണു് ആ പണി കൊടുത്തതു്. കാരണം ഏറ്റവും വമ്പിച്ച പദ്ധതി കൾ വിജയപൂർവ്വം നടപ്പിലാക്കുവാനുള്ള പ്രാപ്തി ജർമ്മനിയേക്കാൾ അമേരിക്കയ്ക്കാ ണുള്ളതെന്നു് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. അതുപോലെ, കൃഷിചെയ്യു ന്നവരാരും പഴക്കവും പരിചയവും സിദ്ധിച്ചിട്ടുള്ളവർക്കു തുണ്ടുതുണ്ടായി ഭൂമികൾ പതിച്ചുകൊടുക്കുന്നതു ശേഖരമായി ഭൂമി പതിച്ചുകൊടുക്കേണ്ടതായിരുന്നു. ഭൂമി തുണ്ടുതുണ്ടായി ഭാഗിക്കണമെന്നുള്ളതല്ല, കൂടുതൽ ഭക്ഷ്യോല്പാദനം ഇവിടെ ഉണ്ടാ ക്കണമെന്നുള്ളതാണു് നമ്മുടെ ആവശ്യം. അതിലേക്കു യോജിച്ച ഒരു പദ്ധതി യാണു് ഗവമ്മെണ്ടു നടപ്പിൽ വരുത്തേണ്ടിയിരുന്നതു്.

അതുപോലെതന്നെ, ഈ രാജ്യത്തെ വിദ്യാഭ്യാസസംപ്രദായത്തെ സംബ ന്ധിച്ചും പല ആക്ഷേപങ്ങളും കേൾക്കുന്നുണ്ടു്. ഗവമ്മെണ്ടു് എല്ലാ വിഭാഗക്കാ ർക്കും വിദ്യാഭ്യാസകാര്യത്തിൽ തുല്യമായ സൗകര്യവും എല്ലാവരുടേയും ആവശ്യ ങ്ങളും നിർവ്വഹിക്കത്തക്കവിധത്തിലും ഒരു വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്തു വാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ഈ രാജ്യത്തെ വിദ്യാഭ്യാസം മുഴുവൻ ഈ ഗവമ്മെണ്ടിൻറെ ചുമതലയിൽ എടുക്കണമെന്നു് ഈ സഭയിലെ എതിർകക്ഷിക്കാരിൽ ചിലർ അഭിപ്രായപ്പെടുന്നു. അവർ ഈ രാജ്യത്തെ യഥാർത്ഥനിലയെ ശരിക്കു മനസ്സിലാക്കാതെയാണു് അങ്ങനെ അഭിപ്രായപ്പെടുന്ന തെന്നുവേണം വിചാരിക്കുവാൻ. വിദ്യാഭ്യാസം ജനങ്ങൾക്കു് ഏകദേശം ഭക്ഷ ണംപോലെതന്നെ അത്യാവശ്യമായ ഒരു കാര്യമാണു്. ഭക്ഷണം ഓരോരുത്തരു ടേയും സ്വാതന്ത്ര്യത്തിൽ കഴിക്കുന്നതിനു ഗവമ്മെണ്ടു് അനുവദിക്കുമെങ്കിൽ എ ന്തുകൊണ്ടു സാമാന്യവിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യംകൂടി അനുവദിച്ചുകൊടു ത്തുകൂടാ? ചില സമുദായക്കാർക്കു തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യി ക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു പറഞ്ഞാൽ, അതും ഗവമ്മെ ണ്ടു നിശ്ചയിക്കുന്ന സാമാന്യനിയമത്തിനു് എതിരില്ലാത്തവിധത്തിൽ നടത്തി ക്കൊള്ളാമെന്നു സംവദിച്ചാൽ അതിനാണു് പരാതിക്കു അവകാശമുള്ളതെന്നു ഞാൻ ചോദിക്കുന്നു.

ഗവമ്മെണ്ടിൻറെ ചെയ്തികളെ ഇത്രമാത്രം കുറ്റം പറയുന്നവർക്കു സൃഷ്ടി പരമായ യാതൊരു അഭിപ്രായങ്ങളും ഉന്നയിക്കുവാൻ സാധിച്ചിട്ടില്ല. ഏ തൊരു ഗവമ്മെണ്ടിനെപ്പറ്റിയും കുറ്റങ്ങളും കുറവുകളും പറയുവാൻ പ്രയാസ മില്ല. അതോടൊപ്പം പ്രായോഗികവും സൃഷ്ടിപരവുമായ നിർദ്ദേശങ്ങൾകൂടി പറയേണ്ടതാണു്. അങ്ങനെയുള്ള യാതൊരു നിർദ്ദേശങ്ങളും ഉന്നയിക്കുവാ നുള്ള തൻറേടം ഗവമ്മെണ്ടിനെപ്പറ്റി ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ള ബഹു മാനപ്പെട്ട അംഗങ്ങൾ ഒരുംതന്നെ പ്രദർശിപ്പിച്ചിട്ടില്ല. എതിർപ്പുകൊണ്ടു മാത്രം കാര്യമായില്ല. ഇങ്ങനെയുള്ള എതിർപ്പുകൊണ്ടുമാത്രം ഈ രാജ്യത്തെ ജനങ്ങളുടെ വിശ്വാസം സമ്പാദിക്കാമെന്നു കരുതുന്നതും തെറ്റാണു്. അതു കൊണ്ടു് ഈവക ആക്ഷേപങ്ങളൊന്നും കാര്യമാക്കാതെ ഈ രാജ്യത്തിൻറെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലാക്കാക്കി ഗവമ്മെണ്ടു വേണ്ടതു പ്രവർത്തിക്ക ണമെന്നഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. எ. சிதம்பரநாத நாடார் : ஸர், தற்போது நெல் அளவு தாசில் தார்கள் நெல்லெடுப்பு முறையை எந்த முறையில் கையாளுகிறார்கள், அ வர்களது மேலதிகாரியான சிவில் ஸப்ளைஸ் கமிஷனர் அவர்கள் எவ்வளவு அழகாக மேல் நோட்டம் செய்து வருகிறார்கள் என்பதைப்பற்றி ஒரு உதா ரணம் சொல்லலாமென்று நினைக்கிறேன். கழிந்த ஒரு வாரத்திற்கு முன் னர் அகஸ்தீஸ்வரம் தாலுகாவிலுள்ள Grain Purchase Tahsildar ஒரு van ல் ஏறி மருங்கூர் என்ற இடத்திற்குப் போனபோது, இந்த வானயும் போலீ லையும் கண்டவுடன் அங்குள்ள பெண்மணிகளும் குழந்தைகளும் விழுந் தடித்து ஓடினர்கள். ஆனல் ஒரு வீட்டில் ஒரு காதுகேளாத ஒரு பெண் மணி. அப்பெண்மணிக்கு மூன்று குழந்தைகளுண்டு. ஒரு குழந்தை பால் குடித்துக்கொண்டிருந்தது. மற்றக் குழந்தைகள் வெளியே இருக்க, அவள் சுகமில்லாமல் உள்ளே படுத்திருந்தாள். இப்படியிருக்க, தாசில் தார் வந்தார், கதவைத் தட்டினர். ஆனல் அப்பெண்மணிக்கு காது கேட் காததால் அவள் கதவைத் திறக்கவில்லை. உடனே, தாசில்தார் நினைத் தார், உள்ளே நெல்லிருக்கிறது, ஆகவே தான் கதவு திறக்க வில்லையென்று. உடனே அவ்வீடு ஸீல் வைக்கப்பட்டது. பின் தாசில்தாரும் அவரது ஆட் களும் சாப்பிட்டுக்கொண்டிருந்தார்கள். நிலைமை இப்படியிருக்க, பால் கொடுத்துக்கொண்டிருக்கும் ஒரு மாதிற்கு, அவள் குழந்தைக்கு சமயத் தில் பால் கொடுக்காவிட்டால் அவளது மார்பு எப்படித் தரிக்குமென்று ந மக்குத் தெரியும். அப்படியாக அப்பெண்மணியும் வீட்டிலிருந்து கூப்பாடு போடுகிறாள். குழந்தைகளும் கூப்பாடு போடுகிறது. இந்தச் சப்தத்தைக் கேட்டு அங்குள்ள பார்வத்திக்காரர் வந்து தாசில்தாரிடம் சொன்னர், உட னே ஸீலைப் பொட்டித்து அவளை வெளியே விடவேண்டுமென்று. இந்த நிலைமையில்தான் உங்களது தாசில்தார் நெல்லெடுத்துக்கொண்டிருக்கிறார் கள். இது ஒரு உதாரணம் அடுத்ததாக, அகஸ்தீஸ்வரத்திலும், கல் குளத்திலுமுள்ள தாசில்தார்களைப் பெறுத்தளவில் அவர்கள் கைக்கூலி வாங்கமாட்டார்கள் என்று எனக்கு தெரியும். ஆனல் அகஸ்தீஸ்வரம் தா லுகாவில் இருக்கக் கூடிய Grain Purchase Tahsildar யைப் பொறுத்தளவில் அ வர் என்னைப் போன்ற ஒரு கிருஷிக்காரனின் மகன். ஆனல் கல்குளம் தாலுகாவில் இருக்கக்கூடிய Grain Purchase Tahsildar கலப்பையைக் கண்டி ருப்பாரா என்று சம்சயந்தான். தாஸ் அவர்கள், கிருஷிக்காரனுக்கு வே ண்டிய அளவு நெல்லை கொடுத்து விட்டு மிச்ச நெல்லை அளந்து கொண்டு போகவேண்டுமென்று சொன்னர்கள். எனக்கு எட்டிய மட்டில், பெண் டாட்டியோ பிள்ளைகளோ இருந்தால் தானே மற்றவர்களை தங்கள் குழந்தை கள் போல் நடத்தவேண்டுமென்று தெரியும். அப்படியிருக்கும்போது கல்குளம் தாசில்தாரான மேனேன் அவர்களுக்கு மனைவியோ, பிள்ளை குட் டிகளோ, சுற்றத்தாரோ, ஒருவரும் கிடையாது. அவருக்கு இந்த உல கத்தில் ஒரு இன்பமும் கிடையாது. கிருஷிக்காரன் எட்டிப்பானலும் அ வருக்கு ஒரு கவலையும் கிடையாது. ஆக இப்படிப்பட்ட தாசில்தார்களை நியமித்தால் எங்களைப் போன்ற கிருஷிக்காரர்களின் நிலைமை என்னவாகு மென்று நீங்கள் சற்று ஆலோசித்துப் பார்க்கவேண்டும். இப்படியிருக்க, உங்கள் Civil Supplies Commissioner அவர்களையோ, அவர்களது கீழ் இருக் கும் தாசில்தார்களையோ நான் குற்றம் சொல்லவில்லை. நீங்கள் சற்று ஆ லோசித்துப் பாருங்கள். எங்களை கருஞ்சந்தை செய்யக் கூடாதென்று த

[Sri. A. Chitambaranatha Nadar]

டுக்கிறீர்கள். உண்மை. இந்த Civil Supplies Commissioner க்கோ, அல்லது அவரது கீழ்வேலை செய்து கொண்டிருக்கும் Deputy Commissioner க்கோ, அல்லது Deputy Commissioner அவர்களின் கீழ் வேலை செய்துகொண்டிருக்கும் Grain Purchase Tahsildar களுக்கோ, ரேஷன்காட் இருக்கிறதா என்று கேட்கிறேன். அப்படி அவர்களுக்கு எல்லாம் ரேஷன் கார்ட் உண்டானால் நீங்கள் செய்யும் செய்கை நியாயமே. உங்களுக்கு மனசாட்சியே கிடையாது. அப்படி மனசாட்சி இல்லாதவர்களை கிருஷிக்காரர்களின் நடுவிலிட்டு ஏன் கிருஷிக்காரர்களை கஷ்டப்படுத்துகிறீர்கள். இன்னொன்று, இந்த தாசில்தார் அவர்களுக்கு வித்து நெல் எது, சாப்பிடக்கூடிய நெல் எது என்று தெரியாது. என்ன அநியாயம். இந்த அநியாயத்தை நாங்கள் யாரிடம் போய் சொல்வது. திருவிதாங்கூர்காரன் என்றோ கொச்சிக்காரன் என்றோ எனக்குக் கிடையாது. மொத்தத்தில் இப்பொழுது அநாவசியமாக, பொருளாதார அடிப்படைக்கு எதிராக, அந்த இலாக்காவை நடத்திக் கொண்டிருக்கும் மந்திரியவர்களும், அந்த இலாகாவின் தலைமை பீடத்தில் இருக்கும் மேனேன் அவர்களும் உத்தியோகஸ்தர்களை அபரிமிதமாக நியமித்துக் கொண்டிருக்கிறார்கள் என்பதுதான் எனது தாழ்மையான அபிப்பிராயம். உதாரணமாக, பீரிமேட்டில் 600 பறை நெல் அளப்பதற்கு ஒரு தாசில்தார் எதற்கு என்று கேட்கிறேன். அவருக்கு கீழ் மூன்று Assistant Purchase Officers எதற்கு என்று கேட்கிறேன். இவர்களுக்குக் கீழ் மூன்று பார்வத்திக்காரர்கள் எதற்கு என்று கேட்கிறேன். இப்பார்வத்திக்காரர்களுக்குக் கீழ் மூன்று Special Accountants எதற்கு என்று கேட்கிறேன். தர்ம நியாயம் என்றுண்டு உலகத்தில். இந்த Commissioner யைப் பொறுத்தவில் அவர் ஒரு பெரிய குடும்பத்தில் பிறந்தவர் என்று எனக்குத் தெரியும். ஆனால் தர்ம நியாயத்தைப் பொறுத்தவில், ஒரு கிருஷிக்காரனை எடுத்துக் கொள்வோம். அவனுக்கு 10 ஏக்கர் நிலமிருந்தால் உடனே தாசில்தார், "உனக்கு பத்து ஏக்கர் நிலமிருக்கிறதே, அதில் அரை விளைவு விளைந்திருந்தாலும் சுமார் 100 பறை இருக்கவேண்டும். அதில் உன் சாப்பாட்டிற்கு 25 பறை இருக்கவேண்டும் போக, மீதி 75 பறையை உடனே சர்க்காருக்கு அளந்து தரவேண்டும்" என்று சொல்லி ஒரு Demand Notice அனுப்ப வேண்டியது தர்மநியாயம். அப்படி ஒரு Demand Notice கூட அனுப்பாது, இந்த அகஸ்தீஸ்வரம் தாசில்தாரும், கல்குளம் தாசில்தாரும், எ. எஸ். பி. இன்ஸ்பெக்டர் சகிதம் ஒவ்வொரு வீட்டினுள்ளும் ஈறிச் செல்லும் இந்த அநியாயத்தை யாரிடம் போய் சொல்வது. இப்படி நேர்மையாகவும், ஒழுங்காகவும் வாழ்ந்து வரும் ஆட்களிருக்கும் வீடுகளில் இவர்கள் இப்படி ஏறினால் இவர்கள் ஒரு நாளும் வாழ்ப் போவதில்லை. நீங்கள் நியாயக் கேடாக நடக்கிறீர்களென்று சொல்லவில்லை. ஆனால் செய்வதை ஒழுங்காகச் செய்யக் கூடாதா என்று கேட்கிறேன். கடைசியாக ஒரு வார்த்தை சொல்லி விட்டு முடித்துக் கொள்கிறேன். ஒரு அன்பர், தியாகிகளுக்கு நிலம் கொடுப்பதாகச் சொன்னார். தியாகிகளுக்கு நிலம் கொடுப்பதில் எனக்கு ஆக்ஷேபமில்லை. ஆனால் ஒரு அபிப்பிராய வித்தியாசந்தான். கொச்சியில் Cranganore பிரதேசத்தில் உள்ள ஒருவனுக்கு நீண்டகரையில் நிலம் கொடுப்பது என்ன நியாயம். அதேமாதிரி கன்னியாகுமாரியில் இருப்பவனுக்கு பரஹூரில் நிலம் கொடுப்பது என்ன நியாயம். கொடுங்கள். அதைப்பற்

LIBRARY ARCHIVES Kerala Legislative Assembly

றி ஆட்சேபமில்லை. ஒரு குளத்தின் கீழ் 50 அல்லது 100 ஏக்கர் கிருஷி யிருக்கக் கூடிய நிலத்தை அங்குள்ள தாசில்தார், அப்பிரதேச பார்வத்திகா ரரின் ரிப்போர்ட் அனுசரித்து சிபார்சு செய்ய, சிபார்சின் அடிப்படையின் பேரில் அவர்கள் அந்நிலத்தை பதித்துக் கொடுக்கிறார்கள். பின் அங்கே என்ன நடக்கிறதென்று யாருக்கும் தெரியாது. ஆக, கடைசியாக Commissioner அவர்களிடம் ஒன்று சொல்லிவிட்டு முடித்துக் கொள்கிறேன். கழிந்த காலத்தில் சில பார்வத்திக்காரர்களுக்கு பிரமோஷன் கொடுத்தார் கள், இந்த டிப்பார்ட்மென்றிலிருந்து. அங்ஙனம் பிரமோஷன் கொடுத்த பிறகும் நாங்கள் பாரவத்திக்காரர்களாகவே இருப்போம். எங்களுக்கு மேல் பதவி வேண்டாமென்று அவர்கள் சொல்வதின் மர்மம் என்ன ? ஒரு சான்று தருகிறேன். கன்னியாகுமாரி பகுதியிலுள்ள பார்வத்திக்காரர், நீண்டகரை பார்வத்திக்காரர், கல்குளம் தாலுகாவில் ஆளூர் பகுதி பார்வத் திக்காரர் ஈச்வரபிள்ளை. இப்படிப்பட்ட நான்கு பார்வத்திக்காரர்கள் உங் கள் கீழ் வேலை செய்ய இருந்தால், நீங்கள் எவ்வளவு நல்ல குடும்பத்திலி ருந்து வந்தாலும்சரி, நீங்கள் எவ்வளவு நியாயமாயிருந்தாலும்சரி, நீங்கள் நடத்துவதெல்லாம் உலகத்திற்கு வேண்டாம், வேண்டாமென்று சொல் லும் நிலைமையில் உங்கள் பெயர் கெட்டுப் போகும். அரசாங்கத்தின் நட் டெல்லும் முறிந்து போய்விடும். ராம் அவர்களும், தால் அவர்களும் ஆ ளூர் பகுதியைப்பற்றிச் சொன்னார்கள். அது எதற்காக என்று சொல்கி றேன். ஆளூர் பகுதி பார்வத்திக்காரர் ஈஸ்வர பிள்ளை ஒரு வீடு வைக்க அந்தோனி நாடாரிடம், எனக்கு வீடு கட்டுவதற்கு சில கம்புகள் தரவேண் டுமென்று சொன்னார். அதற்கு அவர் நெல்லளந்து கழிந்த பிற்பாடு தரு கிறேன் என்று சொன்னார். ஆனால் இப்பார்வத்திக்கார் நெல்லளப்பதற்கு முன் தர வேண்டுமென்று சொன்னார். அதற்கு அவர் முடியாது என்று, இப்படி வாக்கு வாதத்தால்தான் இந்தத் தர்க்கம் வந்தது. ஆகவே, Commissioner அவர்களிடம் நான் சொல்லிக்கொள்வதென்னவென்று கேட் டால் இப்படிப்பட்ட பார்வத்திக்காரர்களை நீங்கள் வைத்துக் கொண்டிருந் தால் உங்கள் Government இந்த நிலையில்தான் ஆடிக்கொண்டிருக்குமென்று சொல்லிக்கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകഞ്ഞു: സർ, ഞാൻ ശ്രീ. ഈർ. ശങ്കറിന്റെ ഭേദഗതിയെ അനുകൂലിക്കുന്നതോടുകൂടി ഒന്നരണ്ടു കാര്യങ്ങൾ ഇവി ടെ ഉണർത്തിക്കുന്നു. സർ, എത്രയും ബഹുമാനപ്പെട്ട മെമ്പറ മാർ ഇവിടെ പറയുകയുണ്ടായി, ഗവൺമെണ്ടു വളം കൊടുക്കുന്നില്ലാ, വളം കൊ ടുക്കുന്നില്ലായെന്നു്. എന്നാൽ എന്റെ അഭിപ്രായം നേരെ മറിച്ചാണു്. ധാ രാളം വളം ഗവൺമെണ്ടു വച്ചുകൊടുക്കുന്നുവെന്നാണു് ഞാൻ ധരിച്ചിരിക്കുന്നതു്. ജനങ്ങളോടു വംശാനുവംശമായു് അധികാരത്തിൽ വന്നയുടനെ കുറെ പ്രസ്സു് നോട്ടം പരസ്യപ്പെടുത്തിയിട്ടു ഭരിച്ചുകൊണ്ടിരിക്കുന്നതു് ഒരു വളംതന്നെയാ ണു്. മിക്കസ്ഥലങ്ങളിലും ഗവൺമെണ്ടിന്റെ ഏജൻസികളെ നിലനിറുത്തിക്കൊ ണ്ടുപോകുന്നതിനായി ക്ഷേണസാധനങ്ങളിലും മറ്റു സാധനസാമഗ്രികളിലും ഉള്ള നിയന്ത്രണത്തിന്റെപേരിൽ ഉദ്യോഗങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതു മറ്റൊ രുവക വളം. രാജ്യത്തു കള്ളക്കച്ചവടക്കാർക്കും കരിഞ്ചന്തക്കാർക്കും യഥേഷ്ടം വ്യാ പാരം നടത്തി കൊള്ളയടിക്കുന്നതിനെ തടയാത്തതു വേറൊരുവക വളം. ഇങ്ങ നെ നോക്കിയാൽ പലതരത്തിലും വിധത്തിലും ഗവൺമെണ്ടു വളംചെയ്യുന്നുണ്ടു്. ഇതുകൊണ്ടു പൊതുജനങ്ങൾക്കുണ്ടാകുന്ന കഷ്ടതകൾക്കു കുറവുണ്ടോ എന്നു നോ

LIBRARY ARCHIVES Kerala Legislative Assembly

[Sahib Bahadur T. A. Mytheen Kunju]

ക്കിയാൽ, ഓരോ ദിവസം കഴിയുംതോറും കൂടിക്കൊണ്ടിരിക്കുന്നതല്ലാതെ യാതൊരു കുറവും കാണുന്നില്ല. ഇപ്പോൾ നിയന്ത്രിച്ചിരിക്കുന്ന ഭക്ഷണസാധനങ്ങൾക്കു യാതൊരു നിയന്ത്രണവും ഇല്ലാതിരുന്നപ്പോൾ ഉണ്ടായിരുന്ന സുഖസൗകര്യങ്ങളാണോ ഇപ്പോൾ ഉള്ളതെന്നു ചിന്തിച്ചുനോക്കേണ്ടതാണ്. മൻപെങ്ങും നമുക്ക് അനുഭവപ്പെട്ടിട്ടില്ലാത്ത ദുരിതങ്ങളാണ് ഇപ്പോഴത്തെ നിയന്ത്രണംകൊണ്ടുണ്ടായിട്ടുള്ളതെന്നു പൊതുജനങ്ങളുമായി ഇടപെടുന്ന എതൊരാൾക്കും അറിയാം. ഭക്ഷണസാധനങ്ങൾക്കു മാത്രമല്ല, പെട്രോൾ മുതലായ വസ്തുക്കൾ കൺട്രോൾ ഏർപ്പെടുത്തി ക്ലോത്തിങ് സിസ്റ്റം ഏർപ്പെടുത്തുകയുണ്ടായി. തന്നിമിത്തം നാട്ടിൽ പലവിധ അനീതികളും രൂപമെടുത്തു പ്രവർത്തിച്ചുതുടങ്ങി. അതിന്റെ ഫലമായിട്ട്, ജനങ്ങളുടെ സാമ്പത്തികവും മാനസികവുമായ ചിന്താഗതിയെ നിരീശ്വരമായ പ്രവർത്തനങ്ങളിലേക്കു പ്രേരിപ്പിക്കുകയാണു ചെയ്യുന്നതു്. യുദ്ധകാലത്തുപോലും ഉണ്ടായിട്ടില്ലാത്ത ഭക്ഷണക്ഷാമവും ദുരിതവും ഇപ്പോൾ നാം അനുഭവിക്കുന്നതു്, മനുഷ്യൻ കരുതിക്കൂട്ടി ചെയ്യുന്ന ഒരു വഞ്ചനയോ അല്ലെങ്കിൽ ഒരിക്കലും തിരുത്താൻ സാധിക്കാത്തതരത്തിലുള്ള കഴിപ്പുമോ കൊണ്ടാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി അശ്രാന്തപരിശ്രമംചെയ്ത ത്യാഗങ്ങളും ക്ലേശങ്ങളും അനുഭവിച്ചുവരല്ലാ ഇന്നു രാജ്യം ഭരിക്കുന്നതു്. അവരുടെ കയ്യിൽ ഭരണം കിട്ടിയിരുന്നുവെങ്കിൽ ഇത്ര അധഃപതനം ഉണ്ടാകുകയില്ലായിരുന്നു. സർ, കുഞ്ഞിനെ പ്രസവിച്ചുവാങ്ക മാത്രമേ അതിനെ വെട്ടിനുറുക്കുന്നതിനു വിഷമമുണ്ടായിരിക്കയുള്ളൂ. സ്വാതന്ത്ര്യസമരത്തെ നോക്കിനിന്നു ചിരിച്ചുവരും ജയിലിനകത്തുള്ള മെത്തയുടെ മിനുസം കുറഞ്ഞുപോയെന്നു പരാതിപ്പെട്ടവരുമാണു് ഇന്നത്തെ ഭരണകർത്താക്കൾ. ഇന്നു നാം അനുഭവിക്കുന്ന എന്നു് അവകാശപ്പെടുന്ന സ്വാതന്ത്ര്യം സമ്പാദിച്ചുതന്ന വ്യക്തികൾ ജയിലിൽ കിടന്നു ദുരിതമനുഭവിക്കുന്നു. അല്പം മുമ്പു് എന്റെ ഒരു മാന്യസ്നേഹിതൻ റഷ്യയിലെ സ്ഥിതികൾ ഇവിടെ അനുസ്മരിപ്പിക്കയുണ്ടായി. സർ, ബൈബിളിൽ പറയുന്നു, സാത്താൻ ഭരണം മുത്തുവരുമ്പോൾ യേശുക്രിസ്തു ഉടലെടുക്കുമെന്നു്. സർ, ഞാൻ ഇവിടെ പ്രസ്താവിക്കുന്ന സംഗതികൾ സൃഷ്ടിപരവും ബുദ്ധിപരവുമായ നിർദ്ദേശങ്ങളല്ലെന്നു പറഞ്ഞു നിഷേധിക്കുകയാണു് ചെയ്യുന്നതു്. എനിക്കു് അതിൽ ഖേദവുമില്ല. എങ്കിലും രാജ്യനന്മയ്ക്കുവേണ്ടി, വിശേഷിച്ചും ഭക്ഷണസാധനങ്ങളെ സംബന്ധിച്ചിടത്തോളം രാജ്യം ദൈനംദിനം ദുരിതമനുഭവിക്കുന്നതിനെ കണ്ടുകൊണ്ടു് മൗനം ദീക്ഷിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. കൂടക്കൂടെ പ്രസ്താവനോട്ടകൾ പുറപ്പെടുവിച്ചുകൊണ്ടു് അവ അരിയാകയില്ല, നെല്ലുമാകയില്ല. നമ്മുടെ രാജ്യത്തു് ഏതെല്ലാം വിധത്തിൽ നെൽകൃഷിയെ പോഷിപ്പിക്കാമോ ആവിധത്തിലെല്ലാം പ്രവർത്തിക്കുന്നതിനു ഗവർമ്മെന്റു തയ്യാറാകണം. കൃഷിചെയ്യാതിട്ടിരുന്നാൽ ആവക സ്ഥലങ്ങൾ ഗവർമ്മെന്റു് ഏറ്റെടുത്തു കൃഷി നടത്തണം. അതുപോലെതന്നെ കർഷകരിൽനിന്നും ഒരു പറ നിലത്തിനു് ഇത്ര നെല്ലു് എന്നു് ഒരു ക്ലിപ്തമായ റേറ്റു നിശ്ചയിക്കണം. അവർക്കു വളം സഹായവിലക്കു നൽകണം. ഈ വിധത്തിലല്ലാതെ, വല്ലതരത്തിലും നെല്ലുണ്ടാക്കിയാൽ അതിനെ തുണ്ടുവാരിയെടുക്കുന്നതിനായി മാത്രം കുറെ ഉദ്യോഗസ്ഥന്മാരെ സൃഷ്ടിച്ചുകൊണ്ടു നമ്മുടെ ഭക്ഷണക്ഷാമം പരിഹരിക്കയില്ലെന്നു ഗവർമ്മെന്റു മനസ്സിലാക്കുന്നതു നന്നായിരിക്കും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഞാൻ ബഹു. മെമ്പർ ശങ്കറിന്റെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു് ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കണമെന്നു് ആഗ്രഹിക്കുന്നു. സർ, വ്യവസായീകരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ പേരിൽ ഈ ഗവണ്മെന്റിൽനിന്നും ഒരു വലിയ സംഖ്യ ചെലവാക്കിയിട്ടുണ്ട്. അതിന്റെ ഫലമായി ഏതാനും വലിയ കമ്പനികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർ സി. പി.യുടെ കാലത്താണ് ഈ കമ്പനികൾ മിക്കതും സ്ഥാപിച്ചിട്ടുള്ളത്. ആ കാലത്തു ഈ കമ്പനികളുടെ സ്ഥാപനത്തെപ്പറ്റി രാജ്യത്തുള്ള ജനങ്ങൾക്ക് പല പരാതികളും ഉണ്ടായിരുന്നു. ഈ മാതിരിയുള്ള കമ്പനികൾ രാജ്യത്തു് ആവശ്യമുണ്ടോ, ഇല്ലയോ എന്നുള്ളതല്ലാ അന്നത്തെ പ്രശ്നം. രാജ്യത്തുള്ള ധനമെല്ലാം ചൂഷണം ചെയ്യുന്നതിനായിട്ടാണ് വിദേശത്തുനിന്നും ആളുകളെ കൊണ്ടുവന്നു കമ്പനികളും മറ്റും സ്ഥാപിക്കുന്നതു്, എന്നുള്ളതായിരുന്നു അന്നത്തെ ആരോപണം. ഗവണ്മെന്റിൽനിന്നും ഷെയർ ഇനത്തിൽ ധാരാളം പണം മുടക്കിയിട്ടു കമ്പനികൾ പ്രവർത്തനം ആരംഭിച്ചു, വർഷങ്ങളും കുറെ കഴിഞ്ഞു. എന്നാൽ ഈ കമ്പനികൾക്ക് ഗവണ്മെന്റിൽനിന്നും ഒരു വലിയ സംഖ്യ കൊടുത്തിരിക്കുന്നതൊഴിച്ചു് വല്ല അനേഷണവും ഗവണ്മെന്റിൽനിന്നും നടത്തുന്നുണ്ടോ എന്നു നോക്കിയാൽ എന്റെ അറിവിൽപെട്ടിടത്തോളം കാര്യമായി ഒരനേഷണവും ചെയ്യുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനുവേണ്ടി ഒന്നു രണ്ടു കമ്പനികളെപ്പറ്റി പറയാം.

സർ, ഫാറസ്റ്റ് ഇൻഡസ്ട്രീസ് എന്നുള്ള ഒരു കമ്പനി തിരുവിതാംകൂറിൽ പ്രവർത്തനം ആരംഭിച്ചിട്ടു കുറെക്കാലം കഴിഞ്ഞു. അതിനു് മുലധനം ഒരു കോടി രൂപയുണ്ട്. ആ മുലധനത്തിൽ 51 ശതമാനം ഗവണ്മെന്റിനു് ഷെയർ ഉണ്ട്. കമ്പനിയുടെ ഭരണവും നടത്തിപ്പും മറ്റും പരിശോധിക്കുന്നതിനായിട്ടു് ഗവണ്മെന്റിൽനിന്നും ഡയറക്ടരേയും നിയമിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചു് ഒരു കൊല്ലം കഴിയുമ്പോൾ കിട്ടുന്ന ആദായം അപ്പോൾതന്നെ വീതിക്കുന്നതാണെന്നു് പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുമുണ്ട്. ഈ കമ്പനി ശരിയായി പ്രവർത്തിക്കുന്നതായാൽ ഒരിക്കലും നഷ്ടം സംഭവിക്കാനിടയില്ലെന്നുള്ളതു് തീർച്ചയാണു്. ഈ കമ്പനിക്കു് ഫ്രഞ്ച് മലയാറ്റൂരിൽ ഉണ്ട്. വനങ്ങളിൽനിന്നും തടികൾ വെട്ടി ഇറക്കി വിറ്റു ആദായമുണ്ടാക്കുകയാണു് ഇതിന്റെ പ്രധാനജോലി. എന്നാൽ ഈ തടികൾ വെട്ടിയിറക്കുന്നതിനുള്ള സകല ചെലവും ഗവണ്മെന്റിൽനിന്നും കൊടുത്തുകൊള്ളാമെന്നു് ഉടമ്പടിയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ മാനേജ്മെന്റിനാണു് തടിവെട്ടുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നതു്. ചെലവു മുഴുവൻ ഗവണ്മെന്റു കൊടുത്തുകൊള്ളാമെന്നു മാത്രമല്ല, ചെലവിന്റെ പത്തുശതമാനം കമ്പനിക്കു് ആദായമായി വിട്ടുകൊടുക്കാമെന്നും വ്യവസ്ഥയുണ്ട്. സർ, തടി വെട്ടുന്നതിനുള്ള ചെലവു മുഴുവനും ഗവണ്മെന്റു വഹിക്കുകയാണെങ്കിൽ 51 ശതമാനം ഷെയറിന്റെ ആവശ്യമെന്താണെന്നു് ഞാൻ ചോദിക്കുന്നു. യാതൊരുവിധത്തിലും നഷ്ടംവരാൻ ഇടയില്ലാതെ പ്രവർത്തനം നടത്തുന്ന ഈ കമ്പനിയുടെ പ്രോസ്പെക്ടസ് പരിശോധിച്ചു നോക്കിയാൽ മുടക്കിയിട്ടുള്ള മുലധനം മുഴുവനും തിന്നിരിക്കുകയാണെന്നു മാത്രമല്ല കടവും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. സർ, എന്തിനാണു് ഈ ഇരുപത്തഞ്ചുലക്ഷം രൂപ മുലധനം പിരിച്ചെടുത്തിരിക്കുന്നതു്. ഇന്നു്, അതിൽ ബാക്കി വല്ലതുമുണ്ടോ എന്നു് അനേഷിക്കുന്നതു് രസാവഹമായിരിക്കും. കമ്പനിയുടെ കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ഏറേയുലക്ഷം രൂപായിൽ കൂടുതൽ മാറാനുണ്ടെന്നാണു് കാണുന്നതു്. സർ, മലയാറ്റൂർ റിസർവിൽനിന്നും തടിവെട്ടി ഇറക്കുന്നതിനു് ടൺ ഒന്നിനു് നാല് രൂപയാണു് വകവച്ചുകൊടുത്തിരിക്കുന്നതു്. ഗവണ്മെന്റിൽനിന്നും മുൻപു് നേരിട്ടു് തടി വെട്ടി ഇറക്കികൊണ്ടിരുന്നപ്പോൾ പതിനെട്ടു രൂപായാണു് ടൺ ഒന്നിനു് ചിലവായികൊണ്ടിരിക്കുന്നതു്. അതിനെക്കാൾ കൂടുത

LIBRARY ARCHIVES Kerala Legislative Assembly

[Sri. Kalathil Velayudhan Nair]

ലായ ഒരു തുകയാണു് കമ്പനിക്കു് വകവെച്ചുകൊടുത്തിരിക്കുന്നതു്. എന്നാൽ ഈ മുപ്പത്തിമൂന്നു രൂപായുമില്ല, ₹ 0 0 രൂപായാണു് ഈ കായ്ത്തിലേക്കു് അവർ ചിലവെഴുതി കാണുന്നതു്. ₹ 0 0 രൂപ ചെലവെഴുതിയിട്ടു് മുപ്പതോ മുപ്പത്തഞ്ചോ രൂപയാണു് കൺട്രാക്ടർക്കു് കൊടുക്കുന്നതു്. ഈ മുപ്പത്തിമൂന്നുരൂപാ റോഡു തന്നെ ഗവണ്മെൻറു് ചിലവാക്കികൊണ്ടിരുന്നതിനെക്കാൾ വളരെ കുടുതലാണെന്നിരിക്കെ ഈ നൂറുരൂപ ചെലവു കാണിച്ചതിനെ കുറിച്ചു് ഗവണ്മെൻറു് ഇതേവരെ അന്വേഷിച്ചിട്ടില്ലാ എന്നാണു് ഞങ്ങളുടെ പരാതി. ഈ സംഗതികളും ഷെയർ ഹോൾഡേഴ്സു് പല പ്രാവശ്യവും ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു്. സർ, ചില സംശയങ്ങൾകൂടി ജനങ്ങൾക്കുണ്ടു്. ഈ കമ്പനിക്കു് രണ്ടു ഡയറക്ടർമാരുണ്ടു്. ഒന്നു് മി. കെ. പി. പി. മേനോൻ ആയിരുന്നു. പിന്നെ അതു് ഫാറസ്റ്റ് കൺസർവേറ്റർക്കു് കൊടുത്തു്. മി. കെ. പി. പി. മേനവൻറെ ഒരു ബന്ധുവായ ഒരു മി. ബി. വി. ടി. മേനവനാണെന്നതോന്നുന്നു മറ്റൊരു ഡയറക്ടർ അദ്ദേഹത്തിനു് ഒരു വലിയ ശമ്പളം കൊടുക്കുന്നുണ്ടു്. അദ്ദേഹവും ഒരു ഷെയർഹോൾഡറാണു്. സർ, ഒരു സംഗതി എനിക്കറിവുള്ളതു് പറയാം. ഈ കമ്പനിയുടമസ്ഥരായ മെ. ശേഷസായി ബ്രദേഴ്സിനു് അമേരിക്കയിൽനിന്നും രണ്ടു ചവർലെറ്റ് കാർ പെർമിറ്റു കൊടുത്തു. അതിൽ ഒന്നു ഈ ഡയറക്ടർക്കു് പതിമൂവായിരം രൂപയ്ക്കു് വിറ്റു. ഈ സംഗതി പരമാർത്ഥമാണെങ്കിൽ കാൺഫറൻസിൽ ഗവണ്മെൻറിനെ പ്രതിനിധീകരിച്ചുകൊണ്ടിരിക്കുന്ന ഡയറക്ടർക്കു് എങ്ങനെ ഗവണ്മെൻറിൻറെ ഇൻറ്റെറസ്റ്റു് നോക്കാൻ കഴിയും. സർ, ഇതു് എൻറെ അറിവാണു്. എനിക്കു് തെറ്റു പറ്റിയെന്നുവരാം. പക്ഷെ എന്തായാലും ഇതിനെ കുറിച്ചു് അന്വേഷിക്കേണ്ടതാണെന്നുള്ളതിനു് സംശയമില്ല.

സർ, ഫെർട്ടിലൈസേഴ്സു് കമ്പനിയുടെ മനേജിംഗു് ഏജൻസിയാണു് ഈ ഫാറസ്റ്റ് ഇൻഡസ്ട്രീസിൻറെയും മാനേജിംഗു് ഏജൻസിയെന്ന സംഗതി എല്ലാവർക്കും അറിയാവുന്നതാണു്. സർ, അവിടെ നടക്കുന്ന അഴിമതികളെക്കുറിച്ചു് പറയുകയാണെങ്കിൽ വളരെ അധികം സമയം വേണമെന്നുള്ളതുകൊണ്ടു് ഒരു സംഗതി മാത്രം തൽക്കാലം ചൂണ്ടിക്കാണിച്ചുകൊള്ളാം. അടുത്തകാലത്തു് കമ്പനിയുടെ തൊഴിലാളികളും കമ്പനി പ്രവർത്തകരുമായി ഒരു കേസ്സു് നടക്കുന്നുണ്ടു്. അതിൽ കമ്പനിയുടെ പ്രവർത്തകരിൽ ചിലരെ വിസ്തരിച്ചിട്ടുണ്ടു്. അതിൽനിന്നും തെളിഞ്ഞ ചില കാര്യങ്ങളും ഞാൻ ഗവണ്മെൻറിനെ അറിയിക്കുന്നു. സർ, ഫാറസ്റ്റ് ഇൻഡസ്ട്രീസിൽനിന്നും ഫെർട്ടിലൈസേഴ്സിനു് വിറകു സപ്ലൈ ചെയ്യുന്നു. ഒരു ദിവസം ₹ 0 0 ടൺ വിറകു് ഇതിൽനിന്നും ടി കമ്പനിക്കു് സപ്ലൈ ചെയ്യുതായി ചെലവെഴുതിയിട്ടുണ്ടു്. ഈ രണ്ടു കമ്പനിയും ഇരിക്കുന്നതു് ഒരേ സ്ഥലത്താണു്. ഫെർട്ടിലൈസേഴ്സിൽ വന്നതായി കണക്കെഴുതിയിട്ടുള്ളതു് ₹ 0 0 ടൺ വിറകാണു്. ഇതു് ഒരേ ദിവസമാണു്. സർ, ഒരു ദിവസത്തിൽ ൭ 0 0 ടൺ വിറകാണു് കയറുന്നതു്. കമ്പനിക്കാരോടു് ചോദിച്ചപ്പോൾ ഷ്റിംകേജു് (Shrinkage) ആണെന്നു മറുപടി. സർ, ഈ കമ്പനിയിൽനിന്നും എന്തു ആദായമാണു് ഗവണ്മെൻറിനു് ലഭിക്കാൻ പോകുന്നതു്. കമ്പനിയുടെ ഇപ്പോഴത്തെ ഡയറക്ടർ ചീഫു് സെക്രട്ടറിയാണു്. എൻറെ അറിവു ശരിയാണെങ്കിൽ ചീഫു് സെക്രട്ടറിക്കാണു് മറ്റുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയുംക്കാൾ ജോലി. അദ്ദേഹമാണു് കമ്പനിയുടെ പ്രവർത്തനം നയിക്കുന്നതെങ്കിൽ അദ്ദേഹത്തിനു് കമ്പനിയുടെ പ്രവർത്തനത്തിൽ എന്തു സമയം ചിലവാക്കാൻ കഴിയും, എങ്ങനെ ശ്രദ്ധിക്കാൻ കഴിയും എന്നു് എനിക്കു് മനസ്സിലാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. മാത്രമല്ല, കമ്പനിയുടെ പ്രവത്തനം നയിക്കുന്നതിനുവേണ്ട സാങ്കേതിക പരിജ്ഞാനം ഉണ്ടോ, അതുമില്ല. കമ്പനിയുടെ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹത്തിന്റെ പേരിൽ വലിയ വലിയ ആരോപണങ്ങളും ഉണ്ട്. സർ, ഇങ്ങനെ വലിയ വല്ലിയ അഴിമതികളും അവിടെ നടക്കുന്നുണ്ട്. സർ, ഇവിടത്തെ കമ്പനിക്കാരുമായിട്ടുള്ള ഇടപാടുകളിൽ അനേകലക്ഷം രൂപ ഈ രാജ്യത്തിൽനിന്നും അപഹരിച്ചു എന്നും മറ്റും പറഞ്ഞു, സർ. സി. പി. രാമസ്വാമി അയ്യരെ ഇവിടെ വരുത്തി പ്രോസിക്യൂട്ട് ചെയ്യണമെന്നും മറ്റും ഇവിടെ ഇപ്പോൾ അധികാരത്തിലിരിക്കുന്നവർ പ്രസംഗമണ്ഡലങ്ങളിൽ കേറി വലിയ വലിയ പ്രസംഗങ്ങളും നടത്തി. സർ, അങ്ങനെയാണെങ്കിൽ അതു് ഇവരെയൊക്കെ പ്രോസിക്യൂട്ട ചെയ്യതിൽ പിന്നെ പോരേ എന്നു് ഞാൻ ചോദിക്കുന്നു. ഇപ്പോൾ ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾ എന്തുകൊണ്ടു് ഇവരുടെ പേരിൽ നടപടി എടുക്കുന്നില്ല. സർ, ഈ കമ്പനിയുടെ പ്രവത്തനത്തെപ്പറ്റി അന്വേഷിക്കാൻ രണ്ടു ഉദ്യോഗസ്ഥന്മാരെ അയച്ചു. ആദ്യം ജായിൻ സ്റ്റാക്സ് കമ്പനി ഡിപ്പാർട്ടുമെൻറിൽനിന്നും രണ്ടുദ്യോഗസ്ഥൻ ആയിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഈ കമ്പനി പ്രവത്തകർ മനഃപൂർവ്വമായി ഗവൺമെൻറിനു് നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ടു്. അതു കഴിഞ്ഞതിൽപിന്നെ ഒരാഡിറ്ററെ അയച്ചു. അദ്ദേഹത്തിന്റെയും റിപ്പോർട്ടുണ്ടു്. ഈ കമ്പനിയുടെ പ്രവത്തനം നഷ്ടത്തിലാണെന്നും ഇതു് കമ്പനിക്കാർ മനഃപൂർവ്വം വരുത്തുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ടു്. ഈ റിപ്പോർട്ടുകളും വന്നതിനു ശേഷവും ഗവൺമെൻറു മുതൽ ഒന്നും പ്രവത്തിച്ചു കണ്ടില്ല. ഈ വ്യവസായം അനേകം കോടി രൂപ മുടക്കിയിട്ടുള്ളതാണു്.

വേറൊന്നുകൂടി പറയാനുണ്ടു്. ടാവൻകൂർ ബാങ്കിന്റെ പ്രവത്തനത്തെക്കുറിച്ചാണു് അതു്. ഇതിന്റെ പ്രവത്തനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതു് ലാഭകരമായവിധത്തിൽ പ്രവത്തിക്കുന്നുണ്ടെന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല. അവിടത്തെ മാനേജിംഗ് ഡയറക്ടരായി വിഷാട്ട് എന്നൊരാളെ കൊണ്ടുവന്നിട്ടുണ്ടു്. അദ്ദേഹത്തിനു് മുവായിരം രൂപാ ശമ്പളം കാറിനു് ഒരു പതിനയ്യായിരം രൂപ. ഒരു രണ്ടായിരം രൂപാ അലവൻസു്, മറ്റു ഡയറക്ടർമാർക്കു് ഒരു പതിനയ്യായിരം രൂപാ ആണ്ടിൽ മൂന്നു മാസം ഇംഗ്ലണ്ടിൽ താമസിച്ചാൽ ആ സമയത്തുള്ള ശമ്പളം ഇവിടുന്നു് അവധിയിൽ സ്ഥലം വിടുകയാണെങ്കിൽ അതുമുതൽ തിരിയെവന്നു ചേരുന്നതുവരെയുള്ള അദ്ദേഹത്തിന്റെ യാത്രച്ചെലവു്. ഇങ്ങനെ ഭീമമായ ഒരു തുകയാണു്. ഈ ഉദ്യോഗസ്ഥനുവേണ്ടി ചെലവാകുന്നതു്. അദ്ദേഹത്തോടു് ഈ ഗവൺമെണ്ടിനു് എന്തോ ഒരു പ്രത്യേകത ഉള്ളതുപോലെ തോന്നുന്നു. ഏതായാലും ഇവിടെ ഞാൻ ചൂണ്ടികാണിക്കുന്നതു്, ഇത്ര ഭീമമായ ഒരു സംഖ്യ ചെലവാക്കിയിട്ടും ഇതു് ലാഭത്തിൽ പ്രവത്തിക്കുന്നതായി കാണുന്നില്ല. ടാവൻകൂർ ബാങ്കിന്റെ ഷെയറിനു് വില വളരെ ഇടിഞ്ഞുപോയിട്ടുണ്ടെന്നാണു് മനസ്സിലാക്കുന്നതു്. സർ, ഒരു കാര്യംകൂടി. ഞാൻ മുമ്പുപറഞ്ഞു, ഫാറസ്റ്റ് ഇൻഡസ്ട്രീസിന്റെ മാനേജിംഗ് ഏജൻസിയെക്കുറിച്ചു് ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇവരുടെ ഹെഡ്ഡ് ആഫീസു് പ്രവത്തനകേന്ദ്രം ആലുവ. അവരുടെ താമസം മദ്രാസിൽ. ഈ കമ്പനിയുടെ കണക്കുകളിൽ പല കുഴപ്പങ്ങളും ഉണ്ടെന്നും അതു് അന്വേഷിക്കണമെന്നും മറ്റും ഗവൺമെണ്ടിലേക്കു ഒരു ഷെയർഹോൾഡർ എഴുതി അയച്ചപ്പോൾ ഒന്നരകൊല്ലം കഴിഞ്ഞു് ഒരു മറുപടി കിട്ടി, അതു ജനറൽ ബോർഡുയോഗത്തിൽ പറഞ്ഞുകൊള്ളണമെന്നു്. കുറച്ചെങ്കിലും ഉത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ ഇങ്ങനെ മറുപടി പറയുമായിരുന്നില്ല. ഒരുകാര്യംകൂടി പറയാനുണ്ടു്. ഫെട്ടിലൈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Kalathil Velayudhan Nair]

സേഴ്സ് കമ്പനിയുടെ ആവശ്യത്തിലേക്ക് അമേരിക്കയിൽനിന്നും ഒരു പ്ലാൻ ഡ് വരുത്തിയിട്ടുണ്ട്. അതിൽ 60 ശതമാനം റാമെറിറിയൽസ് മിക്സ് ചെയ്ത് വക്കുചെയ്യിക്കേണ്ടതാണെന്ന് അതിന്റെ ഇൻസ്ട്രക്ഷൻസിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ അറുപതുശതമാനം റാമെറിറിയൽസ് മിക്സ് ചെയ്ത വക്കു ചെയ്യിക്കുകയാണ്. അതുകൊണ്ട് മെഷ്യൻ ചീത്തയായി. ഇതു വാങ്ങിച്ച കമ്പനിയുടെ ഇഞ്ചിനീയരെ വരുത്തി പരിശോധിച്ചതിൽ അതിലെ ഇൻസ്ട്രക്ഷൻ അനുസരിച്ചു ചെയ്യാത്തതിനു് അവർ ഉത്തരവാദികളല്ലെന്ന മറുപടിയും പറഞ്ഞു. ഇങ്ങനെയാണ് ഈ കമ്പനിയുടെ പ്രവർത്തനം നടന്നുപോകുന്നതു്. ഈ കാര്യങ്ങളിൽ ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നകാര്യം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ശ്രീമാൻ പട്ടം താണുപിള്ള അവർകൾ അവതരിപ്പിച്ച ഭേദഗതിയിൽ അടങ്ങിയിരിക്കുന്ന ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ നമ്മെ ഇന്നു് അഭിമുഖീകരിച്ചിരിക്കുന്ന ഏറ്റവും പ്രധാനമായ ഒരു പ്രശ്നം ഭക്ഷണപ്രശ്നമാണ്. ആ വിഷയത്തിൽ നമ്മുടെ ഗവൺമെന്റു സ്വീകരിച്ചിട്ടുള്ള നയവും മറ്റു പരിപാടികളും കേവലം അപര്യാപ്തങ്ങളാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. അതിനെ സംബന്ധിച്ച് എനിക്കു മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പൊതുവെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ആ വിഷയത്തെ പരാമർശിച്ചുകൊണ്ട് ഒരു സംഗതി എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം എനിക്കു പ്രത്യേകം എടുത്തുപറയേണ്ടതായിരിക്കുന്നു. അതു നെയ്യാർ പദ്ധതിയെപ്പറ്റിയാണ്. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിലും നെയ്യാർ പ്രോജക്ടിനെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് അതു നെയ്യാറിന്റെ കരതാലുക്കിലേയും സമീപപ്രദേശങ്ങളിലേയും കൃഷിയെ സംബന്ധിച്ചിടത്തോളം ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയാണെന്നു വ്യക്തമാണ്. അതുകൊണ്ട് ആ പദ്ധതിയുടെ പ്രയോജനത്തെപ്പറ്റി പറഞ്ഞു സമയംകളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പത്തിരുപതു കൊല്ലങ്ങൾക്കുമുമ്പുമുതൽ അവിടത്തെ ജനങ്ങളിൽനിന്നുണ്ടായിട്ടുള്ള നിരന്തരമായ മുറവിളിയുടെ ഫലമായി ഗവൺമെന്റിൽനിന്നുതന്നെ ചില അന്വേഷണങ്ങളെല്ലാം നടത്തുകയുണ്ടായെങ്കിലും അതു ഇടയ്ക്കുവച്ച് അലസിപ്പോകുകയാണ് ഉണ്ടായതു്. എന്നാൽ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പോടുകൂടി ആ പ്രശ്നം വീണ്ടും ഉയർന്നവന്നിരിക്കുന്നു. അധികാരത്തിലിരിക്കുന്ന കക്ഷിയുടെ സ്ഥാനാർത്ഥിക്കു വോട്ടുകൊടുക്കുന്നതിനു വോട്ടർമാർ താല്പര്യം കാണിക്കണമെന്നും താമസിയാതെതന്നെ ഈ പദ്ധതി അവിടെ നടപ്പിൽ വരുത്തുന്നതാണെന്നുപോലും ഇന്നത്തെ പ്രധാനമന്ത്രി അന്നു ജനങ്ങളോടു പറഞ്ഞിട്ടുണ്ട്. അങ്ങനെയിരിക്കെയാണ് തിരഞ്ഞെടുപ്പുഫലം പ്രഖ്യാപനം ചെയ്തതു്. തിരഞ്ഞെടുപ്പുകഴിഞ്ഞതിനുശേഷം ഇതുവരെയും അതിനെപ്പറ്റിയുള്ള യാതൊരാലോചനയും നടത്തുന്നതായി കാണുന്നില്ല.

Sri. C. V. Iyyu stood up to put a question.

Mr. Speaker: Order, Order, I have often made it clean that unless the member who speaks is prepared to yield, other honourable members should not proceed to put questions. The members must address the chair and if the member who is speaking is prepared to yield, the chair will permit the question to be asked.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : അതുകൊണ്ട് എനിക്ക ഈ അവസരത്തിൽ ഗവമ്മെണ്ടിനോടപേക്ഷിക്കുവാനുള്ളതു പൊതുതിരഞ്ഞെടുപ്പുകൾ അടുത്തുവരുന്നുണ്ട്; അതിനു മുമ്പായിട്ടെങ്കിലും എത്രയും പ്രയോജനപ്രദമായ ഇത്തരം പദ്ധതികൾ നടപ്പിൽവരുത്തുവാനുള്ള നടപടികൾ എടുക്കണമെന്നാണ്. വോട്ടുകൊടുക്കുന്ന കാര്യത്തിൽ ഈ പദ്ധതി നടപ്പിൽവരുത്തിയാലും ഇല്ലെങ്കിലും യാതൊരു മാറ്റവും വരാനില്ല. ആക്കാണം വോട്ടുകൊടുക്കേണ്ടതെന്നു നെയ്യാറ്റിൻകരക്കാക്കറിയാം. ശ്രീ. പട്ടം താണുപിള്ളയുടെ ഭേദഗതിയിൽ അന്തർഭവിച്ചിട്ടുള്ള മറ്റൊരു സംഗതിയാണ് ഗവമ്മെണ്ടു തിരഞ്ഞെടുപ്പുകളിൽ ഇടപെടുന്നുവെന്നുള്ളതു്. അതിൽ ഞാനും എന്റെ നിയോജകമണ്ഡലവും അനുഭവിച്ചു കൊണ്ടിരുന്നുണ്ട കാര്യങ്ങൾ ഇവിടെ പറയണമെന്നു എനിക്കാഗ്രഹമുണ്ട്. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകൾ ഏതാണ്ട് അതിനെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തിരഞ്ഞെടുപ്പിനുനില്ക്കുന്ന കാൺഗ്രസ്സു് സ്ഥാനാർത്ഥിക്കു് വോട്ടിനായി എത്രയൊ പണം നമ്മുടെ മന്ത്രിമാർ ചിലവുചെയ്തുവെന്നാണ് അറിയുന്നതു്. അതു ഈ സഭയിൽ പറയുന്നതുതന്നെ ലജ്ജാകരമാണെന്നുവിചാരിച്ചു് ഞാൻ പറയുന്നില്ല. അനേകം നൂറു രൂപാ നോട്ടുകൾ ഈ മന്ത്രിമാർ അവരുടെ അനുയായികളുടെ കൈവഴി വോട്ടിനുവേണ്ടി പാറിപറത്തി എന്നുള്ള സംഗതി എനിക്കുതന്നെ അറിയാവുന്നതാണ്. ഒരു ജനാധിപത്യ ഗവമ്മെണ്ടിനു് ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ വരുവാൻ പാടില്ലാത്തതാണ്. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ഗവമ്മെണ്ടിന്റെ നയം നിഷ്പക്ഷമാണെന്നു പ്രഖ്യാപിച്ചിട്ടുള്ളതിനുംപുറമെ വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കത്തക്ക യാതൊരു നടപടികളും എടുക്കുകയില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ അവരുടെ പ്രസംഗങ്ങളിൽ ഉൽഘോഷിച്ചിട്ടുണ്ട്; അതു നാം പത്രങ്ങളിൽ ധാരാളം വായിച്ചിട്ടുമുണ്ട്. എങ്കിലും പ്രവൃത്തിയിൽ അങ്ങിനെയല്ല കാണുവാനിടയായതു്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ പുരോഹിതന്മാരെക്കൊണ്ടുപോലും നഗ്നമായ രീതിയിൽ വോട്ടുപിടിപ്പിച്ചു സന്ദർഭമുണ്ടായിരുന്നു. എന്നിട്ടും അവസാനമായി തിരഞ്ഞെടുപ്പിൽ അവർക്കു പരാജയമാണുണ്ടായതു്. അതുകൊണ്ട് ആ വിദ്യകളൊന്നും ഇനി ഫലിക്കുകയില്ലെന്നും, അതു് ഒരു ജനകീയ ഗവമ്മെണ്ടിന്റേയും അതിലെ മന്ത്രിമാരുടേയും അന്തസ്സിനു തീരെ യോജിച്ചതല്ലെന്നും ഉള്ളതു അവർ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിശേഷിച്ചും ജാതിയുടേയും മതത്തിന്റേയും പേരിൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതു് ഒരു ജനകീയ ഗവമ്മെണ്ടിനു് ഒരിക്കലും യോജിച്ചതല്ലെന്നുള്ള സംഗതിയിൽ ഇന്നത്തെ ഗവമ്മെണ്ടു് പ്രത്യേകം മനസ്സിരുത്തേണ്ടതാണ്. കഴിഞ്ഞ ഉപതിരഞ്ഞെടുപ്പിൽ മന്ത്രിമാർ അനുവർത്തിച്ചിട്ടുള്ള നയം ഏറ്റവും പരിതാപകരമാണ്. മേലാലെങ്കിലും ഇത്തരം നയപരിപാടികൾ ഗവമ്മെണ്ടും വിശിഷ്യാ മന്ത്രിമാരും സ്വീകരിക്കരുതെന്നാണ് എനിക്ക ഉൽബോധിപ്പിക്കുവാനുള്ളതു്. ഇത്രമാത്രമെ എനിക്ക പറയുവാനുള്ളൂ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ശ്രീമാൻ ബാലകൃഷ്ണൻതമ്പി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് ഇവിടെ കല്പിച്ചുചെയ്ത പ്രസംഗത്തിന്റെ പിമ്പെ, ഈ സഭയിലെ അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ എന്താണെന്നുള്ളതു ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് ഉണ്ടായ പ്രസംഗങ്ങളിൽനിന്നും കേൾവിക്കാർ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഇവിടെ നടന്ന പ്രസംഗങ്ങളിൽ മിക്കവയും ഇന്നത്തെ ആഹാരപ്രശ്നം വിഷമങ്ങളേയും അതിനു ഗവമ്മെണ്ടു നേരിടേണ്ടിയിരിക്കുന്ന പ്രവർത്തനപരിപാടികളേയും ചൂണ്ടിക്കാണിച്ചുകൊ

LIBRARY ARCHIVES Kerala Legislative Assembly

[Sri T. T. Kesavan Sastri]

ണ്ടുള്ളവയായിരുന്നു. ആദ്യം ഈ നിയമസഭയിൽ ഞാൻ ഒരു അംഗമായിവന്ന സന്ദർഭത്തിൽ പായസം മുതലായ വിഭവങ്ങളോടുകൂടിയുള്ള ഒരു ഊണിനു മുന്നു ചക്രം മാത്രമായിരുന്ന ഈ രാജ്യത്തു് ഇന്നു ഒരു രൂപയും ഒന്നര രൂപയും ആയി മാറിയതിന്റെ നിലയെപ്പറ്റി ആലോചിക്കുമ്പോൾ അരി വരുത്തി വിതരണം ചെയ്യൽ മുതലായ ഇടപാടുകളെല്ലാം എങ്ങിനെ സംഭവിച്ചുവെന്നു ചിന്തിക്കേണ്ട ചുമതല എല്ലാവക്കും ഉണ്ടെന്നു കാണാവുന്നതാണു്. ആഹാരകാര്യങ്ങളിൽ ഗവ മ്മെണ്ടും പൊതുജനങ്ങളും സഹകരിച്ചുചെയ്യേണ്ട പ്രവർത്തനങ്ങളും വളരെ വലു താണെന്നുള്ള സംഗതി ഇവിടെ എടുത്തുപറയുവാൻ ഞാനാഗ്രഹിക്കുന്നു. സംഭ രണകാര്യങ്ങളിൽ ഗവമ്മെണ്ടു് എടുത്തിരിക്കുന്ന പരിശ്രമത്തിനു പൊതുജനങ്ങ ളുടെ പരിപൂർണ്ണമായ സഹകരണമുണ്ടാകുന്നില്ലെങ്കിൽ അതു എത്രത്തോളം വിജയ പ്രദമാകുമെന്നുള്ളതു ഏവർക്കുമറിയാം. നേരെമറിച്ചു് ഗവമ്മെണ്ടു സംഭരണകാ ര്യങ്ങളിൽ വേണ്ട നടപടികളെടുക്കുമ്പോൾ അതിനു വിപരീതമായി ഒരു പ്രവ ർത്തനം ജനങ്ങളിൽനിന്നുണ്ടായാൽ അതു എങ്ങിനെ വിജയസാധ്യമാകുമെന്നു് എനിക്കു പലപ്പോഴും ചിന്തിക്കുവാനിടയായിട്ടുണ്ടു്. നമ്മുടെ രാഷ്ട്രം രാജായ ത്താധികാരങ്ങളെ അതിലംഘിച്ചു് ജനായത്തമനുസരിച്ചുള്ള ജനകീയാവകാശ ങ്ങളനുസരിച്ചു പ്രവർത്തിക്കേണ്ടതു ആവശ്യമാണെന്നു ഉറപ്പിച്ചുപറയുവാൻ ഞാ നാഗ്രഹിക്കുന്നു. എന്റെ ഈ അഭിപ്രായപ്രകടനം ഒരു കക്ഷിയുടെ നിലയി ലല്ല. ഭക്ഷണപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇന്നു രാജ്യം അപകടനില യിൽ എത്തിക്കഴിഞ്ഞിരിക്കുന്നുവെന്നു് എല്ലാവക്കും നിഷ്പ്രയാസം മനസ്സിലാ ക്കുവാൻ സാധിക്കുന്നതാണു്. ആ സ്ഥിതിക്കു് ഭരണകാര്യങ്ങളിലാകട്ടെ, രാജ്യ ത്തിന്റെ പുരോഗമനപരിപാടികളിലാകട്ടെ ഭരണം നടത്തുന്ന മന്ത്രിമാരും അവരുടെ ആജ്ഞകളും നിർദ്ദേശങ്ങളും യഥാക്രമം അനുസരിച്ചു പ്രവൃത്തിക്കേ ണ്ട ഉദ്യോഗസ്ഥന്മാരും ജനങ്ങളുമെല്ലാം യോജിച്ചു് ഏകാഗ്രചിത്തരായി പൊ തുവെ രാജ്യക്ഷേമത്തിനുവേണ്ടി പ്രവൃത്തിക്കേണ്ടതു ഏറ്റവും ആവശ്യമാണെ ന്നാണു് എന്റെ അഭിപ്രായം. രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗം നമ്മെ ഓരോരുത്തരേയും ഒരു പുനരാശയിലക്കും പരിചിന്തനത്തിലേക്കും തിരിച്ചുവിടുകയാണു ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തിന്റെ പരമൈശ്വര്യത്തിനു വേണ്ടിയുള്ള അനവധി പരിപാടികളിൽ ഒന്നൊന്നായി നമ്മുടെ ചിന്തയിൽ കൊണ്ടുവന്നിട്ടുണ്ടു്. അതു പരിശോധിച്ചാൽ നിശ്ചയമായും സാമൂഹികമായും സാമ്പത്തികമായും ആഹാരപ്രശ്നം സംബന്ധിച്ചും നമുക്കു് എന്തെല്ലാം ബുദ്ധി മുട്ടുകളും ഉണ്ടെങ്കിലും ഇന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം പിന്നോ ട്ടല്ല, മുന്നോട്ടുതന്നെ പുരോഗമിക്കുന്നുവെന്നു കാണുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ രാമയ്യൻ ദളവയുടെ കാലത്തിനുശേഷം പടിപ്പടിയായി ഉണ്ടായിട്ടുള്ള മന്ത്രിസത്തമന്മാരും, രാജായത്തകാര്യങ്ങളും കയ്യ ടക്കിയിരുന്ന ദിവാൻജിമാരുമെല്ലാം ആഗ്രഹിച്ചിരുന്ന ഒരു പരിപാടിയാണു് തിരുവിതാംകൂർ-കൊച്ചി ഒരു രാഷ്ട്രമായിത്തീരണമെന്നുള്ളതു്. അതിപ്പോൾ ഒരു രാഷ്ട്രമായിക്കഴിഞ്ഞിരിക്കയാണു്. അങ്ങിനെ നാമിപ്പോൾ മുന്നോട്ടു വ ന്നിരിക്കയാണു്. ഈ സന്ദർഭത്തിൽ തിരുവിതാംകൂറിലേയും കൊച്ചിയിലേ യും ജനങ്ങൾ അവരെ ഭരിക്കുന്ന ഗവമ്മെണ്ടിനെ സന്മാർഗ്ഗനിർദ്ദേശം ചെയ്തു കൊണ്ടിരുന്നാൽ അതു രാജ്യത്തിന്റെ പുരോഗമനത്തിനു കൂടുതൽ സൌകര്യപ്ര ദമായിരിക്കുമെന്നു പറയുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഈ അവ സരത്തിൽ ഒരു പരമാർത്ഥം മാത്രം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മലയാളം സ്കൂൾ ലീവിംഗ്, ഇംഗ്ലീഷ് സ്കൂളിൽ പ്രാഥമിക ക്ലാസുകൾ എന്നിവയെല്ലാം ഫീസു കൊടുത്തുകൊണ്ടു പഠിച്ച ഒരു ഹരിജൻ ആണ്. രാജായത്താധികാരമുണ്ടായിരുന്ന അന്നു് ഫീസു കൊടുത്തു പഠിക്കുവാൻ കഴിഞ്ഞ എനിക്കു് ഇന്നത്തെ ജനകീയഗവണ്മെണ്ടു് ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളുടെ കാര്യത്തിൽ ചെയ്തുപോരുന്ന ആനുകൂല്യങ്ങൾ മറക്കുവാൻ സാദ്ധ്യമല്ല. ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണപരിപാടികൾ ആദ്യമായി ആരംഭിച്ചതു്. ദിവാൻ വാട്സിന്റെ കാലത്തായിരുന്നു. വാട്സിന്റെ കാലത്തു് അതിലേക്കു നാലായിരം രൂപാ നീക്കിവെച്ചതു് പിന്നിട്ടുള്ള ദിവാൻ ജിമാരുടെ കാലത്തു് ക്രമേണ വർദ്ധിപ്പിച്ചു് സർ സി. പി. യുടെ കാലത്തു് അതു മൂന്നു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും, പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു് മറക്കാവുന്നതാണോ? ഇതു് എപ്പോഴും എടുത്തു പറയുവാൻ ഞാൻ സന്നദ്ധനുമാണു്. ബഹുമാനപ്പെട്ട പട്ടം ഗവണ്മെണ്ടു വന്നപ്പോൾ ദിവാൻ സർ സി. പി. യെ അതിലംഘിച്ചു് അന്നത്തെ മൂന്നു ലക്ഷത്തെ മൂന്നുലക്ഷത്തിഅറുപതിനായിരം രൂപയായി വർദ്ധിപ്പിച്ചു.

ശ്രീ. പി. സി. ഉദിച്ചൻ: എഴ ശതമാനം വെട്ടിക്കുറക്കുവാനും ബാക്കി ലാപ്സാക്കുവാനും ഇടയായിട്ടുള്ള സംഗതി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ജനകീയഭരണസമ്പ്രദായം വന്നതോടുകൂടി പിന്നോക്കസമുദായങ്ങളുടെ ഉൽക്കർഷം പടിപ്പടിയായി ഉയർന്നുവന്നിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്. ഇന്നത്തെ തിരുവിതാംകൂർ-കൊച്ചി ഗവണ്മെണ്ടുതന്നെ പിന്നോക്കസമുദായോദ്ധാരണത്തിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ടര ലക്ഷം രൂപാ നീക്കിവെച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ഉദിച്ചൻ: അതിലും ഏഴുലക്ഷം രൂപാ ലാപ്സായിപ്പോകുമെന്നുള്ളതു ബഹുമാനപ്പെട്ട മെമ്പർ ധരിച്ചിട്ടുണ്ടോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ലാപ്സായിപ്പോകുമെന്നു ഇപ്പോൾ പറയുന്നില്ല. ഒരു ഉദിച്ചനും ഒരു കേശവൻശാസ്ത്രിയുംകൂടി പറയുന്നതല്ല കാര്യം. "ഉള്ളതൊക്കെ ഉള്ളതത്രെ" അതിനെ ആർക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. താത്വികന്യായം പറയുന്നതായാൽ ഗവണ്മെണ്ടിനു് എന്തുചെയ്യുവാനുമുള്ള ശക്തിയുണ്ടെന്നാണു് എനിക്കു പറയുവാനുള്ളതു്. ശ്രീമാൻ കെ. ആർ നാരായണന്റെ ഭാഷയിൽ പറയുകയാണെങ്കിൽ മുതലക്കണ്ണുനീർ പൊഴിക്കുന്ന പ്രസംഗങ്ങൾ കേൾക്കാവുണ്ടു്. ഒരു പൈ ചിലവാക്കുവാൻ മനസ്സില്ലാത്ത മഹാമനസ്കന്മാരുടെ പ്രസംഗം മഹാ ദയനീയമെന്നല്ലാതെ മറെറന്തുപറയാനാണു്. ഗവണ്മെണ്ടിന്റെ ഹസ്തം എപ്പോഴും ബലമുള്ളതാണെന്നു് വിശ്വസിക്കുന്ന ഒരുവനാണു് ഞാൻ. ഇന്നത്തെ അവസ്ഥാന്തരങ്ങൾ അറിയാവുന്ന ഒരാളായതുകൊണ്ടു് ഞാൻ ഇതു പറയുന്നുവെന്നേയുള്ളൂ. ആരോടും കക്ഷിപിടിച്ചു പറയുന്നതല്ല. ഗവണ്മെണ്ടുകക്ഷിയാണെന്നു പറഞ്ഞാലും വിരോധമില്ല. എന്തായാലും രാജപ്രമുഖൻ തിരുമേനി ഇവിടെ സാന്നിദ്ധ്യംചെയ്തു പ്രസംഗിച്ചതിൽ സൂചിപ്പിച്ചുള്ള കൃതജ്ഞതയെ അറിയിക്കുന്ന പ്രമേയത്തെ ഹൃദയപൂർവ്വം പിൻതാങ്ങുകയും ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണത്തിനു് കഴിഞ്ഞ ഗവണ്മെണ്ടുകളും ഈ ഗവണ്മെണ്ടും ശ്രമിച്ചിട്ടുണ്ടെന്നും ശ്രമിക്കുന്നുണ്ടെന്നും പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയും ചെയ്തുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഗംഗാധരൻ നായർ: സർ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ വളരെ കാര്യങ്ങൾ—

മിസ്റ്റർ സ്പീക്കർ: ഭേദഗതികളിൽ അന്തർഭവിച്ചിട്ടുള്ള പലേ വിഷയങ്ങളെപ്പറ്റിയും സംസാരിക്കാൻ ആഗ്രഹമുള്ളവരായി ധാരാളം മെംബറന്മാർ ഉണ്ടെന്നു കാണുന്നതുകൊണ്ട് അല്പസമയത്തേക്കുകൂടി ഇതിന്റെ വാദപ്രതിവാദം നീട്ടുന്നതിൽ സഭയ്ക്കു വിരോധമില്ലെന്നു വിശ്വസിക്കുന്നു.

Sri. P. Balakrishnan Tampi: May I know the time when we will adjourn. I am in a fix, Sir. I want to know the time when the House will adjourn.

Mr. Speaker: Probably it may be a few minutes more. It is not yet the usual time for adjourning the House. It cannot be decided in advance whether some extension of time may be called for and if so for how much.

Sri. P. Balakrishnan Tampi: *(Sitting)* This is the first time when in a House the members will have to wait to know the time when the House will adjourn.

Mr. Speaker: Whether time may be extended or not has yet to be decided. When the Chair was actually addressing the House the Hon'ble member was not in order in interrupting the Chair.

Sri. P. Balakrishnan Tampi: I want to make a personal explanation, Sir. That was only an interjection or remark that is usually allowed in other places.

Mr. Speaker: Order, Order. It is not and cannot be allowed. It is irregular. It is certainly open to the member to rise up and offer his remarks, observations or explanations after the Chair has closed his remarks.

ശ്രീ. വി. ഗംഗാധരൻനായർ: സർ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ വളരെ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു എങ്കിലും നയത്രന്ത്രപരമായി വിദ്യാഭ്യാസ ബില്ലിനെപ്പറ്റിയും ലാൻഡ് കമ്മിറ്റി പ്രവർത്തനങ്ങളെപ്പറ്റിയുംയാതൊന്നുംപ്രസ്താവിച്ചുകാണുന്നില്ല. ഗവണ്മെണ്ടു വളരെ വിപ്ലവകരമായ ഒരു ഭരണം രൂപീകരിച്ചുകൊണ്ടിരിക്കുകയാണെന്നു് മന്ത്രിസഭയിലെപല പ്രമുഖ അംഗങ്ങളുംപലപ്പോഴായങ്ങളിലും ഈഅടുത്തകാലത്തുംപ്രസംഗിച്ചുകേട്ടിട്ടുണ്ടു്. വളരെ അടുത്ത ഒരു കാലത്തു് എറണാകുളത്തുവെച്ചു് ചീഫ് മിനിസ്റ്റർതന്നെ വിദ്യാഭ്യാസകാര്യത്തിൽ ഗവണ്മെണ്ടു് ഒരു ഉറച്ച നില എടുത്തിട്ടുണ്ടെന്നും അതിൽനിന്നും ഒട്ടുംതന്നെ പിൻപോട്ട പോകുന്നതല്ലെന്നും പ്രസ്താവിച്ചുകേട്ടു. എന്നാൽ ഇന്നു് അല്പേഹം പാർട്ടി യോഗത്തിൽവെച്ചു് അതുസംബന്ധിച്ചു് അവസാനമായ തീരുമാനം ചെയ്തതായി ഗണിക്കേണ്ടതില്ലെന്നു് പ്രസ്താവിച്ചതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഏതായാലും ഈ രണ്ടു പ്രധാന പ്രശ്നങ്ങളും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഗവണ്മെണ്ടു മുതലാളിത്തപ്രോഹിത്യക്കൂട്ടുകെട്ടിൽ അകപ്പെട്ടു് കഴിയുന്ന ഒന്നാണെന്ന നാട്ടൊട്ടാകെ കൊച്ചുകുട്ടികൾപോലും പാടിക്കൊണ്ടും പറഞ്ഞുകൊണ്ടും നടക്കുന്ന ഒരു കാര്യമാണു്. അതു് എപ്പോൾ പരിക്ഷിച്ചാലും തെളിയുന്നതുമാണു്. അതു് തെളിഞ്ഞുകൊണ്ടിരിക്കുകയുമാണെന്നുള്ള കാര്യം ആവർത്തിച്ചു പറയാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

സർ, രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇൻഡ്യയുടെ ഭരണമെല്ലാം വളരെ ശ്ലാഘിയുള്ള ഹസ്തങ്ങളിലാണെന്നും അതുകൊണ്ടു് ജനങ്ങൾക്കു് യാതൊന്നുംതന്നെ ചെയ്യാനും ചിന്തിക്കാനും ഇല്ലെന്നും ജനങ്ങളെല്ലാം അന്ധമായി വലിയ നേതാക്കന്മാരെ പിൻതുടർന്നാൽമാത്രം മതിയെന്നും മറ്റും ഒരു ധാരണ പരത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള ശ്രമം നടത്തിയിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഇൻഡ്യ സ്വതന്ത്രമായതിനുശേഷം ഭരിക്കുന്നതിനു് വളരെ വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാതെതന്നെ ഇൻഡ്യൻ ഭരണം വളരെ ശേഷിയോടുകൂടിയോ കാര്യക്ഷമമായൊ അല്ലെങ്കിൽ വിജയപ്രദമായൊ കൈകാര്യം ചെയ്തിട്ടുണ്ടെന്നു പറയാൻ എന്നെപ്പോലെയുള്ളവക്കു സാദ്ധ്യമല്ല. സർ, തെറ്റിൽ നിന്നു തെറ്റിലേയ്ക്കും ദാരിദ്ര്യത്തിൽനിന്നു ദാരിദ്ര്യത്തിലേയ്ക്കും അധഃപതനത്തിൽനിന്നു് അധഃപതനത്തിലേയ്ക്കും തൊഴിലില്ലായ്മയിൽനിന്നു് തൊഴിലില്ലായ്മയിലേക്കും പട്ടിണിയിൽനിന്നു് പട്ടിണിയിലേക്കും ആണു് ഇൻഡ്യ പൊയ്ക്കൊണ്ടിരിക്കുന്നതെന്നു് ഇന്ത്യയിലെ ഇന്നത്തെ സ്ഥിതിഗതികൾ പഠിച്ചുകൊണ്ടിരിക്കുന്ന ഏതൊരാൾക്കും അറിയാം. ഭയങ്കരമായ ഭക്ഷ്യക്ഷാമവും ഭയങ്കരമായ തൊഴിലില്ലായ്മയും തൊഴിലാളിമർദ്ദനവും തൊഴിലാളി മുതലാളി സംഘട്ടനവുമാണു് ഇന്നു് ഇൻഡ്യയിൽ എവിടെ നോക്കിയാലും കാണുന്നുവെന്ന കാര്യം നമുക്കു വിസ്മരിക്കാൻ നിവൃത്തിയില്ല. സുപ്രസിദ്ധമായ കറാച്ചി കാൺഗ്രസ് സമ്മേളനത്തിൽവെച്ചു് ഇൻഡ്യയിലെ കർഷകർക്കും തൊഴിലാളികൾക്കും ധാരാളം ഉറപ്പുകൾ കാൺഗ്രസ് നൽകിയിരുന്നു. എന്നാൽ ഇന്നു് അധികാരത്തിൽ പറ്റിയിരിക്കുന്ന കാൺഗ്രസ് തൊഴിലാളികളെ മറന്നു്, ആ പ്രമേയങ്ങളെല്ലാം വിസ്മരിച്ചു്, മുതലാളികളുടെ പുറകെ സൗജന്യങ്ങളുമായി നടക്കുകയാണു്. സർ, ഇന്നത്തെ ഉല്പാദനവിതരണസമ്പ്രദായത്തിനു് യാതൊരു മാറ്റവും വരുത്താൻ നിവൃത്തിയില്ലാത്ത ഇന്നത്തെ ഭൂഷിഷ്ണു സാമൂഹ്യഘടനയ്ക്കുള്ളിനിന്നുകൊണ്ടു് ഇൻഡ്യയിലെ വമ്പിച്ച പ്രശ്നങ്ങൾക്കു പരിഹാരം കാണാനുള്ള ഒരു ശ്രമമാണു് ഇന്നത്തെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള എല്ലാ കോൺഗ്രസ് അധികാരികളിലും കാണുന്നതു്. ഈ സാമൂഹ്യഘടനക്കകത്തുനിന്നുകൊണ്ടുള്ള പരിഹാരമാർഗ്ഗം ഒന്നുംതന്നെ ഇവിടത്തെ ദാരിദ്ര്യത്തിനോ പട്ടിണിക്കോ തൊഴിലില്ലായ്മക്കോ പരിഹാരമുണ്ടാക്കുന്നതല്ലെന്നു ഇൻഡ്യയിലുള്ള തൊഴിലാളിവർഗ്ഗത്തിനു നല്ലതുപോലെ അറിയാം. അതുകൊണ്ടാണു് ഇന്നു കാൺഗ്രസ് തൊഴിലാളികളിൽനിന്നും വളരെ അകന്നു കഴിഞ്ഞിരിക്കുന്നതു്. അങ്ങനെയുള്ള ഈ കാൺഗ്രസ് തൊഴിലാളികളിൽനിന്നു അകന്നു് മുതലാളികളോടു് ചേർന്നു് അവർക്കു അനുകൂലമായ ഒരു ഭരണമാണു് നടത്തിക്കൊണ്ടിരിക്കുന്നവെന്നു് ഈ ഗവൺമെണ്ടിന്റെ ഏതൊരു നയപരിപാടി എടുത്തു നോക്കിയാലും തെളിയിക്കാവുന്നതാണു്. പക്ഷെ ഇപ്പോൾ അതിലേക്കു ഞാൻ ഉദ്യമിക്കുന്നില്ല. ഒന്നുരണ്ടു ചെറിയ കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

സർ, ഇവിടെ പല അംഗങ്ങളും ആഹാരപ്രശ്നത്തെപ്പറ്റി വളരെ സൂക്ഷ്മമായി വിമർശിക്കയുണ്ടായി. എന്നാൽ അതിന്റെ ഒരു പ്രധാന വശത്തെപ്പറ്റി ആരും പ്രസ്താവിച്ചുകാണാത്തതുകൊണ്ടു് ഞാൻ അതിലേയ്ക്കു് ഗവൺമെണ്ടിന്റെയും ഈ സഭയുടേയും ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഇപ്പോൾ ഭക്ഷ്യധാന്യവിതരണത്തിനു് ഗവൺമെണ്ടു് ഹോൾസെയിൽ ഡീലേഴ്സ് വേണ്ടെന്നു വച്ചിരിക്കുകയാണു്. അങ്ങിനെ ഹോൾസെയിൽ ഡിപ്പോ എല്ലാം നിറുത്തി ഗവൺമെണ്ടുതന്നെ അതിന്റെ സ്ഥാനത്തു വന്നിരിക്കുകയാണു്. അങ്ങനെ ഗവൺമെണ്ടു വന്നിട്ടുള്ളതുകൊണ്ടു് പൊതുജനങ്ങൾക്കു എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടെന്നു് നോക്കിയാൽ അതുമൂലം വലുതായ കഴപ്പം സംഭവിച്ചിരിക്കുന്നു എന്നു കൂട്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഹോൾസെയിലേഴ്സിനെ ഇല്ലാതാക്കിയതിൽ ഞാൻ സന്തോഷിക്കുകയും ആ നടപടിയോടു യോജിക്കുകയും ചെയ്യുന്നു. അതുപോലെ മുതലാളിമാരെയെങ്കിലും ഗവൺമെണ്ടു് ഇല്ലാതാക്കിയല്ലൊ എന്നുള്ളതു് ഒരു ആശ്വാസമാണു്. എന്നാൽ ആ സ്ഥാനത്തു്—

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മാത്തൻ: ഹോർട്ടിസെയിൽ ഡിപ്പോ നിറുത്തൽ ചെയ്യരുതെന്നാണോ ബഹു. മെമ്പറുടെ അഭിപ്രായം?

ശ്രീ. വി. ഗംഗാധരൻ നായർ: നിറുത്തൽ ചെയ്യണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥ ചില്ലറ വ്യാപാരികൾക്കു വളരെ ദോഷം ചെയ്യുന്ന ഒന്നാണ്. ഹോർട്ടിസെയിലേഴ്സു മുഖാന്തിരം വിതരണം നടത്തിക്കൊണ്ടിരുന്നപ്പോൾ അരി തൂക്കിയാണ് റീട്ടെയിലേഴ്സിനു കൊടുത്തിരുന്നതു്. എന്നാൽ ഇപ്പോൾ മുമ്പു ഒരു ചാക്കിൽ നൂറു ഇടങ്ങഴി അരി ഉണ്ടായിരുന്നതു് ൯൦ ഇടങ്ങഴിവീതം അളന്നു കെട്ടി റീട്ടെയിലേഴ്സിനു് നൽകുകയാണ്. എന്നാൽ അപ്രകാരം എഴുപതു ഇടങ്ങഴി വീതം അളന്നോ തൂക്കിയോ ചില്ലറ കച്ചവടക്കാരെ ബോദ്ധ്യപ്പെടുത്തികൊടുക്കുന്നില്ല.

കൊല്ലം താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടെ ഒരാഴ്ച വിതരണത്തിനുള്ള അരിയും ഗോതമ്പുംകൂടി ൯,൮൦൦ ചാക്കാണനുവദിച്ചിട്ടുള്ളതു്. അതിലേക്കു ആകെ നൂറ്റി൮ റീട്ടെയിൽ വ്യാപാരികളാണുള്ളതു്. അപ്പോൾ ഒരു വ്യാപാരിക്കു ശരാശരി ൫൦ ചാക്കു ഭക്ഷ്യധാന്യം വീതം ഇന്നു ഒരാഴ്ചയിൽ ലഭിക്കുന്നു. ഗവൺമെണ്ടിൽനിന്നും ഒരു വ്യാപാരിക്കു ചാക്കൊന്നിനു അനുവദിച്ചിട്ടുള്ള ലാഭം നാലണ ആറു പൈസായാണ്. അപ്പോൾ ൫൦ ചാക്കിനു ഒരു മാസം കിട്ടുന്ന ആദായം ചിലവു കഴിച്ചു (൧൭ രൂപ ൫ അണ) യാണെന്നു കാണാം. ഇങ്ങിനെ ൧൭ രൂപാ ൫ അണ പ്രതിമാസം ലാഭം കിട്ടുന്ന ഒരാളിനു ഇന്നത്തെ നിലയ്ക്കു് എങ്ങനെ ജീവിക്കാൻ സാധിക്കും? ചില്ലറ വ്യാപാരികൾ തീർച്ചയായും സ്വന്തം കയ്യിൽനിന്നു് നഷ്ടപ്പെടുകയില്ല. പ്രതിമാസം കച്ചവടം നടത്തുന്നതിനു് ഒരു റീട്ടെയിലിനു് ൧൫൦ മുതൽ ൨൫൦ രൂപ ചിലവുള്ളപ്പോൾ അയാൾക്കു ഗവൺമെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളതു് വെറും ൧൭രൂപാ ൫ അണ മാത്രമാണ്. അങ്ങനെവരുമ്പോൾ അയാൾ നിശ്ചമായും ഈ ആദായം ഉണ്ടാക്കുന്നതു പാവപ്പെട്ട കൺസ്യൂമറുടെ പക്കൽ നിന്നാണ്. അതുമാത്രമല്ല ഇപ്പോൾ റീട്ടെയിലേഴ്സിനെ അളന്നു ബോദ്ധ്യപ്പെടുത്തി കൊടുക്കാത്തതുകൊണ്ടു് അതിൽനിന്നുണ്ടാകുന്ന നഷ്ടംകൂടി ഈ പാവപ്പെട്ട കൺസ്യൂമറാണു സഹിക്കേണ്ടിവരുന്നതു്. ഇങ്ങനെ റീട്ടെയിലേഴ്സിന്റെ വൈഷമ്യം വർദ്ധിച്ചിരിക്കുന്നതിന്റെ ഫലമായി കൺസ്യൂമേഴ്സിനും ബുദ്ധിമുട്ടുകൾ വർദ്ധിച്ചിരിക്കുന്നു എന്നു കാണിക്കുന്നതിനാണ് ഞാൻ ഈ കണക്കു ഉദ്ധരിച്ചതു്. അതുകൊണ്ടു് ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്തില്ലെങ്കിൽ റീട്ടെയിലേഴ്സു ധാരാളമായി ബ്ലാക്കുമാർക്കറ്റുകൾ നടത്തുന്നതും തൽഫലമായി കൺസ്യൂമേഴ്സിനു് വളരെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുന്നതുമാണ്.

സർ, ഇനി മറ്റൊരു കാര്യത്തെപ്പറ്റിയാണു പറയാനുള്ളതു്. അതായതു് ഗവൺമെണ്ടിന്റെ തൊഴിലാളികളോടുള്ള നയത്തെപ്പറ്റി ഇന്നത്തെ ഗവൺമെണ്ടിന്റെ തൊഴിലാളികളോടുള്ള നയം വളരെ ആക്ഷേപാർഹമാണ്. ഒന്നു രണ്ടുവർഷം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ മുമ്പിൽ പണിപ്പെട്ട ശ്രമിച്ചാലും തൊഴിലാളിത്തക്കങ്ങൾക്കു ഒരു തീരുമാനം ഉണ്ടാകാറില്ല. വല്ല വിധത്തിലും ഒരു അവാർഡു കിട്ടിക്കഴിഞ്ഞാൽത്തന്നെ അതു നടപ്പാക്കുകയില്ല. അതിനു് പിന്നെയും കാലതാമസം നേരിടുവിക്കുന്നു. ഉദാഹരണമായി, ഞാൻ എ. ഡി. കാട്ടൺ മില്ലിനെ സംബന്ധിച്ചു പറയാം. അവിടത്തെ തൊഴിൽത്തക്കത്തെ സംബന്ധിച്ചു തീരുമാനിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടുവന്നു. അവാർഡും ഉണ്ടായി. അവാർ

LIBRARY ARCHIVES Kerala Legislative Assembly

ഡു നടപ്പാക്കുന്നതിനുവേണ്ടി തൊഴിലാളികൾ മന്ത്രി മന്ദിരങ്ങളുടെ മുമ്പിലും മിൽ ഉടമസ്ഥന്റെ പടിക്കലും സത്യാഗ്രഹസമരം നടത്തേണ്ടിവന്നു. എന്നിട്ടും അവിടെ മുതലാളി അതു നടപ്പാക്കിയില്ല. അവാർഡു നടപ്പാക്കണമെന്നു അവിടത്തെ തൊഴിലാളികൾ ആവശ്യപ്പെട്ടപ്പോൾ ഇനിയും അതു് ഒരു മദ്ധ്യസ്ഥൻ വ്യാഖ്യാനിക്കണമെന്നു പറഞ്ഞിരിക്കുകയാണു്. ഇന്നും ഫ;ന ഠ ഠ–ൽ പരം എ. ഡി. കാട്ടൺ മിൽതൊഴിലാളികൾ ഒരു തൊഴിലില്ലാതെ കഴിയുകയാണു്. കഴിഞ്ഞ ഒരു കൊല്ലത്തിൽ നാലോ അഞ്ചോ മാസത്തെ ജോലിമാത്രമാണു് അവർക്കുണ്ടായിരുന്നതു്. അതാണു് ഇന്നത്തെ ഗവൺമെണ്ടിന്റെ തൊഴിലാളിനയത്തിൽനിന്നും ഉണ്ടായിട്ടുള്ള ഫലം എന്നു ഞാൻ വ്യക്തമാക്കിക്കൊള്ളുന്നു.

സർ, ഇന്നവിടെ വന്നതിനുശേഷം, ഞങ്ങൾക്കു ഒരറിവുകിട്ടി. ഞങ്ങളുടെ ഒരു സഖാവായ ശ്രീ. കെ. എൻ. ഗോപാലപിള്ളയെ അറസ്റ്റ്ചെയ്തിരിക്കുന്നുവെന്നു്. എഫ്. എ. സി. റ്റി. തൊഴിലാളി യൂണിയൻ പ്രസിഡന്റായ സഖാവു ഗോപാലപിള്ളയെയും അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകന്മാരെയും കമ്പനി മാനേജ്മെൻറിന്റെ പ്രേരണയനുസരിച്ചു ഗവൺമെണ്ടു് അറസ്റ്റുചെയ്തിരിക്കുകയാണു്. അവിടെ കഴിഞ്ഞ ഫൻ മാസക്കാലമായി ഒരു അവാർഡ് ഉണ്ടാക്കുന്നതിനു് ഒരു ഇൻഡസ്ട്രിയൽ ട്രിബൂണലിന്റെ മുമ്പിൽ തൊഴിലാളികൾ കിടന്നു പണിപ്പെടുകയാണു്. പക്ഷെ സാധിച്ചിട്ടില്ല. അതുമൂലം പണിമുടക്കിനു് തൊഴിലാളികൾ തയ്യാറായി. പണിമുടക്കു ഒഴിവാക്കാനായി എഫ്. എ. സി. റ്റി. മാനേജുമെൻറ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ചേർന്നു കൂടിയാലോചന നടത്തുകയും അതിന്റെ ഫലമായി ഒരു ഒത്തുതീർപ്പിലെത്തുകയും ചെയ്തു. എന്നാൽ എഫ്. എ. സി. ടി. ഡയറക്ടർ ബോർഡു ആ ഒത്തുതീർപ്പു നിരാകരിക്കുകയുണ്ടായി. അവിടത്തെ തൊഴിലാളികൾ ഒരു പണിമുടക്കു ആരംഭിക്കണമെന്നു് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണു്. എന്നാൽ ഗവൺമെണ്ടു് ആ പണിമുടക്കു നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചു. ഗവൺമെണ്ടിന്റെ ഈ നിയമവിരുദ്ധപ്രഖ്യാപനത്തെ വകവയ്ക്കാതെ മുമ്പോട്ടു പോകാൻ തന്നെയാണു് അവിടത്തെതൊഴിലാളികൾ തീരുമാനിച്ചുറിക്കുന്നതു്.

വിദ്യാഭ്യാസവും ഭക്ഷ്യവും വകുപ്പുമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എഫ്. എ. സി. ടി. യിലെ കൂലിയുടെ തോതു എന്താണെന്നു ബഹു.മെമ്പർക്കറിയാമോ? അതു വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണു് ഈ പണിമുടക്കുതുടങ്ങാൻ പോകുന്നതെന്നും മെമ്പർക്കറിയാമോ?

ശ്രീ. വി. ഗംഗാധരൻ നായർ: അവിടെ ഒത്തുതീർപ്പനുസരിച്ചുണ്ടായിട്ടുള്ള വ്യവസ്ഥകൾ ഞാൻ ഓർമ്മിക്കുന്നുണ്ടു്. എതായാലും ഒത്തുതീർപ്പനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിലാക്കണമെന്നാണു് അവർ ആവശ്യപ്പെടുന്നതു്. അല്ലാതെ മുതലാളിമാരുടെ അടിമകളായി അവരുടെ വ്യവസ്ഥകൾക്കു വിധേയമായി പണിയെടുക്കണമെന്നുള്ള ആ പഴഞ്ചൻനയം ഇനിയും വച്ചുകൊണ്ടിരിക്കുന്നതു നടക്കാൻ പോകുന്നില്ലെന്നുള്ളതുമാത്രമെ ഈ ഗവൺമെണ്ടിനെ എനിക്കു ധരിപ്പിക്കാനുള്ളൂ.

സർ, തൊഴിലാളിക്കു സംഘടനയ്ക്കുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു ഗവൺമെണ്ടു പറയുന്നു. പക്ഷെ ഒരു കാര്യം ഉദാഹരണമായി ഈ മന്ത്രിമാരുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുന്നു. വല്ല സ്ഥലത്തും തൊഴിലാളികൾ സംഘടിക്കുവാൻ ഒരുങ്ങിയാൽ അവരെ യാതൊരു കാരണവും കൂടാതെ പിരിച്ചുവിടുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു പതിവു ഇന്നും നമ്മുടെ നാട്ടിലുള്ള പല ഫാക്ടറികളിലും അവയുടെ മാനേജുമെൻറുകൾ പുലർത്തി വരുന്നു എന്നുള്ള സംഗതിയും ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള: എതുപക്ഷത്തുനിന്നും കൊണ്ടു വന്നിട്ടുള്ള ചില ആരോപണങ്ങൾക്കും വാദമുഖങ്ങൾക്കും മറുപടി പറയുവാനാണ് ഞാൻ എഴുന്നേറ്റു നിൽക്കുന്നതു്. ഭക്ഷ്യാല്പാദനസംരേണ വിതരണ വിഷയങ്ങളെപ്പറ്റിയും റേഷൻ സമ്പ്രദായത്തിലുള്ള ക്രമക്കേടുകളെപ്പറ്റിയും അതിനോടു ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളെപ്പറ്റിയും ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകളും ഗ്രോമോർ ഫുഡ് കമ്പയിനിന്റെ വിശദവിവരങ്ങളെപ്പറ്റി ബഹു. ശ്രീ. ജോൺഫിലിപ്പോസ് അവർകളും സംസാരിക്കുന്നതാണു്. പൊതുവായി മൂന്നു നാലുസംഗതികളെ സംബന്ധിച്ചുമാത്രം ഈ അവസരത്തിൽ ചിലതു പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നു.

ശ്രീ. നേശമണി അവർകളും അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ ഉന്നയിച്ചിട്ടുള്ള സംഗതികളിൽ പ്രാധാന്യമർഹിക്കുന്നതായ സപ്ലീസു് സംയോജനത്തെപ്പറ്റി ചില തെറ്റിദ്ധാരണകളും ജനതാമദ്ധ്യത്തിലുള്ളതു കൊണ്ടു് അവയെ നിക്കുന്നതിനു് ഈ അവസരം ഉപയോഗിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. സപ്ലീസു് സംയോജനം നടപ്പിൽ വരുത്തിയിട്ടില്ല. സപ്ലീസു് സംയോജനത്തെ സംബന്ധിച്ചു് ഏതു നയമാണു് സ്വീകരിക്കേണ്ടതു് എന്നുള്ളതു് ഗവൺമെണ്ടിന്റെ ഗാഢമായ ശ്രദ്ധയിൽ ഇതിനകം പെട്ടിട്ടുണ്ടു്. തിരുവിതാംകൂറും കൊച്ചിയും തമ്മിൽ ഇന്നെന്തെങ്കിലും വ്യത്യാസങ്ങളുണ്ടെങ്കിൽ കാലക്രമേണ ആ വ്യത്യാസങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനു് ഉപകരിക്കുന്നതായ ചില പൊതുതത്വങ്ങൾ, സപ്ലീസിലെ അംഗങ്ങൾ കായ്ക്ഷമമായവിധത്തിൽ മേലിലും പ്രവർത്തനം നടത്തുന്നതിനു് ആവശ്യമായ ചില തത്വങ്ങൾ സ്വീകരിക്കുന്നതിനു് ഗവൺമെണ്ടു പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. കൊച്ചിയിൽ സംയോജനത്തിനുമുമ്പു് ഉദ്യോഗനിയമന വിഷയത്തിലും പ്രമോഷൻ വിഷയത്തിലും സ്ഥിരപ്പെടുത്തലുകളിലും പല ക്രമക്കേടുകളും അനീതികളും കാണിച്ചിട്ടുണ്ടെന്നു് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. അതിനു് നാലോ അഞ്ചോ ഉദാഹരണങ്ങൾ ഉണ്ടെന്നല്ലാതെ ഇവിടെ പറഞ്ഞ രീതിയിൽ വമ്പിച്ച തോതിലുള്ള ക്രമക്കേടുകളോ അനീതികളോ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതായാലും ചില തത്വങ്ങൾ താല്ക്കാലികമായിട്ടാണു് സ്വീകരിച്ചിട്ടുള്ളതെന്നും, ആ തത്വങ്ങളെ ആസ്പദമാക്കി സംയോജനം നടത്തുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു് മേലധികാരികൾക്കു് താല്ക്കാലികമായ ഒരു നിർദ്ദേശം മാത്രമാണു് കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ ആ തത്വങ്ങളെ ആസ്പദമാക്കി സംയോജനം നടത്തുമ്പോൾ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥന്മാർക്കോ അനീതിപരമായ എന്തെങ്കിലും സംഭവിക്കുന്നുവെങ്കിൽ അതിന്റെ വെളിച്ചത്തിൽ ആ തത്വങ്ങളെത്തന്നെ പുനഃപരിശോധന ചെയ്യുന്നതിനുപോലും ഗവൺമെണ്ടു സന്നദ്ധരായിരിക്കുമെന്നും കാണിച്ചു് ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ബഹു. അംഗങ്ങൾ വായിച്ചിരിക്കുമെന്നു് വിശ്വസിക്കുന്നു. ഫസ്റ്റ് ജനുവരി ഫാസ്റ്റ്- തിരുവിതാംകൂറിലും കൊച്ചിയിലും എത്ര ഉദ്യോഗങ്ങളാണോ ഉണ്ടായിരുന്നതു് ആ ഉദ്യോഗങ്ങളുടെ അടിസ്ഥാനത്തിൽവേണം സംയോജനം നടത്താൻ എന്നുള്ള ഒരു അടിസ്ഥാന തത്വമാണു് ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ളതു്. സംയോജനം നടപ്പിൽവന്നതു ഫസ്റ്റ് ജൂലൈയിൽ ആണെന്നുള്ളതു എല്ലാവർക്കും അറിയാം. അതിനു് ഉദ്ദേശം ന്യൂ മാസംമുമ്പു് തിരുവിതാംകൂറിലും കൊച്ചിയിലും ഏതെല്ലാം ഉദ്യോഗസ്ഥന്മാർ ഏതെല്ലാം നിലകളിൽ ഇരുന്നിരുന്നുവോ അവരുടെ ഉദ്യോഗനിലയും ശമ്പളവും സപ്ലീസും മറ്റും ആസ്പദമാക്കി സംയോജനം നടത്തണമെന്നുള്ള ഒരു തത്വമാണു് താല്ക്കാലികമായി ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ളതു്. സംയോജനവിഷയത്തിൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണു്

LIBRARY ARCHIVES Kerala Legislative Assembly

ഭരണാധികാരികളെ അപ്പോഴപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ളതിനെപ്പറ്റി ഞാൻ പ്രത്യേകം പറയേണ്ട ആവശ്യമില്ല. സർവ്വീസ് റൂൾസിനെ സംബന്ധിച്ചും, ശമ്പളക്രമത്തെ സംബന്ധിച്ചും, പ്രമോഷൻകൊടുക്കുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ചും വിഭിന്നമായ രീതികൾ നിലവിലിരുന്ന രണ്ടു രാജ്യങ്ങളിലെ പ്രത്യേക സർവ്വീസുകളെയാണു് സംയോജിപ്പിക്കേണ്ടതായിട്ടിരിക്കുന്നതു്. ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാർക്കും ദോഷമില്ലാത്തവിധത്തിലും, കാലക്രമേണയെങ്കിലും ഇന്നു നിലവിലിരിക്കുന്നതായ വ്യത്യാസങ്ങൾ നിർമ്മാർജനം ചെയ്യുന്നതിനു് ഉപകരിക്കുന്നതായ നിലയിലും സംയോജനം നടത്തണമെന്നാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് അതിനെ സംബന്ധിച്ചു് അവസാനമായ തീരുമാനങ്ങൾ ഉണ്ടായിട്ടില്ലെന്നും ഇന്നു് ഗവൺമെണ്ടു് താല്ക്കാലികമായി സ്വീകരിച്ചിട്ടുള്ള തത്വങ്ങൾ ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥന്മാർക്കു ദോഷകരമാണെന്നു പ്രത്യക്ഷത്തിൽ ഗവൺമെണ്ടിനു ബോദ്ധ്യപ്പെടുന്നപക്ഷം ആ തത്വങ്ങളെ പുനഃപരിശോധന ചെയ്യുന്നതിനു് ഗവൺമെണ്ടു് സന്നദ്ധമാണെന്നും ഇതിനകം പറഞ്ഞിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: ൧൯൫൯ ജനുവരി ൧-ാംനു-ക്കും ൧൯൫൯ ജൂലായ് ൧-ാംനു-ക്കും ഇടയിൽ നടന്നിട്ടുള്ള സ്ഥിരപ്പെടുത്തലുകൾ പുനഃപരിശോധന ചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് വിശദാംശങ്ങളെ സംബന്ധിക്കുന്ന ഒരു കാര്യമാണു്. എതായാലും ൧—൧—൫൯-ൽ എതെല്ലാം ഉദ്യോഗങ്ങളിൽ എതെല്ലാം ഉദ്യോഗസ്ഥന്മാർ ഇരുന്നിരുന്നുവോ ആ ഉദ്യോഗസ്ഥന്മാരുടെ ഉദ്യോഗനിലയെ ആസ്പദമാക്കിയായിരിക്കും സംയോജനം നടത്തുന്നതു്. ൧—൧—൫൯-നശേഷം എതെങ്കിലും പ്രമോഷനുകൾ തിരുവിതാംകൂറിലോ കൊച്ചിയിലോ ഉണ്ടായിട്ടുണ്ടെങ്കിൽ ആ പ്രമോഷനുകളെ ആസ്പദമാക്കി ആയിരിക്കുകയില്ല സംയോജനം നടത്തുന്നതു്. അതാണു് ഇതിനകം ഗവൺമെണ്ടു് സ്വീകരിച്ചിട്ടുള്ള നയത്തിന്റെ അടിസ്ഥാനം.

ശ്രീ. എ. താണുപിള്ള: പ്രമോഷനുകളെപ്പറ്റിയല്ല ഞാൻ ചോദിച്ചതു്? ൧—൧—൫൯-നും, ൧—൭—൫൯-നും ഇടക്കു് നടന്നിട്ടുള്ള സ്ഥിരപ്പെടുത്തലുകളെ പുനഃപരിശോധന ചെയ്യുമോ എന്നാണു് എനിക്കറിയേണ്ടതു്? ൧—൧—൫൯-നശേഷം കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതു് തെറ്റാണെന്നു് ചൂണ്ടിക്കാണിക്കുവാനാണു് ഞാൻ ഇതു പറയുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ൧—൧—൫൯-നശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിൽ സ്ഥിരപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആ സ്ഥിരപ്പെടുത്തലുകളെ തീച്ചയായും ഗവൺമെണ്ടു് ഗൗനിക്കുന്നതല്ല.

ശ്രീ. ആർ. കെ. റാം അവർകൾ തമിഴ്നാടിനെ പ്രത്യേകമായിട്ടാണു് ഗവൺമെണ്ടു് പരിഗണിച്ചുവരുന്നതെന്നു് പറയുകയുണ്ടായി. അതു് അടിസ്ഥാനരഹിതമാണെന്നും ഈ ഐക്യസംസ്ഥാനത്തുള്ള എല്ലാ പ്രദേശങ്ങളേയും ഒന്നുപോലെതന്നെ പരിഗണിച്ചു് എല്ലാവരുടേയും ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക എന്നുള്ളതാണു് ഗവൺമെണ്ടിന്റെ പ്രഖ്യാപിതനയമെന്നും ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ രാഷ്ട്രീയമായി യാതൊരു അനുവേചിച്ചിട്ടുള്ള ആളുകൾക്കു് സൗജന്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെന്നും, എന്നാൽ ആ വിഷയത്തിലും തമിഴ്നാട്ടിലുള്ള ആളുകൾക്കു് യാതൊരു മുൻഗണനയും കൊടുക്കുന്നില്ലെന്നുമാത്രമല്ല, മറ്റുള്ളവർക്കു കൊടുക്കുന്നതുപോലും കൊടുക്കുന്നുമില്ല എ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആ വാദവും തെറ്റാണെന്നും, തോവാള, കൽക്കുളം, വിളവംകോട്ട്, ചെങ്കോട്ട, ദേവികുളം മുതലായ തമിഴ്താലൂക്കുകളിലുള്ള അനേകം സഹോദരന്മാർക്ക് അവരുടെ അപേക്ഷ അനുസരിച്ച് സ്ഥലങ്ങൾ കൊടുത്തിട്ടുണ്ടെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. അദ്ദേഹം വേറൊരു സംഗതി പറഞ്ഞതു് നെയ്യാറിൻകരയും നെടുമങ്ങാട്ടും നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ഗവൺമെണ്ടു് ഇടപ്പെട്ട എന്നും അനാവശ്യമായി ഗവൺമെണ്ടുവക പണം അതിനുവേണ്ടി ചിലവാക്കിയിട്ടുണ്ടെന്നുമാണു്. ഈവക സംഗതികളിൽ ഗവൺമെണ്ടിടപെട്ടിട്ടില്ലെന്നും തെരഞ്ഞെടുപ്പിനുവേണ്ടി ഗവൺമെണ്ടിൽനിന്നും ഒരു പൈസപോലും ചിലവാക്കിയിട്ടില്ലെന്നും ഇതിനുമുമ്പു പല അവസരങ്ങളിലും പറഞ്ഞിട്ടുള്ളപോലെതന്നെ പരിപൂർണ്ണമായ ഉത്തരവാദിത്വബോധത്തോടുകൂടി ഞാൻ വീണ്ടും ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു. ആരോപണങ്ങൾ കൊണ്ടുവരിക വളരെ എളുപ്പമാണു്. എന്നാൽ ആരോപണങ്ങൾക്കു് അടിസ്ഥാനമുണ്ടായിരിക്കേണ്ടതു വളരെ ആവശ്യവുമാണു്. ഈ ആരോപണങ്ങൾക്കു് അടിസ്ഥാനമില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. അയ്യൂക്കൻ അവർകളുടെ പ്രസംഗത്തിനു് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻതന്നെ മറുപടി പറയുന്നതാണു്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തെപ്പറ്റിയും ജലസേചനപദ്ധതികളുടെ കാര്യത്തെപ്പറ്റിയുമാണു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മുഖ്യമായി പ്രതിപാദിച്ചിട്ടുള്ളതു്.

ശ്രീ. താണുപിള്ള അവർകളുടെ പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾക്കു് മറുപടി പറയണമെന്നു് ഞാൻ വിചാരിക്കുന്നു. ജനകീയഭരണത്തിന്റെ അടിസ്ഥാനങ്ങളെത്തന്നെ മാറ്റുന്ന പ്രവർത്തനങ്ങളിലാണു് ഈ ഗവൺമെണ്ടു് ഏർപ്പെട്ടിരിക്കുന്നതു എന്നാണു് അദ്ദേഹത്തിന്റെ വാദം. ആ വാദത്തെ സമർത്ഥിക്കുന്നതിനുവേണ്ടി അദ്ദേഹം മൂന്നു നാലു കാര്യങ്ങളാണു് ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. ഒന്നാമതായി, തിരഞ്ഞെടുപ്പുകളിൽ ഗവൺമെണ്ടു് ഇടപെട്ട എന്നും ആ ഇടപെടൽ ശരിയല്ലെന്നും അതു ജനകീയ ഭരണതത്വങ്ങൾക്കു് കടകവിരുദ്ധമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആരോപണം. രണ്ടാമതായി അദ്ദേഹം പറഞ്ഞതു് നെയ്യാറിൻകര ഏതോ ഒരു സ്ഥലത്തു് ആറു ദിവസത്തേക്കു് ഒരു ഡാക്കുരെ നിയമിച്ചു എന്നും ആ ദിവസം കഴിഞ്ഞു് അയാളെ തിരിച്ചുവിളിച്ചു എന്നുമാണു്. മൂന്നാമതായി ഡിലിമിറ്റേഷൻ പ്രശ്നത്തെപ്പറ്റിയും സംയോജനത്തെപ്പറ്റിയും പോലീസുകാരുടെ ഇടപെടലുകളെപ്പറ്റിയും പറയുകയുണ്ടായി നെയ്യാറിൻകര തിരഞ്ഞെടുപ്പിനെപ്പറ്റിയാണു് അദ്ദേഹം പ്രത്യേകം പറഞ്ഞതു്. നെടുമങ്ങാട്ടെ തെരഞ്ഞെടുപ്പിനെപ്പറ്റി പറയുന്നതിനുവേണ്ട പ്രത്യേക സാഹചര്യങ്ങളൊന്നും ഇല്ലാതിരുന്നതുകൊണ്ടാണു് അദ്ദേഹം നെയ്യാറിൻകരയെപ്പറ്റിമാത്രം പറയാൻ നിർബന്ധിതനായതു് എന്നെനിക്കു മനസ്സിലാക്കാൻ സാധിക്കും. ശ്രീ. ആർ. കെ. റാം അവർകളുടെ അഭിപ്രായങ്ങൾക്കു പറഞ്ഞ മറുപടിതന്നെയാണു് എന്റെ സ്നേഹിതൻ ശ്രീ. താണുപിള്ളയോടും എനിക്കു പറയുവാനുള്ളതു്. ഈ ഗവൺമെണ്ടും തീച്ചയായും ജനകീയഭരണതത്വങ്ങളിൽ അദ്ദേഹത്തെപ്പോലെതന്നെ വിശ്വസിക്കുന്നുണ്ടെന്നും ആ തത്വങ്ങളെ കഴിയുന്നത്രവേഗത്തിൽ നടപ്പിൽ വരുത്തുന്നതിനു് എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണം ആവശ്യമാണെന്നു് ഈ ഗവൺമെണ്ടും മനസ്സിലാക്കുന്നുണ്ടെന്നും ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. തിരഞ്ഞെടുപ്പിൽ ഇടപെടുന്നതു ഈവക തത്വങ്ങൾക്കു് വിരുദ്ധമാണെന്നു് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനും അറിയാമെന്നുള്ളതും അങ്ങിനെ ഇടപെട്ടിട്ടില്ലാത്തതും മേലാൽ ഇടപെടണമെന്നു് ഉദ്ദേശിക്കുന്നില്ലാത്തതുമാണെന്നും എനിക്കു അദ്ദേഹത്തെ ഇതറിയിക്കുവാൻ ആഗ്രഹമുണ്ടു്. ഒരു ഡാക്കുരുടെ കാര്യം പറയുകയുണ്ടായി. അതിൽ യാതൊരു കഴമ്പുമില്ലെന്നും അങ്ങിനെ ചെയ്തിട്ടുണ്ടെങ്കിൽ അതു ആ നാട്ടുകാരുടെ നിവേദനത്തിന്റെ ഫലമായിട്ടാണെന്നും അതു തെരഞ്ഞെടുപ്പുമായിട്ടു് യാതൊരു ബന്ധവുമില്ലെന്നും മാത്രമേ അതിനു് എനിക്കു മറുപടി പറയാനുള്ളു.

ഡിലിമിറ്റേഷനെപ്പറ്റിയും അദ്ദേഹം പറയുകയുണ്ടായി. അക്കാര്യം അടുത്തതന്നെ നിയമസഭയിലെ അംഗങ്ങളുടെ ചർച്ചക്കു് വിഷയമാകുമെന്നുള്ളതുകൊണ്ടു് അതിനെപ്പറ്റി ഇപ്പോൾ എന്തെങ്കിലും പറയണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. സംയോജനത്തെപ്പറ്റി എനിക്കു പറയുവാനുള്ളതു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. അടുത്തതായി എനിക്കു പറയുവാനുള്ളതു് പോലീസുകാരുടെ ഇടപെടലിനെപ്പറ്റിയാണു്. ഇവിടെ ആളുകൾക്കു് സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യങ്ങൾ സംജാതമായിട്ടില്ലെന്നും നിയമസമാധാനപാലനവിഷയത്തിൽ സംഭ്രമജനകമായ ഒരവസ്ഥയാണു് ഇവിടെ ഉള്ളതെന്നുമായിരുന്നു അദ്ദേഹത്തിന്റെ വാദം. അതിനു ഉദാഹരണമായി കൊട്ടാരക്കര, പെരുമ്പാവൂർ, എറണാകുളം മുതലായ സ്ഥലങ്ങളിൽ നടന്നിട്ടുള്ളതായി പറയുന്ന സംഭവങ്ങളിലേക്കു് ബഹു. അംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയുണ്ടായി. കൊട്ടാരക്കര ഒരു സംഭവം നടന്നു. അവിടെ ഒരു കമ്മ്യൂണിസ്റ്റുകാരൻ ഒരു പൊലീസുകാരനെ കുത്തിക്കൊല്ലുകയും അതിനെ തുടർന്നു സുരേന്ദ്രൻ എന്ന ഒരു യുവാവു് മരണമടയുകയും ഉണ്ടായി. ഞാൻ സ്ഥലത്തുപോയി ആളുകളുടെ പരാതികൾ കേൾക്കുകയും അവിടത്തെ പൊലീസ് ഇൻസ്പെക്ടരേയും ഏതാനും പൊലീസുകാരേയും സ്ഥലം മാറ്റിയിട്ടു് ഉടനെതന്നെ ഒരു രഹസ്യാന്വേഷണം നടത്താൻ കൊല്ലം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനോടു് ആവശ്യപ്പെടുകയുമുണ്ടായി. ആ രഹസ്യാന്വേഷണത്തിന്റെ റിപ്പോർട്ടു് ഇന്നലെ ഗവമ്മെണ്ടിനു് ലഭിക്കുകയും ചെയ്തിട്ടുണ്ടു്. പൊലീസിനെ മാറ്റിയതു് അന്വേഷണം കൂടുതൽ കാര്യക്ഷമമാകണമെന്നും പൊലീസുകാരുടെ സാന്നിദ്ധ്യം അന്വേഷണങ്ങളെ ഒരുതരത്തിലും ബാധിക്കാതിരിക്കണമെന്നും ഗവമ്മെണ്ടിനു് നിർബന്ധമുണ്ടായിരുന്നതുകൊണ്ടാണു്. അങ്ങിനെയുള്ള ഒരു രഹസ്യാന്വേഷണത്തിനുശേഷം ഒരു പരസ്യാന്വേഷണം ആവശ്യമാണെന്നു കാണുന്നപക്ഷം അതും നടത്തുന്നതാണെന്നു് ഇതിനുമുമ്പു് വാഗ്ദത്തം ചെയ്തിട്ടുണ്ടെങ്കിൽ അതു ചെയ്യുന്നതിനുള്ള അവസരം ഇന്നലെമാത്രമാണു് ഉണ്ടായിട്ടുള്ളതു്. അതായതു് രഹസ്യാന്വേഷണത്തിന്റെ റിപ്പോർട്ടു് കൊല്ലം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിൽനിന്നും ഇന്നലെമാത്രമാണു് ഗവമ്മെണ്ടിനു് ലഭിച്ചതു്. ആ റിപ്പോർട്ടു് പരിശോധിച്ചശേഷം ഒരു പരസ്യാന്വേഷണം ആവശ്യമാണെന്നുകണ്ടാൽ അതു നടത്തുമെന്നുള്ള കാര്യത്തിൽ ആർക്കും സംശയം ആവശ്യമില്ല. പൊലീസുകാരെ സഹായിക്കണമെന്നോ, പൊലീസുകാരുടെ വിക്രിയകൾക്കു് കൂട്ടുനിൽക്കണമെന്നോ ഈ ഗവമ്മെണ്ടിനു ഒരുനിമിഷംപോലും ആഗ്രഹമില്ല. പെരുമ്പാവൂരിലും, നിർഭാഗ്യവശാൽ ഒരു സംഭവം ഉണ്ടായി. അവിടെയും ഞാൻ പോയി അന്വേഷണം നടത്തി. പൊലീസുകാരും അന്വേഷണങ്ങളും നടത്തി. അതിനെ തുടർന്നു ഏതാനുംപേരെ അറസ്റ്റു് ചെയ്യുന്നതിനു ഉത്തരവുകൊടുക്കുകയും അവിടത്തെ പൊലീസ് ഇൻസ്പെക്ടരേയും ഏതാനും പൊലീസുകാരേയും അറസ്റ്റു് ചെയ്ത പല വകുപ്പുകളും ചേർത്തു് ഇപ്പോൾ ഒരു കേസ് ചാർജ്ജു് ചെയ്യുകയും ചെയ്തിട്ടുണ്ടു്. എറണാകുളത്തു് ഏതോകാലത്തു നടന്ന ഒരു സംഭവത്തെപ്പറ്റി സമീപകാലത്തു ചില പത്രപ്രസ്താവനകളും ഉണ്ടായി. അ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

തിൽ ഉൾപ്പെട്ടതായി പറയപ്പെട്ടന്ന പോറ്റിയോ നമ്പൂതിരിസ്ത്രീയോ മറ്റാരെങ്കിലുമോ ഇങ്ങനെ ഒരു സംഭവം നടന്ന എന്ന വിവരം ഗവൺമെണ്ടിനെ അറിയിച്ചിരുന്നില്ല. സമീപകാലത്താണ് ഗവൺമെണ്ടിനു അതേപ്പറ്റി മനസ്സിലാക്കാൻ ഇടയായിട്ടുള്ളതു്. അതിനെ സംബന്ധിച്ചു് ഇപ്പോൾ ഉൗർജ്ജിതമായ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കയാണു്. അന്ന അർദ്ധരാത്രി നടന്ന ഒരു സംഭവത്തെപ്പറ്റിയുള്ള വിവരങ്ങൾ രണ്ടോ മൂന്നോ മാസങ്ങൾകഴിഞ്ഞേ ഗവൺമെണ്ടിനു ലഭിച്ചിട്ടുള്ളുവെങ്കിലും ആ അറിവുവച്ചുകൊണ്ടു് കൂടുതൽ അന്വേഷണങ്ങൾ നടത്തേണ്ടതും കുറ്റവാളികളെ കണ്ടുപിടിക്കാൻ സാധിക്കുന്നപക്ഷം ശിക്ഷിക്കേണ്ടതുമാണെന്നു് ഗവൺമെണ്ടും സമ്മതിക്കുന്നു. പിന്നെ പറയുകയുണ്ടായി ഒരു സംഗതി ഇന്ന രാജ്യത്തു പൊലീസുകാരെ സംബന്ധിച്ചിടത്തോളം വളരെ വലിയ ഒരു അരക്ഷിതാവസ്ഥ നിലവിലിരിക്കുന്ന എന്നാണു്. അതു തീച്ചയായിട്ടും തെറ്റാണു്. അങ്ങിനെ ഒരു അരക്ഷിതാവസ്ഥ ഈ നാട്ടിൽ ഇല്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കുറ്റങ്ങൾ ചെയ്തിട്ടുള്ളവരുണ്ടെങ്കിൽ, പുഴുത്തിവയ്പു പ്രധാനതൊഴിലായി എടുത്തിട്ടുള്ളവരുണ്ടെങ്കിൽ, കരിഞ്ചന്തവ്യാപാരം ചെയ്യുന്നവരുണ്ടെങ്കിൽ അവരുടെ പേരിൽ കർശനമായ നടപടികൾ നടത്തണമെന്നു് പൊലീസു് അധികൃതർക്കു് ഗവൺമെണ്ടു് നിർദ്ദേശം നൽകിയിട്ടുണ്ടു്. എന്നാൽ സമാധാനപരമായി ജീവിക്കുന്നവർക്കു്, മാന്യമായി ജീവിക്കുന്നവർക്കു് യാതൊരു കഴപ്പവും പൊലീസുകാരിൽനിന്നും ഈ രാജ്യത്തുണ്ടാകുന്നതല്ലെന്നു് ഉറപ്പിച്ചു പറയുവാൻ എനിക്കു കഴിയും. ഗവൺമെണ്ടു് എല്ലാവിധത്തിലും പൊലീസുകാരെ താലോലിച്ചുകൊണ്ടുവരികയാണെന്നു് ഏതോ ഒരു ബഹു. മെമ്പർ പറയുകയുണ്ടായി. അടിസ്ഥാനരഹിതമാണെന്നു് കണക്കുകൾ ഉദ്ധരിച്ചുതന്നെ എനിക്കു സമർത്ഥിക്കുവാൻ സാധിക്കും. ഈ ഗവൺമെണ്ടു് അധികാരത്തിൽ വന്നതിനുശേഷം എത്ര കുറ്റങ്ങൾക്കായി എത്ര എത്ര ഇൻസ്പെക്ടർമാരെയാണു്, എത്ര എത്ര ഹെഡ്കാൻസ്റ്റബിൾമാരെയാണു് എത്രയെത്ര കാൻസ്റ്റബിൾമാരെയാണു് ശിക്ഷിച്ചിട്ടുള്ളതു്എന്നതിന്റെ സൂക്ഷ്മവിവരങ്ങൾ എന്റെ കൈവശം ഉണ്ടു്. അതു പ്രസിദ്ധപ്പെടുത്തുന്നപക്ഷം പൊലീസു് ഡിപ്പാർട്ട്മെണ്ടിനുതന്നെ അതുപറ്റിയുണ്ടായേക്കും എന്നുള്ള ഭയംകൊണ്ടാണു് ആ കണക്കുകൾ ഉദ്ധരിക്കാതിരിക്കുന്നതു്. പൊലീസുകാരുടെ തെറ്റുകൊണ്ടു് രാജ്യത്തു എന്തെങ്കിലും അരക്ഷിതാവസ്ഥ സംജാതമാകുമെന്നു് ഗവൺമെണ്ടിനു് ബോദ്ധ്യമാകുന്ന അവസരങ്ങളിലെല്ലാംതന്നെ ഗവൺമെണ്ടു് ആവക കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ടു എന്നാണു് എനിക്കു സഭയെ അറിയിക്കുവാനുള്ളതു്.

പിന്നെ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ ഇന്നത്തെ ഗവൺമെണ്ടു് ട്രേഡ്യൂണിയനുകളെ നിരുത്സാഹപ്പെടുത്തുകയും അടിച്ചമർത്തുകയുമാണു് ചെയ്തുകൊണ്ടിരിക്കുന്നതു് എന്ന പ്രസ്താവിക്കയുമുണ്ടായി. ഇവിടെ ഇന്നു പ്രവർത്തനം ചെയ്തുവരുന്നതായ എൻ. ജി. ഒ. അസോസിയേഷനും, ട്രാൻസ്പോർട്ടു് എംപ്ലോയിസ് യൂണിയനും ഈ ഗവൺമെണ്ടാണു് അംഗീകാരം കൊടുത്തിട്ടുള്ളതു എന്ന വസ്തുത എന്റെ ബഹു. സ്നേഹിതനായ ശ്രീ. താണുപിള്ളക്കും അറിവുള്ളതാണു്. ഗവൺമെണ്ടുദ്യോഗസ്ഥന്മാർക്കു് സംഘടിക്കാനും സംഘടിച്ചു പ്രവർത്തിക്കാനും അവകാശമില്ലെന്നും, ട്രാൻസ്പോർട്ടു് തൊഴിലാളികൾക്കും അതുപോലെതന്നെ സംഘടിക്കാൻ അവകാശമില്ലെന്നും അവരും ഗവൺമെണ്ടിന്റെ അവിഭാജ്യമായ ഒരു ഘടകമാണെന്നും എന്റെ സ്നേഹിതൻ ശ്രീ. താണുപിള്ള പ്രധാന മന്ത്രിയായിരുന്ന മന്ത്രിസഭ വാദിച്ചിരുന്ന എന്നും സ്ഥാപിച്ചിരുന്ന എന്നും, എന്നാൽ പിന്നീടുവന്ന മന്ത്രിസഭ ആ വാദങ്ങൾക്കു് വിരുദ്ധമായിട്ടു് അവയ്ക്കു അംഗീകാരം നൽകുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണ് ഉണ്ടായിട്ടുള്ളതെന്നും ബഹു. അംഗങ്ങളെ അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ട്. എന്നാൽ ചിലയവസരങ്ങളിൽ അക്രമത്തിനു പ്രേരിപ്പിച്ചുകൊണ്ടും അക്രമപ്രസക്തമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും തൊഴിലാളികളുടെപേരിൽ ചില അക്രമപ്രസ്ഥാനങ്ങൾ ആരംഭിച്ചിട്ടുള്ള എല്ലാ ട്രേഡ്യൂണിയനുകളേയും ഇതിനകം നിയമവിരുദ്ധമാക്കിയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. അതുകൊണ്ട് അക്രമപരമായ മാർഗ്ഗങ്ങളിൽകൂടി ചരിക്കുന്ന തൊഴിലാളിനേതാക്കന്മാർക്കു മാത്രമേ ഈ രാജ്യത്തു രക്ഷയില്ലാതെ വന്നിട്ടുള്ളൂ. അല്ലെങ്കിൽ അക്രമപരമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കണമെന്നാഗ്രഹിക്കുന്ന തൊഴിലാളിസംഘടനകൾക്കു മാത്രമേ ഈ രാജ്യത്തു പ്രവർത്തിക്കുവാൻ നിവ്വാഹമില്ലാതായിതീർന്നിട്ടുള്ളൂ എന്നാണ് അതിനു സമാധാനമായി എനിക്കു പറയുവാനുള്ളതു്.

ശ്രീ. എ. താണുപിള്ള: നോൺഗസറ്റഡ് ആഫീസേഴ്സിന്റെ സംഘടനയെ അനുവദിച്ചുകൊണ്ട് ഉത്തരവു കൊടുത്തതു ആരാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ നേതൃത്വംവഹിച്ച മന്ത്രിസഭയാണ്. ആ സംഘടനയ്ക്കു അംഗീകാരം നൽകിയതു്.

ശ്രീ. എ. താണുപിള്ള: ആ സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനെ സംബന്ധിച്ചു അതിനുമുൻപിരുന്ന മന്ത്രിസഭ എന്താണ് ഉത്തരവിട്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സംഘടനയുടെ അംഗീകാരം കൊടുക്കുന്നതു ചില കണ്ടീഷൻ അനുസരിച്ചുമാത്രമെ സാദ്ധ്യമാവൂ എന്നു എനിക്കു മുൻപിരുന്ന പ്രധാനമന്ത്രി സംസാരിച്ചതായി അറിയാം.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ പ്രധാനമന്ത്രി അതുസംബന്ധിച്ചുള്ള ഫയൽ ഒന്നുകൂടി നോക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരയണപിള്ള: ഫയൽനോക്കിയിട്ടുതന്നെയാണു ഞാൻ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള: ടാൻസ്പോർട്ടുയൂണിയൻ അനുവദിക്കത്തക്കതല്ലെന്നു എന്റെ മന്ത്രിസഭ ഉത്തരവിട്ടതായി പ്രധാനമന്ത്രി പറയുന്നു, ആ ഉത്തരവിന്റെ നമ്പരും തീയതിയുംകൂടി പറയുവാൻ കഴിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഞാൻ സഹകാര്യമായി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാം.

ശ്രീ. എ. താണുപിള്ള: സഹകാര്യമായി പറയേണ്ട സംഗതിയല്ല അതു്. ഈ സഭയുടെ മുൻപാകെ എന്നെസംബന്ധിച്ചും എന്റെ മന്ത്രിസഭയെ സംബന്ധിച്ചും വെറും വ്യാജം പറഞ്ഞതുകൊണ്ടാണ് ഞാൻ ഈ പ്രോദ്യം ചോദിക്കേണ്ടിവന്നതു്. നോൺഗസറ്റഡ് ആഫീസേഴ്സിന്റെ സംഘടനയ്ക്കു അനുവാദംകൊടുത്തുകൊണ്ട് എന്റെ മന്ത്രിസഭ ഉത്തരവിട്ടു. ട്രാൻസ്പോർട്ടുയൂണിയൻ സംഘടനാപ്രശ്നം എന്റെ മന്ത്രിസഭയുടെ മുൻപിൽ വന്നിട്ടില്ല. അതാണ് വസ്തുത.

ശ്രീ. ടി. കെ. നാരായണപിള്ള: വ്യാജം പറഞ്ഞതു ആരാണെന്നുള്ളതിനെപ്പറ്റി തർക്കിക്കേണ്ടതുണ്ടെന്നതോന്നുന്നില്ല. എതായാലും ഒരു പ്രധാനമന്ത്രി പറഞ്ഞതു വ്യാജമാണെന്നുള്ളതു ശരിയാണ്.

ശ്രീ. എ. താണുപിള്ള: ആരാണ് വ്യാജം പറഞ്ഞതു എന്നുള്ളതു ഒന്നുകൂടി റിക്കാർഡുകൾ നോക്കിയതിനുശേഷം പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: റിക്കാർഡുകൾ നോക്കുന്നതിനു വിഷമമില്ല.

ശബരിമലക്ഷേത്രദഹനത്തെസംബന്ധിച്ചു ശ്രീ. ശങ്കർ വളരെ വങ്കടത്തോടുകൂടി പറയുകയുണ്ടായി. അതു കഴിഞ്ഞിട്ടു മാസം മൂന്നുനാലായി എങ്കിലും കുറ്റവാളികളെ കണ്ടുപിടിക്കുവാൻ ഗവൺമെണ്ടിനു കഴിഞ്ഞിട്ടില്ലെന്നും അതു നാട്ടിൽ ഏതാണ്ടു് ഒരു അരക്ഷിതാവസ്ഥ സംജാതമാക്കിയിട്ടുണ്ടെന്നും മറ്റും അദ്ദേഹം പറഞ്ഞു. ശബരിമലസംഭവം ഹിന്ദുസമുദായത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർഭാഗ്യകരമായ ഒരു സംഗതിയാണെന്നുള്ളതു ഞാനും സമ്മതിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: മറ്റുള്ളവരെസംബന്ധിച്ചിടത്തോളം അതു ഭാഗ്യകരമാണെന്നാണോ പറയുന്നതു്?

Sri. C. V. Iyyu: I protest against that statement. Even others, who are non-Hindus are aggrieved at that.

ശ്രീ. ടി. കെ. നാരായണപിള്ള: കുറ്റവാളികളെ കണ്ടുപിടിക്കുവാൻ എത്രമാത്രം ജാഗ്രതയോടുകൂടി ഒരു ഗവൺമെണ്ടിനു പ്രവർത്തിക്കുവാൻ സാധിക്കുമോ, അത്രമാത്രം ജാഗ്രത ഇക്കാര്യത്തിൽ ഈ ഗവൺമെണ്ടു പ്രദർശിപ്പിക്കുന്നുണ്ടു എന്നാണു് എനിക്കു ഇതുസംബന്ധിച്ചു പറയുവാനുള്ളതു്. ഏറ്റവും സമർത്ഥനായ ഒരു ഉദ്യോഗസ്ഥനെ ഇതിലേക്കു പ്രത്യേകം നിയോഗിച്ചിട്ടുണ്ടു്. ലക്ഷ്മീകാന്തം കൊലക്കേസുപോലെയുള്ള കേസുകളുടെ തുമ്പു കണ്ടുപിടിക്കുവാൻ കെൽപുള്ള ആളും ഇതുപോലെയുള്ള കേസുകൾ കണ്ടുപിടിക്കുവാൻ പ്രത്യേകം വൈദഗ്ദ്ധ്യവും സാമർത്ഥ്യവും ഉണ്ടെന്നു സമ്മതിക്കപ്പെട്ടിട്ടുള്ളയാളുമായ ഒരു പോലീസുദ്യോഗസ്ഥനെ ഇതിലേക്കു നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തെ സഹായിക്കുന്നതിനായി അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ള പോലീസുദ്യോഗസ്ഥന്മാരെയും നിയോഗിച്ചിട്ടുണ്ടു്. ഇതുസംബന്ധിച്ചുള്ള അന്വേഷണങ്ങൾ ഇന്നും ഊർജ്ജിതമായി നടന്നുവരികയാണു്.

ശ്രീ. ആർ. ശങ്കർ: ആ ഉദ്യോഗസ്ഥനെ നിയമിച്ചതു് എന്നാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തെ ഇതിലേക്കു മാത്രം ചുമതലപ്പെടുത്തി നിയമിച്ചിട്ടു് ഏകദേശം ഒന്നരമാസത്തോളമെ ആയുള്ളൂ. എന്നാൽ അദ്ദേഹത്തിനു ഈവകകാര്യങ്ങളിൽ ആദ്യംമുതൽതന്നെ അന്വേഷിക്കുന്നതിനുള്ള ചുമതലകൂടി ഉണ്ടായിരുന്നു.

ശ്രീ. ആദിച്ചൻ അവർകൾ വളരെ ആവേശത്തോടുകൂടി ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇപ്പോഴത്തെ ഗവൺമെണ്ടു ഹരിജനോദ്ധാരണത്തിനുവേണ്ടി യാതൊന്നുംതന്നെ പ്രവർത്തിച്ചിട്ടില്ലെന്നും, ഭാവിയിൽ ചെയ്യുവാൻപോകുന്ന ഗവൺമെണ്ടിനെ സംബന്ധിച്ചു ചില ആശാകിരണങ്ങൾ അദ്ദേഹത്തിനു ഇപ്പോൾതന്നെ ദൃശ്യമായിത്തുടങ്ങിയിരിക്കുന്നുവെന്നും ആണു അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും വ്യക്തമായതു്. എന്നാൽ ഹരിജനോദ്ധാരണംസംബന്ധിച്ചുള്ള ഈ ഗവൺമെണ്ടിന്റെ പ്രവർത്തനങ്ങളിൽ അത്രവളരെ നിരാശയ്ക്കു വകയില്ലെന്നാണു് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ചു ഈ ഗവൺമെണ്ടു് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും പരിപാടികളും അദ്ദേഹം ശരിയായി വീക്ഷിക്കുന്നെങ്കിൽ അദ്ദേഹം ഇവിടെ പറഞ്ഞതു സത്യമല്ലെന്നു അദ്ദേഹത്തിനുതന്നെ ബോദ്ധ്യമാകും.

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങൾക്കു ഭൂമി പതിച്ചു കൊടുക്കുന്നവിഷയത്തിൽ ഈ ഗവൺമെണ്ടു യാതൊന്നും ചെയ്തിട്ടില്ലെന്നു അദ്ദേഹം പറഞ്ഞു. ൧൯൬൫ അവസാനംവരെ അധഃകൃതരുടെ ആവശ്യത്തിലേക്കു ൪, ൪൯൫ ഏക്കർസ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടു്. കൂടാതെ ദീർഘകാലത്തേക്കുള്ള കുത്തകപ്പാട്ടവ്യവസ്ഥയിന്മേൽ കുറെ സ്ഥലങ്ങൾകൂടി കൊടുത്തിട്ടുണ്ടു്. എന്നാൽ, ഇവക്കു ഭൂമി പതിച്ചുകൊടുത്തുകൊള്ളാമെന്നു കരാറിന്മേൽ ഇടത്തട്ടുകാരായി നിൽക്കുന്ന ചില മാന്യന്മാരും നേതാക്കന്മാരും കമ്മീഷൻ വാങ്ങിക്കുകയും പ്രതിഫലംതട്ടുകയും ചെയ്തിട്ടുണ്ടെന്നു ഗവൺമെണ്ടിനു മനസ്സിലായിട്ടുള്ള ചിലകേസുകളിൽ അങ്ങനെയുള്ളവർക്കു നിരാശയ്ക്കു വഴിനൽകത്തക്കവണ്ണം ഗവൺമെണ്ടു ചിലതു പ്രവർത്തിച്ചിട്ടുണ്ടെന്നുവരികിൽ അതു തെറ്റാവുകയില്ലല്ലൊ.

വിദ്യാഭ്യാസത്തെസംബന്ധിച്ചു് ഈ ഗവൺമെണ്ടു കാര്യമായി യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ൨൯൫൬ കോളേജു വിദ്യാർത്ഥികൾക്കു് ഇപ്പോഴും ഗവൺമെണ്ടു വേതനം കൊടുത്തുവരുന്നു. അതിൽ ൯൫൨ വിദ്യാർത്ഥികൾ കോളേജു ഹോസ്റ്റലിലും, ൫൭൬ വിദ്യാർത്ഥികൾ മറ്റു പ്രൈവറ്റു കോളേജുകളോടു അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും താമസിച്ചുവരുന്നു. ഹോസ്റ്റൽ ചെലവിലേക്കു ആളൊന്നിനു ൪൫ രൂപാവീതം ഗവൺമെണ്ടു കൊടുക്കുന്നുണ്ടു്. കൂടാതെ ജൂനിയർ ഇൻറർമെഡിയറിനു പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു ൫൦-൦, സീനിയർ ഇൻറർമെഡിയറിനു പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു് ൯൦-൦, അതുപോലെ ജൂനിയർ ബി. എ. യ്ക്കും, സീനിയർ ബി. എ. യ്ക്കും പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും യഥാക്രമം ൯൦-൦, ൧൦൦ രൂപാവീതം ഗവൺമെണ്ടു പ്രതിമാസം വേതനം കൊടുത്തുകൊണ്ടാണിരിക്കുന്നതു്. കൂടാതെ മുന്നു ഹരിജനവിദ്യാർത്ഥികളെ ആസാം, മദ്രാസു്, കൽക്കട്ടാ എന്നീ മെഡിക്കൽ കോളേജുകളിൽ അഭ്യസനത്തിനായി ഗവൺമെണ്ടു ചെലവിൽ അയച്ചിട്ടുണ്ടു്. ഇതു ഇദംപ്രഥമമായി ചെയ്തിട്ടുള്ള ഒരു സംഗതിയാണു്. ലാകോളേജിൽ ആറു ഹരിജനവിദ്യാർത്ഥികൾ ഗവൺമെണ്ടു ചെലവിൽതന്നെ ഇപ്പോഴും പഠിച്ചുവരുന്നു. സാങ്കേതികവിദ്യാഭ്യാസം അവർക്കും ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി എതാനും ഹരിജനവിദ്യാർത്ഥികളെ തൃശ്ശൂരും ഇവിടെയും ചാലക്കുടിയിലും ഉള്ള വർക്ഷാപ്പുകളിൻ പരിശീലിപ്പിച്ചുവരുന്നുണ്ടു്. ഹൈസ്കൂളിലെയും മിഡിൽസ്കൂളിലേയും അഭ്യസനത്തെസംബന്ധിച്ചു നോക്കുകയാണെങ്കിൽകൂടി നിരാശയ്ക്കു വകയില്ലെന്നുകാണാം. ഹൈസ്കൂളുകളും മിഡിൽസ്കൂളുകളുംകൂടി ആകെ ൫൪൨ എണ്ണമാണു് ഈ സംസ്ഥാനത്തുള്ളതു്. ഈ എല്ലാ സ്കൂളുകളിലുമായി അനേകായിരം വിദ്യാർത്ഥികൾ ഇന്നു ഗവൺമെണ്ടു ചെലവിൽ അഭ്യസിച്ചുപോരുന്നുണ്ടു്. അങ്ങനെ അഭ്യസനംനടത്തുന്ന ഓരോ ഹരിജനവിദ്യാർത്ഥിക്കും രണ്ടരരൂപാ, മൂന്നുരൂപാ, നാലരരൂപാ എന്നീ ക്രമത്തിൽ ഗവൺമെണ്ടു ചെലവു ചെയ്യുന്നു. അങ്ങനെ ഹരിജനോദ്ധാരണത്തിനുവേണ്ടി ഏറ്റവും കാര്യക്ഷമതയോടുകൂടി ഗവൺമെണ്ടു പലതും പ്രവർത്തിച്ചുവരുന്ന ഈ ഘട്ടത്തിലാണു ശ്രീ. ആദിച്ചൻ യാതൊന്നും ചെയ്തിട്ടില്ലെന്നു പറയുന്നതു്. ഇതിലേക്കു്, ഇതിനു മൻപു ൫ ലക്ഷം രൂപാ ചെലവാക്കിക്കൊണ്ടിരുന്നപ്പോൾ, ഇക്കൊല്ലം ൭൲ ലക്ഷം രൂപായുടെ ഒരു ധനാഭ്യർത്ഥനയാണു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ആ ധനാഭ്യർത്ഥന കൊണ്ടുവന്നതു് ലാപ്സാക്കി കളയുന്നതിനാണെന്നു് ശ്രീ. ആദിച്ചൻ പറയുമ്പോൾ അദ്ദേഹത്തിന്റെ ഇങ്ങനെയുള്ള വാദഗതികൾക്കൊന്നിനും വലിയ കഴമ്പില്ലെന്നു കാണാവുന്നതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ ഉന്നയിച്ച ചില വാദമുഖങ്ങൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

വിടെ നടത്തുന്ന ചില വ്യവസായങ്ങളെസംബന്ധിച്ചാണ് പ്രധാനമായി അദ്ദേഹം സംസാരിച്ചതു്. വൻപിച്ച മുതൽ മുടക്കി ഗവണ്മെണ്ടു നേരിട്ടും അല്ലാതെയും നടത്തുന്ന വ്യവസായങ്ങളുടെ നടത്തിപ്പിലും ഭരണത്തിലും ഗവണ്മെണ്ടു വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്നും, കേവലം ഒരു അലസതാമനോഭാവത്തോടുകൂടിയാണ് ആവക കാര്യങ്ങളിൽ ഗവണ്മെണ്ടു പ്രവർത്തിച്ചു വരുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതുസംബന്ധിച്ചു ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കു ഏതാനും ചില വസ്തുതകൾ എനിക്കു പറയേണ്ടതായുണ്ടു്.

ഫെർട്ടിലൈസേഴ്സു ആൻഡ് കെമിക്കൽസിനെപ്പറ്റി അദ്ദേഹം പറഞ്ഞു ഈ കമ്പനിയെപ്പറ്റി ഇതിനുമുമ്പും വളരെ ആക്ഷേപങ്ങളും ആരോപണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്നതാണ്. സർ. സി. പി. ഇവിടെ ദിവാൻജിയായിരുന്നകാലത്തു് ൻവു ലക്ഷം രൂപയാണ് ഈ കമ്പനിക്കു വായ്പയായി കൊടുത്തിരുന്നതു്. ആ ൻവു ലക്ഷം രൂപയും ഓഹരിയായി മാറ്റിയതു അദ്ദേഹത്തിനുശേഷം വന്ന മന്ത്രിസഭയാണ്. അങ്ങനെ വലിയൊരുതുക ഈ കമ്പനിക്കുവേണ്ടി ഗവണ്മെൻറിനു ചെലവായി. ഈ തുക ചെലവാക്കിയതിനുതക്കവണ്ണം ആ കമ്പനി പുരോഗമിച്ചിട്ടില്ലെന്നു ഗവണ്മെൻറു സമ്മതിക്കുന്നു. അവിടെ, പല ക്രമക്കേടുകളും നടക്കുന്നുണ്ടെന്നും ഗവണ്മെണ്ടിനറിയാം. എന്നാൽ ഉല്പാദനവിഷയത്തിൽ വലിയ അഭിവൃദ്ധി ഇപ്പോൾ ഉണ്ടായിട്ടുണ്ടു്. വ്യയസ്സുനീകരണം അവിടെ വലിയതോതിൽ നടത്തിവരുന്നു. ഇപ്പോൾ ആയിരം രൂപാ ശമ്പളത്തിൽ ഒരേ ഒരു ഉദ്യോഗസ്ഥൻ മാത്രമെ അവിടെയുള്ളു. ൪൦൦ രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ മൂന്നോനാലോ പേരിൽകൂടുതൽ കാണുകയില്ല. മൂന്നു നാലു വർഷത്തിനുമുൻപു് അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും എന്തായിരുന്നുവെന്നു നോക്കുമ്പോഴാണ് എത്ര വൻപിച്ച തോതിലുള്ള വ്യയസ്സുനീകരണമാണ് അവിടെ നടപ്പിലാക്കിയിട്ടുള്ളതെന്നു കാണാൻ കഴിയുന്നതു്. സമീപകാലത്തു അവിടത്തെ ഉല്പാദനം വളരെ പുരോഗമിച്ചിട്ടുണ്ടു്. തൽഫലമായി ആ കമ്പനിയിൽനിന്നും നമുക്കു ലാഭമുണ്ടാക്കാൻ സാധിക്കുമെന്നും വിചാരിക്കുന്നു. ഇതുവരെ ആകെ ൻ ലക്ഷം രൂപയാണ് ഈ കമ്പനിയിൽനിന്നും ലാഭം കിട്ടിയിട്ടുള്ളതു്. എന്നാൽ ഇക്കൊല്ലം ഫവ ലക്ഷം രൂപായോളം ലാഭം കിട്ടുമെന്നാണ് ഗവണ്മെണ്ടു് പ്രതീക്ഷിക്കുന്നതു്. ഗവണ്മെണ്ടു് മുടക്കിയിട്ടുള്ള മൂലധനത്തിനു് ശരിയായ ആദായം ഈ കമ്പനിയിൽനിന്നും ലഭിക്കുമെന്നാണ് ഗവണ്മെണ്ടിന്റെ പ്രതീക്ഷ.

എഫ്. ഐ. ടി. യെപ്പറ്റിയും ശ്രീ. വേലായുധൻനായർ പരാമർശിക്കുകയുണ്ടായി. ഈ കമ്പനിയെ സംബന്ധിച്ചു ശ്രീ. വേലായുധൻനായർ ചൂണ്ടിക്കാണിച്ച കുറവുകളേയും ന്യൂനതകളേയും പറ്റി ഗവണ്മെണ്ടു് വേണ്ടത്ര ജാഗ്രതയോടുകൂടി ശ്രദ്ധിക്കുന്നതാണെന്നു ഉറപ്പുനൽകുവാൻ ഞാൻ ഈയവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ കമ്പനിയിലും വലിയ ക്രമക്കേടുകളും കഴപ്പങ്ങളും ഉണ്ടായിരുന്നുവെന്നു അദ്ദേഹത്തിനുമറിയാം. ഇതെല്ലാം നാലുകാല്യത്തിനുമുൻപേ ഉണ്ടായിട്ടുള്ളതാണ്. ഇന്നു ആ കമ്പനിക്കു കടമുണ്ടായിട്ടുണ്ടെങ്കിൽ, അതു് മുന്നുനാലുകൊല്ലങ്ങൾക്കു മുൻപു വരുത്തിയിട്ടുള്ള കടമാണ്. അതിന്റെ മാനേജിംഗ് ഏജൻസി ചെയ്തതെല്ലാം ശരിയാണെന്നു ഗവണ്മെണ്ടു് വിചാരിക്കുന്നില്ല. ഇതിന്റെ ക്രമക്കേടുകൾ മാറ്റി പ്രവർത്തനം കൂടുതൽ പരിഷ്കരിക്കുന്നതിനു് ഗവണ്മെണ്ടു് പ്രത്യേകം ജാഗ്രത പ്രദർശിപ്പിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ വേലായുധൻനായർ: എഫ്. ഐ. ടി. യുടെ മാനേജിംഗ് ഏജൻസി അതിന്റെ ഭരണത്തിൽ കാണിച്ചിട്ടുള്ള ക്രമക്കേടുകൾക്കു ഗവൺമെന്റ് എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലതിനു് നടപടികൾ എടുത്തിട്ടുണ്ടു്. ചിലതു് ആലോചനാവിഷയമായിരിക്കുകയാണു്. ഇപ്പോൾ ഈ കമ്പനിയുടെ ഭരണം നടത്തുന്നതിനും അതിന്റെ പ്രവർത്തനങ്ങളെ എല്ലാവിധത്തിലും നിയന്ത്രിക്കുന്നതിനും അധികാരമുള്ള ഒരു കമ്മിറ്റിയെ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടു്. ആ കമ്മിറ്റിയാണു് ഇപ്പോൾ ഈ കമ്പനിയുടെ ഭരണം നടത്തുന്നതു്. ഞാൻ മുൻപു പറഞ്ഞ വ്യയസംനീകരണം സാധിച്ചിട്ടുള്ളതും ഈ കമ്മിറ്റിമൂലമാണു്. ഈ കമ്പനിക്കുണ്ടായിരുന്ന കടം കുറച്ചു് തീർക്കുവാനും കമ്മിറ്റിക്കു സാധിച്ചിട്ടുണ്ടു്. ഇതെല്ലാമാണെങ്കിലും ഈ കമ്പനിയുടെ പ്രവർത്തനം ഇപ്പോഴും വളരെ ഭംഗിയായി നടക്കുന്നുവെന്നു ഗവൺമെന്റു് വിചാരിക്കുന്നില്ല. എങ്കിലും ഈ കമ്പനി വൈൻഡപ്പുചെയ്യണമൊ എന്നുള്ള കാര്യം പ്രത്യേകം ആലോചിക്കേണ്ടതാണു്. വൈൻഡപ്പുചെയ്യുന്നപക്ഷം അതിന്റെ പ്രത്യാഘാതമെന്തായിരിക്കുമെന്നുള്ളതുംകൂടി ആലോചിക്കണം. അതിനാൽ വൈൻഡപ്പുചെയ്യുന്ന കാര്യം മാറ്റിവെച്ചു് ഈ കമ്പനിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാൻ കഴിയുമോ എന്നു ശ്രമിക്കുകയാണു് ഇപ്പോൾ ഗവൺമെന്റു് ചെയ്യുന്നതു്.

ട്രാവൻകൂർ ബാങ്കിനെപ്പറ്റിയും അദ്ദേഹം ആശങ്കയോടുകൂടി ചില സംഗതികൾ പ്രസ്താവിക്കുകയുണ്ടായി. ഇന്നത്തെ മാനേജർക്കു് ഒരു വലിയ ശമ്പളമാണു് കൊടുക്കുന്നതെന്നു അദ്ദേഹം പരാതിപ്പെടുന്നു. ആ മാനേജർക്കു് ഇമ്പീരിയൽ ബാങ്കിൽ കിട്ടിവന്നിരുന്ന ശമ്പളമാണു് ഇന്നു കൊടുക്കുന്നതു്. ഈ മാനേജർ അധികാരത്തിൽ വന്നതിനുശേഷം ബാങ്കിന്റെ ഷെയർ വാല്യു വർദ്ധിച്ചിട്ടുണ്ടെന്നും കഴിഞ്ഞവർഷം ബാങ്കിൽനിന്നും ഏകദേശം നാലരലക്ഷത്തോളം രൂപയാണു് ഗവൺമെന്റിനു് ലാഭം കിട്ടിയതെന്നും ഏകദേശം ഒരുകോടി രൂപയോളം ഗവൺമെന്റു് നിക്ഷേപിച്ചിട്ടുള്ള ഈ ബാങ്കിന്റെ പ്രവർത്തനം എത്രയും കാര്യക്ഷമമായി നടത്തേണ്ടതു് ഗവൺമെന്റിന്റെ അന്തസ്സു് പാലിക്കുന്നതിനു വേണ്ടിക്കൂടി ആവശ്യമാണെന്നു കണ്ടതുകൊണ്ടാണു് സമർത്ഥനെന്നു എല്ലാവരാലും സമ്മതിക്കപ്പെട്ടന്ന മി. വിഷാർട്ടിനെ ബാങ്കു് മാനേജരായി നിയമിച്ചതെന്നും ഞാൻ പറയുമ്പോൾ അദ്ദേഹത്തിന്റെ ആശങ്കകൾക്കു വലിയ അടിസ്ഥാനമില്ലെന്നു കാണാവുന്നതാണു്. താല്ക്കാലിക വ്യവസ്ഥയിന്മേലാണു് ഇദ്ദേഹത്തെ നിയമിച്ചിട്ടുള്ളതു്. കുറെ മുൻപു ഈ ബാങ്കിലെ സിൽബന്ധികൾക്കുള്ള ശമ്പളച്ചെലവു് അല്പം കൂടുതലായിരുന്നു എന്നു ഞാനും സമ്മതിക്കാം. പിന്നാൽ സമീപകാലത്തുണ്ടായ വ്യയസംനീകരണത്തിന്റെ ഫലമായിട്ടു് ശമ്പളം ഇനത്തിൽ മാസംതോറും ൧,൭൦൦ രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ടു്. ബാങ്കിന്റെ പ്രവർത്തനവും ആശാവഹംതന്നെ.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഗവൺമെന്റിന്റെ താല്പര്യമുള്ളതായ തിരുവിതാംകൂർ റെയൺസ് കമ്പനിയെപ്പറ്റിയാണു്.

Sri. K. P. Nilakanta Pillai: I rise to a point of order. I want to know whether in replying to the debate in the House it is relevant to enter into details of the transactions by quoting figures. Is it absolutely necessary?

Mr. Speaker: Ordinarily the member will have the discretion to refer to important and relevant details which according to him may be necessary to make his position clear.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ആരോപണങ്ങൾക്ക പൊതുവായിട്ട് ഒരു സമാധാനം പറയുകയല്ലാതെ, സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ സ്നേഹിതന്റെ അഭിപ്രായമെങ്കിൽ എനിക്ക അതിനോട് യോജിക്കുവാൻ നിവൃത്തിയില്ല. സർ, റെയൺ ഫാക്ടറിയുടെ പ്രവർത്തനം—

Sri. K. P. Nilakanta Pillai: May I know, Sir, who raised any question about the rayons factory?

ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടല്ല ഗവൺമെന്റ് നടത്തിവരുന്നതായ, അല്ലെങ്കിൽ ഗവൺമെന്റിന് താല്പര്യമുള്ളതായ വ്യവസായങ്ങളിൽ അജാഗ്രത പ്രദർശിപ്പിച്ചുവരുന്നു എന്നുള്ളതാണ് ആരോപണം. ഈവക ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുന്നതിനാണ് അല്പം വിവരിക്കേണ്ടിവന്നതു്. സർ, ഈ ഫാക്ടറിയിൽ റെയൺസ് പ്രഡ്യൂസ് ചെയ്യുകഴിഞ്ഞു. അതിനുശേഷം, അതായതു ഫർ൪ ൦ ജൂലായി മുതൽ ദിവസംപ്രതി ൨,൫ ൦ ൦ പൌണ്ട് വീതം ട്രാൻസ്പേരൻറ് പേപ്പർ ഉണ്ടാക്കിവരികയാണ്. രണ്ടരലക്ഷം രൂപവരെ ഈ കമ്പനിക്ക ലാഭം കിട്ടിയിട്ടുണ്ട്. കായ്ക്ഷമമായ പ്രവർത്തനം നടക്കുന്നതുകൊണ്ട് യാതൊരുവിധമായ നഷ്ടവും ഉണ്ടാകാനിടയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: റായൺസ് കമ്പനിയുടെ മാനേജ്മെൻറ് ഫ്റാഡ് (fraud) കമ്മിറ്റഡ് ചെയ്തു എന്നു ഗവൺമെന്റിലേക്ക റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ റിപ്പോർട്ട കിട്ടിയിട്ടില്ല. ഈ ഫാക്ടറിയെ പ്രോത്സാഹിപ്പിച്ചു പ്രവർത്തനം നടത്തേണ്ടതു് രാജ്യത്തിനു് ആവശ്യമാണെന്ന അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പ്രവർത്തിച്ചുവരുന്നതു് എന്നും കൂടി എന്റെ മാന്യ സ്നേഹിതനെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള: നെയ്യാറിൻകര ആശുപത്രിയിൽ ഇക്കഴിഞ്ഞ ഇലക്ഷനു് മുൻപു് ഒരു ഫുൾടൈം ഡാക്ടർ ഉണ്ടായിരുന്നു എന്നും ഇലക്ഷൻ കഴിഞ്ഞശേഷം അദ്ദേഹത്തെ മാറ്റി ഒരു പാട്ട് ടൈം ഡാക്ടറെ അവിടെ നിയമിച്ചു എന്നും കേൾക്കുന്നതു് ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആശുപത്രിയെ സംബന്ധിച്ചിടത്തോളം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു. വീണ്ടും പറയണമെന്നു വിചാരിക്കുന്നില്ല.

Minister for Public Works, Communications and Agriculture. **(Sri. E. John Philipose):** Sir, I wish to intervene in this debate to remove certain doubts and clear certain misrepresentations regarding certain matters relating to grow more food, etc. I do not wish to deal in detail in respect of the matters because I may inform the hon'ble members of this House that within a week Government proposes to place in the hands of the hon'ble members a brochure containing the various aspects of that matter. I wish straightaway to repudiate certain allegations made in respect of that. It has been stated by Sri. R. K. Ram and also by Sri. Krishna Pillai that the Neyyar Dam has been brought up more or less as an election stunt. I wish strongly to repudiate that. I wish to tell hon'ble members of this House that even before the election was anticipated, when I attended the Food Production Committee meeting at Neyyattinkara, I stated that Government had almost decided on the construction of that dam. Government have been in correspondence with the Government of India on that subject. It has nothing to do with election at all.

LIBRARY ARCHIVES Kerala Legislative Assembly

I wish to make it clear that as far as food production scheme is concerned, and I wish to give an assurance to this House so that there might be no suspicion, at no time has there been any intention on the part of Government to associate this scheme with any party political interest. It has also been stated that work in Perinchani has not progressed. I wish also to correct this impression because there has been a lot of talk about it. This Government thought that it was best to have an investigation made about that work. The Chief Engineer of the Government of India came down and he was of the opinion that in no part of India has such work been more expeditously attended to.

It has been stated by Sri. R. K. Ram that some water works are going on at Muttam. I may say that tenders have been invited and work is almost in progress. Hon'ble members from South Travancore would have realised that the Government is trying to do its level best to see that the schemes that are taken up in Travancore are implemented as quickly, expeditiously and efficiently as possible.

In respect of Thikkanamcode the work has been started. Government has taken up the repair of the Pechipara dam channels and the Government of India have promised to give us a subsidy in respect of these lands.

Sri. Ambooken has referred to the work on Malar. There also Government thought that it would be best if a bund is put against the intrusion of saline water, and we could thereby convert 3,000 single crop lands into double crop lands. A deputation met me on the subject and I told them that it was not the intention of the Government to interfere with the Grow More Food work. The work on Malar will not be tampered with.

Mr. Pattom Thanu Pillai stated that while it is necessary to carry on the construction of the major projects we have taken in hand, it is also equally necessary to devote attention to intensive cultivation. That is a scheme that has now been accepted throughout India. We are taking up intensive cultivation throughout the State and are trying to see that agriculturists are given necessary facilities. It may not be always possible to satisfy everybody. But to the extent possible we are trying to do our best. I do not want to deal at length with that. As I said the brochure will give all details.

I will now turn to the most serious allegation made in this House, namely, the statement by Sri. R. Sankar that Government are allowing the cutting down of forest trees resulting in the denudation of forest areas. For the information of the House, I may say that we have in the Travancore-Cochin State 3,065 square miles of forest land. Until April 1950 the area that has been leased out for cultivation from the Reserve forests is only 51 2/3 sq. miles or 32854·9 acres. From 1st April to 1st September, Government have leased 2 1/3 sq. miles, so that actually out of a total Reserve forest area of 3,065 sq. miles, what has been leased is close on 54 sq. miles. To compensate for this, Government have decided that in the area known as Revenue Unreserved, all the wooded areas shall be added on to the Reserve Forest. It has been stated by Sri. Sankar that close on one lakh of acres have been taken. But actually the total area is only 34,533 acreas, that is, as I said, close on 54 sq. miles.

Sri. A. Thanu Pillai: May I know the period during which this area was granted on lease?

Sri. E. John Philipose: These lands have not been dis-reserved. They are given on short-term leases. When the lease expires, if they are wet lands they are renewed; but if they are dry lands, they are not renewed. The lease period usually extends from three to four years.

Sri. A. Thanu Pillai: Are some leases granted for 12 years?

LIBRARY ARCHIVES Kerala Legislative Assembly

Sri. E. John Philipose: There are certain areas, very few, which are so leased. They are lands in respect of which the Conservator of Forests has stated that they may be disreserved, for they are better suited for cultivation than for forest regeneration.

Sri. A. Thanu Pillai: What is the extent?

Sri. E. John Philipose: I do not know.

Sri. A. Thanu Pillai: My first question was, what is the priod during which this assignment was made.

Sri. E. John Philipose: A comparatively small area. I know what my friend is referring to. That is the Edavaculom area. That is revenue unreserved area, and does not form part of the Reserve Forests.

Sri. A. Thanu Pillai: I want to know the time when these assignments were made.

Sri. E. John Philipose: So that it may be realised from this that all these exaggerated notions of denudation of forests are not correct.

Sri. A. Thanu Pillai: Am I right in taking it that about 10,000 acres were granted on the 12 year lease?

Sri. R. Sankar: Are Government still following the policy?

Sri. E. John Philipose: As far as the question of leasing out is concerned, Government will continue to lease out areas which are recommended by the Conservator of Forests. But the whole question is now being considered.

Sri. R. Sankar: Can the Government please tell us what acreage has been given on lease since 31st March 1950?

Sri. E. John Philipose: 1,679 acres.

Sri. A. Thanu Pillai: Are there any assignments for 20 years?

Sri. E. John Philipose: I do not remember. It is purely a matter of detail—

Mr. Speaker: In regard to this matter, honourable members seem to be anxious to know the details, and I believe the minister has no objection to giving them, that is, the area, priod, rental, etc. Not now but later on.

Sri. E. John Philipose: I have no objection to give details.

It was also stated by Sri. R. Sankar that he has knowledge of timber being smuggled. I am surprised that he should have made that statement here, because if the Government had been informed of the matter, they would have been very happy to proceed in the matter and take the necessary steps. But this smuggling is not restricted to this period. However I may state that Government are exercising the utmost vigilance in respect of these matters. I do not think there is anything more for me to say now.

Sri. A. Nesamony: One question. Have orders been placed for the purchase of shutters for the Perunchani Scheme?

Sri. E. John Philipose: Orders have been placed. I am glad the honourable member raised the point. Orders have been placed for the shutters and it is expected that they will arrive shortly. If the work is to be held up at all, it will only be due to transport difficulties. But as far as the civil works in Perunchani are concerned, they are progressing very rapidly.

Sri. A. Nesamony: Am I to take it that the orders are placed with a firm outside?

LIBRARY ARCHIVES Kerala Legislative Assembly

Sri. E. John Philpose: Yes.

Sri. Kalathil Velayudhan Nayar: How much more food has been grown during this period?

Sri. E. John Philipose: I am glad that the question has been put. At present we are not associating the production campaign with procurement. If we had, it would have been possible to give definite and accurate information. But we propose shortly to integrate the work of production with procurement, and the new Special Tahsildars will be asked to attend to the two sides. Then it will be possible o assess approximately the result of the Grow More Food Campaign.

ശ്രീ. ഇട്ടീര അംബൂക്കൻ: ഭക്ഷ്യോല്പാദന ബോർഡിന്റെ ചെയർമാൻ ഭക്ഷ്യവകുപ്പ് മന്ത്രിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനാണോ അതോ ഭക്ഷ്യോൽപാദനം സംബന്ധിച്ച് സ്വാധികാരങ്ങളും ഉള്ള ഒരുദ്യോഗസ്ഥനാണോ?

Sri. E. John Philipose: The Food Production Board is working under Government. The Board puts up its recommendations to the Government. From my experience for what it is worth, I have known that the Chairman of the Food Production Board is one of the most diligent, sincere and earnest men and he has been most helpful to Government in implementing very many of the schemes which Government have taken in hand.

Sri. Ittiera Ambooken: Is the officer under the Minister concerned?

വിദ്യാഭ്യാസവും സിവിൽ സപ്ലൈസും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ): രാജപ്രമുഖൻ തിരുമേനിയുടെ പ്രസംഗത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ ഒരു കാര്യഭോഗം ഭക്ഷ്യകാര്യത്തെ സംബന്ധിച്ചാണുണ്ടായിരുന്നതു്. അതു് സ്വാഭാവികമാണു്. ഈ രാജ്യത്തു മാത്രമല്ല, ഇൻഡ്യയിൽ മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്നു് ഭരണകൂടങ്ങൾക്കു് വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണു് ഇതു്. പ്രത്യേകിച്ചും നമ്മുടെ ഈ രാജ്യത്തു് കഴിഞ്ഞ ആഗസ്റ്റ് അവസാനത്തോടുകൂടിയും സെപ്തംബർ ആദ്യത്തോടുംകൂടിയും ഭക്ഷണകാര്യത്തിൽ ഒരു ചെറിയ കുഴപ്പംതന്നെ ഉണ്ടായതുകൊണ്ടു് അതിനുശേഷം കൂടുന്ന ഈ നിയമസഭയിൽ അതിനെപ്പറ്റി വാദപ്രതിവാദം ഉണ്ടാകുന്നതിൽ എനിക്കശേഷം അത്ഭുതമില്ല. ഈ വാദപ്രതിവാദത്തിൽ സംഗതികളുടെ വിശദാംശങ്ങളെപ്പറ്റി പലരും പ്രസംഗിക്കുകയുണ്ടായി. ഏതോ ഒരു പാർട്ടിക്കാർ ഏതോ ഒരുവിധം പ്രവർത്തിച്ചു, ഏതോ ഒരു സ്ഥലത്തെ എവിടെയോ കുറെപ്പേർ കുറേനേരം അകത്തിട്ടുസൂക്ഷിച്ചു, എന്നുംമറ്റുമുള്ള പല കുറ്റങ്ങളും പ്രസ്താവിച്ചു. ആ വിശദാംശങ്ങളെപ്പറ്റി യാതൊന്നും പറയുവാൻ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. നേരത്തെറിച്ചു ഇവിടത്തെ വാദപ്രതിവാദ സമയത്തുണ്ടായ ചെറിയ ചെറിയ പ്രസ്താവനകളെയെല്ലാം മാറ്റിവച്ചു അതിൽനിന്നും ഉൽഭൂതമാകുന്ന പ്രധാന പ്രശ്നങ്ങളെപ്പറ്റി പറയുവാൻ എനിക്കവകാശമുണ്ടു്. കാരണം, അതിനെപ്പറ്റിപ്പറയുന്നതുകൊണ്ടു്, ബഹുമാനപ്പെട്ട മെമ്പറന്മാരുടെ എന്നല്ല രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളുടെ ആ വിഷയത്തിലുള്ള അഭിപ്രായങ്ങൾ അറിയേണ്ടതും ഈ ഘട്ടത്തിൽ അത്യാവശ്യമായിത്തീർന്നിരിക്കുകയാണു്. ഈ സംഗതിയെപ്പറ്റി ഇവിടെ സംസാരിച്ച പല മെമ്പറന്മാരും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ഈ രാജ്യത്തു് ഭക്ഷണം കായ്ക്ഷമമായവിധത്തിൽ വിതരണം ചെയ്യണമെന്നുണ്ടെങ്കിൽ പുറത്തുനിന്നു കുറെ ഭക്ഷണസാധനം കിട്ടാതെ നിവൃത്തിയില്ല. അതിനെപ്പറ്റി അഭിപ്രായവ്യത്യാസമില്ല. തിരുവിതാംകൂർ-കൊച്ചി രാജ്യം ഇൻഡ്യയിൽ അരി സംബന്ധിച്ചു കമ്മി ഉള്ള ഒരു രാജ്യമാണു്. അതുകൊണ്ടു് നമുക്കു അരിയും മറ്റു ഭക്ഷണസാധനങ്ങളും പുറമെനിന്നും കിട്ടാതെ നിവൃത്തിയില്ല. ഇന്നത്തെ സ്ഥിതിയിൽ മാത്രമല്ല, കഴിഞ്ഞു പത്തുനൂറു കൊല്ലങ്ങളായിട്ടു നമുക്കാവശ്യമുള്ള സാധനങ്ങൾ പുറത്തുനിന്നും, ഇൻഡ്യാഗവണ്മെണ്ടു് മുഖാന്തിരമല്ലാതെ കിട്ടുവാൻ നിവൃത്തിയില്ലാതിരിക്കുകയാണു്. പുതിയ ഭരണഘടനവരുന്നതിനുമുൻപും നാട്ടരാജ്യവ്യവസ്ഥകളുണ്ടായിരുന്ന കാലത്തും ഫാറിൻട്രെയിഡ് (foreign trade) ഇൻഡ്യാഗവണ്മെണ്ടു നിയന്ത്രിച്ചിരുന്നതുകൊണ്ടു് അരിയും മറ്റു സാധനങ്ങളും ഇൻഡ്യാഗവണ്മെണ്ടുമുഖാന്തിരമല്ലാതെ ലഭിക്കുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. ഫൻർന്നു യുദ്ധപരിതഃസ്ഥിതിയിൽ ഫുഡ്ഡിപ്പാർട്ട്മെൻറു് ഉണ്ടാവുകയും കൺട്രോൾ മെഷ്ശേഴ്സ് ഇമ്പോസ് ചെയ്യുകയും ചെയ്തു. ആ പരിതഃസ്ഥിതിയിൽ ഇൻഡ്യയിൽത്തന്നെ ഒരുസ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്കു ഭക്ഷണസാധനങ്ങൾ കൊണ്ടുപോകുവാൻ പാടില്ലെന്ന നിയമമുണ്ടാക്കി. ഇന്നു് ഒരു കൺട്രോൾ പിരിയഡാണു്. അതു് ഏർപ്പെടുത്തിയതു് ഇൻഡ്യാഗവണ്മെണ്ടാണു്. ഇന്നത്തെ സ്ഥിതിക്കു് അരിയും മറ്റു ഭക്ഷണസാധനങ്ങളും പുറത്തുനിന്നും വരുത്താതെ ഇവിടത്തെ ഭക്ഷണം ശരിക്കു വിതരണം നടത്തുവാൻ സാധിക്കുകയില്ല. കേന്ദ്രഗവണ്മെണ്ടിന്റെ നിശ്ചയം വെളിയിൽനിന്നു് അരി വരുത്തുകയില്ലെന്നല്ല. എന്നാൽ ഭക്ഷണകായ്ത്തിൽ ഓരോ സംസ്ഥാനവും സ്വയം പര്യാപ്തമാകണമെന്നു കേന്ദ്രഗവണ്മെണ്ടു് ആഗ്രഹിക്കുന്നുണ്ടു്. അങ്ങനെ ഒരു നയം കേന്ദ്രഗവണ്മെണ്ടു പ്രഖ്യാപനംചെയ്തിട്ടുണ്ടു്. ആ കൂട്ടത്തിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളും ഭക്ഷണസാധനങ്ങളുടെ ഉല്പാദനത്തിനും വൽനവിനും ആവശ്യമായ ചില സംരംഭങ്ങളും തുടങ്ങിയകൂട്ടത്തിൽ ഇവിടെയും ചില പരിപാടികളും സമാരംഭിക്കുകയും അതനുസരിച്ചു പ്രവത്തനം നടത്തിക്കൊണ്ടുവരികയും ചെയ്തിട്ടുണ്ടെന്നുള്ള കായ്യം എല്ലാവക്കും അറിയാവുന്ന സംഗതിയാണു്. ഇൻസ്യാഗവണ്മെണ്ടിൽനിന്നും നമുക്കു കിട്ടുന്ന കോട്ടാ ഫൻർ-ൽ നമുക്കു വേണ്ടുവോളം കിട്ടിയിട്ടില്ല.

ഫൻർൻ-ൽ മുന്നലക്ഷത്തി എഴുപതിനായിരം ടൺ ധാന്യങ്ങളും ഈ സംസ്ഥാനത്തിലേക്കു കിട്ടിയതിന്റെ സ്ഥാനത്തു് ഇക്കൊല്ലം അലോട്ടുചെയ്തിട്ടുള്ളതു മുന്നലക്ഷം ടൺ ധാന്യങ്ങളും മാത്രമാണു്. ആദ്യം മുന്നലക്ഷത്തി നാല്പതിനായിരം ടൺ പ്രൊവിഷണലായിട്ടു് അലോട്ടുചെയ്യുകയും പിന്നിട്ടു് ഇൻഡ്യാഗവണ്മെണ്ടിന്റെ ഇറക്കുമതിനയവും ഡിവാല്യുവേഷനെത്തുടന്നുള്ള നയവുംകൊണ്ടു് കഴിഞ്ഞ ജനുവരിമാസത്തിൽ അതു മുന്നലക്ഷം ടണ്ണായി കുറയ്ക്കുകപോലും ഉണ്ടായിട്ടുണ്ടു്. ആ നയമനുസരിച്ചു ചെയ്തതല്ലാതെ ഈ ഗവണ്മെണ്ടു കണ്ണടച്ചുകൊണ്ടു യാതൊന്നും ചെയ്യുയുണ്ടായിട്ടില്ല. ഇതുയും കായ്ങ്ങളെപ്പറ്റി ഈ സഭയിലെ എല്ലാവിഭാഗക്കാരും ഒരേ അഭിപ്രായക്കാരാണു്. തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടു് ഒരു കമ്മിരാജ്യമായതുകൊണ്ടു് ഇൻഡ്യാഗവണ്മെണ്ടു നമുക്കു കൂടുതൽ ഭക്ഷണധാന്യങ്ങളും നൽകുവാൻ മുമതലപ്പെട്ട ഒരു രാജ്യമാണു്. നമ്മുടെ രാജ്യത്തു കുരുമുളകും തേങ്ങയും റബ്ബറും മറ്റു വിഭവങ്ങളുമൊന്നും ഉണ്ടാകുന്നില്ലെങ്കിൽക്കൂടിയും നമ്മുടെ രാജ്യവും ഇൻഡ്യയുടെ ഒരു അവിഭാഗികവിഭാഗമായതുകൊണ്ടു് നമുക്കു വേണ്ടുന്ന ഭക്ഷണസാധനങ്ങളും കൂടുതലായി നൽകേണ്ട ഭാരം ഏറെറടുക്കേണ്ട മുമതല കേന്ദ്രഗവണ്മെണ്ടിനുണ്ടു്. ഇതുയും കായ്ങ്ങളിൽക്കു നാമെല്ലാം ഒരേ അഭിപ്രായക്കാരാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ ശ്രീമാൻ പട്ടം താണുപിള്ളയുടെ പ്രസംഗത്തിലെ ഒന്നു രണ്ടു വാചകങ്ങളിൽ ഈ മൂന്നലക്ഷം ടൺ ധാന്യങ്ങൾ അലോട്ടുചെയ്തു കിട്ടിയതു് ഇവിടത്തെ ഗവൺമെണ്ടിന്റെ എഫ്രിമെന്റു് അവർ സമ്മതിച്ചതനുസരിച്ചാണെന്നു പറഞ്ഞു. അതു ശരിയല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങിനെ പറയുന്നതുകൊണ്ടു് ആക്ഷേപങ്കിലും രാഷ്ട്രീയമായ വല്ല മതലെടുപ്പും ഉണ്ടാകുമായിരിക്കാം; പക്ഷെ അങ്ങിനെയുള്ള ഒരു വാദം വസ്തുതകൾ പറയുവാനുള്ള ഒരു വാദമായി മേലാലെങ്കിലും ഉദ്ധരിക്കരുതെന്നു് അദ്ദേഹത്തോടു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഭക്ഷണവിതരണത്തിന്റെകാര്യത്തിലും അതുപോലെ അഭിപ്രായൈക്യമുള്ള മറ്റുകാര്യങ്ങളിലും ഭരണം നടത്തുന്ന പാർട്ടിയും എതിർപാർട്ടികളും തമ്മിൽ യോജിച്ചുനില്ക്കുന്നതു രാജ്യത്തിനു വലിയ ക്ഷേമകരമായിരിക്കും. എന്നാൽ നിർഭാഗ്യവശാൽ പലകാര്യങ്ങളിലും അങ്ങിനെയുണ്ടായിട്ടില്ല. ഞാൻ അതുകണ്ടു തുറന്നും വസ്തുതകൾ മറച്ചുവയ്ക്കാതെയുമാണു് ഈവക സംഗതികൾ പ്രസ്താവിക്കുന്നതു്. മൂന്നലക്ഷത്തി എഴുപതിനായിരം ടൺ നമ്മുടെ രണ്ടു രാജ്യങ്ങൾക്കുംകൂടി ഫർദർ-ൽ അലോട്ടുചെയ്തതിൽ മൂന്നലക്ഷത്തിനാല്പതിനായിരം ടണ്ണായി കുറച്ച അവസരത്തിലും—ആ യോഗത്തിൽ ഞാൻ സംബന്ധിച്ചിരുന്നില്ല; റിക്കാർഡുകൊണ്ടു പറയുന്നതാണു്—പിന്നീടു മൂന്നലക്ഷം ടണ്ണായി കുറച്ച അവസരത്തിലും—ആ യോഗത്തിൽ ഞാൻ സംബന്ധിച്ചിരുന്നു—തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വീതത്തിൽ കുറവുവരുന്നു പക്ഷം പല ആപത്തുകൾക്കും കഴപ്പങ്ങൾക്കും കാരണമാകുമെന്നു ഞാൻ ശക്തിയായി വാദിച്ചിട്ടുണ്ടു്. അതുസംബന്ധമായി ഒന്നിലധികം പ്രസംഗങ്ങളും ഞാൻ ചെയ്തിട്ടുണ്ടു്. അങ്ങിനെയിരിക്കെ ഇക്കാര്യത്തിൽ ഇവിടെ കുറച്ചുകാലം പ്രധാനമന്ത്രിയായിരുന്ന ശ്രീമാൻ താണുപിള്ള വീണ്ടും അതിനെ ആവർത്തിച്ചാവർത്തിച്ചു് ഈവിധത്തിലുള്ള ആരോപണങ്ങൾ കൊണ്ടുവരുന്നതു ശരിയല്ല. ഒന്നിലധികം അംഗങ്ങൾ, പ്രത്യേകിച്ചു് എതിർപക്ഷത്തുള്ള പാർട്ടിനേതാക്കന്മാർ മൂന്നു പേരും ഇൻഡ്യാഗവൺമെണ്ടിനോടു് അടുത്ത വാദിക്കണമെന്നു പറയുകയുണ്ടായി. ഈ രാജ്യത്തെ എണ്ണത്തിയഞ്ചുലക്ഷം ജനങ്ങളുടെ തീരുമാനത്തിനെതിരായിട്ടാണു് ഞാൻ അവിടെ വർത്തിച്ചതെന്നു ശ്രീമാൻ നേശമണിയും, ശ്രീമാൻ ശങ്കറും, ശ്രീമാൻ താണുപിള്ളയും പറയുകയുണ്ടായി. അവിടെ കൂടുതൽ ആണതപത്തോടും കൂടുതൽ ഉശിരോടുംകൂടി വാദിച്ചിരുന്നുവെങ്കിൽ കുറച്ചെങ്കിലും പ്രയോജനമുണ്ടാകുമായിരുന്നോനെ എന്നാണു് അവർ പറഞ്ഞതു്. അവക്കു് എന്നേക്കാളും കൂടുതൽ ആണതപമുണ്ടോ ഇല്ലയോ എന്നു ഞാൻ അറിയുകയില്ല. എങ്കിലും ഉള്ള ആണതപം വച്ചുകൊണ്ടു് ഉള്ളിടത്തോളം ധൈര്യത്തോടുകൂടി, ആദർശങ്ങളും ആവശ്യങ്ങളും നിർവ്വഹിക്കുവാനുള്ള മുമതല എനിക്കുണ്ടെന്നുള്ള ബോധത്തോടുകൂടിത്തന്നെയാണു് അവിടെ വാദിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. താണുപിള്ള: മൂന്നലക്ഷം ടണ്ണായി കുറച്ചപ്പോൾ ഇവിടത്തെ റേഷൻ എങ്ങിനെ നടത്തണമെന്നാണു് മന്ത്രിമാർ നിശ്ചയിച്ചിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുമേ കിട്ടിയുള്ളു. റേഷനിംഗ് എങ്ങിനെ നടത്തണമെന്നുള്ളതിനെപ്പറ്റി ഞാനിവിടെ പറഞ്ഞുകഴിഞ്ഞിട്ടില്ല. ശ്രീമാൻ ശങ്കർ ചോദിക്കുകയുണ്ടായി 'രാജിവച്ചു പോകരുതോ' എന്നു്. അങ്ങിനെ മന്നല്ല രണ്ടുതവണ രാജിവച്ചാൽ ഭക്ഷണപ്രശ്നത്തിനു പരിഹാരമുണ്ടാകുമെങ്കിൽ രണ്ടുമല്ല രണ്ടായിരം തവണ രാജിവയ്ക്കുവാൻ ഞാൻ തയാറാണു്. ഒരു പാർട്ടിയുടെ നേതാവിന്റെ നിലയിൽ, ഒരു തികഞ്ഞ കഴിവുള്ള എന്റെ സുഹൃത്തിന്റെ നിലയിൽ അദ്ദേഹത്തിന്റെ പ്രസ്താവനയിലുള്ള തെറ്റുകളെ ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

[Sri. Panampilli Govinda Menon]

മദ്ധ്യപ്രദേശത്തു് ഇന്നു് എല്ലാവക്കും റേഷൻ ശരിയായവിധത്തിൽ നൽകിവരുന്നതെന്നാണു് അദ്ദേഹം പറഞ്ഞതു്. മദ്ധ്യപ്രദേശത്തിലെ ഒരു കാൺഗ്രസ്സുകാരൻകൂടിയായ പ്രധാനമന്ത്രി അവിടത്തെ ജനങ്ങൾക്കു കൂടുതൽ റേഷൻ കിട്ടണമെന്നു വാദിക്കുന്നു; ഇൻഡ്യാഗവമ്മെണ്ടിന്റെ പ്രധാനമന്ത്രി അതിനു് യീൽഡുചെയ്യുന്നു; അതുപോലെ നമ്മുടെ മന്ത്രിമാരും ചെയ്യുവാൻ തയാറില്ലെങ്കിൽ രാജിവയ്ക്കുന്നതോ എന്നാണു് ചോദിച്ചതു്. മദ്ധ്യപ്രദേശങ്ങളിൽ ഏതാനും പട്ടണങ്ങളിൽ മാത്രമല്ലാതെ എല്ലായിടത്തും റേഷനില്ല. മദ്ധ്യപ്രദേശങ്ങളിൽ അരിക്കു താരതമ്യേന വളരെ മിതമായ വിലയാണു്. അവരുടെ കല്ലേറുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടും പഴയ കാൺഗ്രസ്സുമെല്ലാം മുട്ടുകുത്തിപ്പോയി എന്നാണു് അദ്ദേഹം വിചാരിച്ചിരിക്കുന്നതു്! കണ്ണിൽ എണ്ണയുമൊഴിച്ചു് ശ്രദ്ധാപൂർവ്വം മറുപടി പറയുവാൻ നോക്കിയിരിക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സയൻസ്സഭാവം ഇങ്ങിനെയാണെങ്കിൽ അദ്ദേഹം പുറത്തു ചെയ്യുന്നതായ പ്രസ്താവനകൾ എതുവിധത്തിലായിരിക്കണമെന്നാലോചിച്ചു ഞാൻ ഭയപ്പെട്ടുപോകുന്നു!

നമുക്കാവശ്യമുള്ള ഭക്ഷണധാന്യങ്ങൾ പുറമെനിന്നു കിട്ടേണ്ടകാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടിനോടു നിവേദനംചെയ്തു കൂടുതൽ വാങ്ങുവാൻ സാധിക്കുമെങ്കിൽ അതു വളരെ നല്ലതാണു്.

രണ്ടാമതായി ഒരു കാര്യം ഇവിടെ പറയുകയുണ്ടായതു നെല്ലെടുപ്പിനെ സംബന്ധിച്ചാണു്.

ശ്രീ. എ. താണുപിള്ള: ആഗസ്റ്റുമാസത്തിലെ റേഷൻ വിതരണത്തിൽ ബുദ്ധിമുട്ടുണ്ടാകുമെന്നു് എങ്ങിനെ അറിവുകിട്ടി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആഗസ്റ്റുമാസത്തിൽ അല്പം ബുദ്ധിമുട്ടുണ്ടാകുമെന്നു പ്രതീക്ഷിക്കാമായിരുന്നു. ആഗസ്റ്റുമാസത്തിലെ റേഷൻ വിതരണസ്വഭാവത്തെപ്പറ്റി പറയുകയാണെങ്കിൽ അതു് അതിശയോക്തികരമായിരിക്കുമെന്നു കരുതിയാണു് അതിലേക്കു പ്രവേശിക്കാത്തതു്. ഇന്നു റേഷൻ മുടക്കം കൂടാതെ എല്ലാദിക്കിലും കൊടുക്കുന്നുണ്ടു്. ആഗസ്റ്റു് ഒടുവിലും സെപ്റ്റംബർ ആദ്യത്തിലും ഉണ്ടായ റേഷൻ വിതരണത്തെ സംബന്ധിച്ചു ഒരു ശസ്ത്രക്രിയ ഇവിടെ നടത്തേണ്ട ആവശ്യമില്ലെന്നാണു് വിചാരിച്ചതു്. ഇൻഡ്യാഗവമ്മെണ്ടും ഈ ഗവമ്മെണ്ടും ഇങ്ങിനെയുള്ള കാര്യങ്ങളിൽ നടത്തിയിട്ടുള്ള എഴുത്തുകുത്തുകളും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളുമൊക്കെ പരസ്യമായി പ്രസ്താവിക്കുവാനും പ്രസിദ്ധപ്പെടുത്തുവാനും പല ബുദ്ധിമുട്ടുകളുമുണ്ടു്. അതു് ആത്മാർത്ഥമില്ലാത്തതുകൊണ്ടല്ല, ഔദ്യോഗികമര്യാദ സംരക്ഷിക്കണമെന്നുള്ള ബോധംകൊണ്ടാണു്.

ശ്രീ. എ. താണുപിള്ള: ഗവമ്മെണ്ടു ഫയലിൽ കാണുന്നതു തെറ്റായി പറയുവാൻ മടിക്കാത്ത മന്ത്രിക്കു ജനങ്ങളുടെ ആവശ്യങ്ങൾ വെളിവാക്കുന്നതിനു വിരോധമുണ്ടോ?

Mr. Speaker: I don't allow that argument. The Hon'ble Minister may continue.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവമ്മെണ്ടിന്റെ ഫയലിലുള്ള കാര്യങ്ങൾ പുതിയ പ്രധാനമന്ത്രി തെറ്റായിപ്പറയുന്നുവെന്നു പഴയ പ്രധാനമന്ത്രി പറയുകയും, അതു വ്യാജപ്രസ്താവനയാണെന്നു് അദ്ദേഹംതന്നെ വിധി പ്രസ്താവിക്കുകയും ചെയ്യുന്നതു് ഇവിടെ ശരിയായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: With regard to that I don't allow discussion on either part.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതു പിൻവലിച്ചു. നെല്ലെടുപ്പിനെ സംബന്ധിച്ചാണ് പിന്നീടു പറഞ്ഞതു്. ഇൻഡ്യാഗവ മ്മെണ്ടു മുന്നലക്ഷത്തിനാല്പതിനായിരം ടൺ ഭക്ഷണധാന്യങ്ങൾ മുന്നലക്ഷം ടണ്ണായി നമ്മുടെ കോട്ട കുറച്ച അവസരത്തിൽ—എന്റെ കണക്കിൽനിന്നു് എനിക്കു പറയുവാൻ സാധിക്കും—ഏറ്റവും കുറച്ചു ശതമാനം കുറച്ചതു നമ്മുടെ രാജ്യത്തെ സംബന്ധിച്ചു മാത്രമാണു്. അതായതു് ഉദ്ദേശം ഒമ്പതിൽ ഒരു ഭാഗം മാത്രമേ കുറച്ചിട്ടുള്ളൂ. മറ്റു സംസ്ഥാനങ്ങളിൽ ഇതിനേക്കാൾ വളരെയധികം കുറച്ചിട്ടുണ്ടു്. അതിനശേഷം ഇവിടത്തെ വിഷമങ്ങൾ ഇൻഡ്യാഗവമ്മെണ്ടിനെ പലപ്പോഴും അറിയിച്ചു സന്ദർഭത്തിൽ ഇവിടത്തെ പ്രൊക്യൂവർമെന്റു ശരിയാക്കേണ്ട കാര്യത്തെപ്പറ്റി അവർ ഈ ഗവമ്മെണ്ടിനെ നിർബ്ബന്ധിച്ചിട്ടുണ്ടു്. അതു് ഇൻഡ്യാഗവമ്മെണ്ടു നിർബ്ബന്ധിച്ചില്ലെങ്കിൽകൂടി നിർബ്ബന്ധമാക്കേണ്ടതു് ഈ ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഇക്കാര്യത്തിൽ ഈ സഭയുടെ എതിർഭാഗത്തുള്ളവരുടെ അഭിപ്രായമെന്താണെന്നു് എനിക്കു തെളിച്ചു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഏക്സ്സ് ബേസിസ്സിൽ പ്രൊക്യൂവർചെയ്യണമെന്നു് ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഈ രാജ്യത്തെ ഓരോ കർഷകന്റേയും കൃഷിച്ചിലവിനും വീട്ടു ചിലവിനും ഉള്ള നെല്ലു് മാത്രം കൊടുത്തു ബാക്കിയുള്ളതു മുഴുവൻ ഈ രാജ്യത്തെ ജനങ്ങളുടെ ഭക്ഷണത്തിനുവേണ്ടി നൽകുന്നതാണു് എന്ന നിയമംമൂലം അനുശാസിക്കേണ്ട ഒരു ചുമതലകൂടി ഗവമ്മെൻറിനുണ്ടെന്നു ഗവമ്മെൻറു വിചാരിക്കുന്നു. അതുകൊണ്ടാണു് എക്സ്സു് ബേസിസ്സിൽ പ്രൊക്യൂർ ചെയ്യുവാൻ തീരുമാനിച്ചതു്. അതു് ഏതു വിധത്തിൽ വേണമെന്നുള്ള നയസംബന്ധമായ അഭിപ്രായവ്യത്യാസം മാത്രമേയുള്ളൂ. നെല്ലു് കൂടുതൽ എടുക്കുന്നതിനുള്ള ഗവമ്മെൻറിന്റെ നയത്തെപ്പറ്റിയും, ആ വിഷയത്തിൽ ഇന്നു ഗവമ്മെൻറു വേണ്ടിടത്തോളം പ്രവൃത്തിക്കുന്നില്ലെന്നുള്ളതിനെപ്പറ്റിയും ഉള്ള ഒരു ഉത്തേജനം സോഷ്യലിസ്റ്റു് പാർട്ടിയിൽനിന്നു കിട്ടിയിരുന്നുവെങ്കിൽ തീർച്ചയായും ഇന്നത്തെ വാദപ്രതിവാദംകൊണ്ടു് ഞാൻ കൂടുതൽ ചാരിതാർത്ഥ്യമടയുമായിരുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലു മുഴുവൻ ശേഖരിച്ചു് വിതരണം ഗവമ്മെൻറുതന്നെ നടത്തണമെന്നുള്ള സോഷ്യലിസ്റ്റു് തത്വം മനസ്സിലാക്കിക്കൊണ്ടായിരിക്കാം, ആ പാർട്ടിയുടെ നേതാവായ ശ്രീ. പട്ടം താണുപിള്ള ആ വിഷയത്തെ സംബന്ധിച്ചു് യാതൊന്നും ഇവിടെ പറയാതിരുന്നതു്.

ശ്രീ. എ. താണുപിള്ള: അതു പറഞ്ഞാൽ അങ്ങിനെ നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എ. താണുപിള്ള: എന്നാൽ അങ്ങിനെ നടപ്പിൽ വരുത്തിയാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് ഇന്നു് ഈ രാജ്യത്തുതന്നെ ചില എതിർപ്പുകളെല്ലാമുണ്ടു്. ഒരു നവ വധുവിനെപ്പോലെ സോഷ്യലിസ്റ്റു് പാർട്ടിയാകുന്ന ഗൃഹത്തിൽ കയറിച്ചെന്നിരിക്കുന്ന ശ്രീമാൻ നീലകണ്ഠപ്പിള്ളക്കു നെല്ലെടുപ്പുതന്നെ തീരെ വിരോധമാണു്. പിന്നെ എങ്ങിനെയെങ്കിലുമാകട്ടെ എന്നാണു് ആ അഭിനവ സോഷ്യലിസ്റ്റിന്റെ വാദം. (ചിരി)

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരിടങ്ങഴി നിലം മാത്രം കൃഷിയുള്ള ഒരുവന്റെ അടുക്കൽനിന്നും നെല്ലെടുക്കുവാൻ ഒരു ബേസിസ്സുമില്ലാതെ ചെല്ലുന്നുവെന്നാണു് ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരേക്കർ കൃഷിയുള്ളവന്റെ പക്കൽനിന്നു് ഇത്ര നെല്ലെടുക്കണമെന്നു വരുമ്പോൾ കൂടുതൽ കൃഷിസ്ഥലം കൈവശമുള്ള കൃഷിക്കാരെല്ലാം അതിൽനിന്നു രക്ഷപെടുകയാണു് ചെയ്യുന്നതു്. ഒരു ഇടങ്ങഴി നെല്ലു് മാത്രം ഉള്ളവന്റെ പക്കൽ ഒരു ഇടങ്ങഴി നെല്ലേ ഉള്ളുവെന്നു് ഗവണ്മെൻറിനു് എങ്ങിനെ അറിയുവാൻ സാദ്ധ്യമാകും? അതറിയുവാനാണു് അവന്റെ പക്കൽനിന്നുകൂടി ഫാറം എഴുതി വാങ്ങുന്നതു്. അതുകൊണ്ടാണു് ഈ രാജ്യത്തു നെല്ലു് ഉല്പാദിപ്പിക്കുന്നവരുടെയെല്ലാം ഫാറങ്ങൾ വരുത്തി പരിശോധിച്ചു് അതനുസരിച്ചു് കിട്ടാവുന്നിടത്തോളം നെല്ലെടുക്കുവാനുള്ള റിപ്പോർട്ടുകൾ ശേഖരിക്കുന്നതു്. ഏക്കറിനു ൨൦ പറയോ ൩൦ പറയോ ൪൦ പറയോ വീതം നെല്ലു് വാങ്ങണമെന്നു വയ്ക്കുകയാണെങ്കിൽ രണ്ടോ മൂന്നോ ഏക്കർ മാത്രം കൃഷിസ്ഥലമുള്ള ചില കുടുംബങ്ങൾക്കു അവരുടെ ഭക്ഷണത്തിനുള്ള വക കിട്ടാതെ വരികയും, കൂടുതൽ കൃഷിസ്ഥലമുള്ളവർക്കു അധികം നെല്ലു് മിച്ചമുണ്ടാകുന്നതു മറെറന്തെങ്കിലും ചെയ്യുവാനും കഴിയും. നേരെമറിച്ചു് എക്സസ് ബേസിസ്സിൽ ഉള്ള പ്രകൃയർമെൻറ മൂലം ഭക്ഷണത്തിനും കൃഷിച്ചിലവിനും മാത്രം നെല്ലു് ഓരോ കുടുംബക്കാർക്കും ലഭിക്കുവാനുള്ള സൌകര്യം കിട്ടുകയും, കൂടുതൽ നെല്ലു തീരെ കിട്ടുവാനില്ലാത്ത നിർഭാഗ്യവാന്മാർക്കു നൽകുവാൻവേണ്ടി സംഭരിക്കുന്നതിനു സാദ്ധ്യമാകയും ചെയ്യും. ഇതാണു് നെല്ലെടുപ്പുകാര്യത്തിലുള്ള ഗവണ്മെൻറിന്റെ നയം. ഈ നയത്തെപ്പററി ശ്രീ. നേശമണി എതിർത്തതു എനിക്കു മനസ്സിലാക്കാം. അതു് പ്രത്യക്ഷമാണു്. കോൺഗ്രസ് പാർട്ടി ആഗ്രഹിക്കുന്നതു് ഇത്തരത്തിലുള്ള ഒരു നെല്ലെടുപ്പുനയം വരുത്തണമെന്നാണു്. സർക്കാരിലേക്കു് കച്ചവടം ചെയ്യ സമുദായത്തിന്റെ സാമാന്യാവശ്യത്തിനുവേണ്ടി ഉപയോഗിക്കാനല്ലാതെ കരിഞ്ചന്തയിൽ നെല്ലു് കച്ചവടം ചെയ്യുന്നതിനു് ഉൽപ്പാദകന്റെ കയ്യിൽ വിടണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു പലർക്കും വിരോധമുണ്ടാകുമെന്നു ഗവണ്മെൻറിനറിയാം. കൺട്രോൾ പലവിധത്തിലുള്ള വേദനകളും ഉണ്ടാക്കുന്ന ഒരു വ്യവസ്ഥയാണു്. ഗവണ്മെൻറിനു് ഈ വക കാര്യങ്ങളിൽ യാതൊരു നിയാമകശക്തിയുമില്ലാതിരുന്ന കഴിഞ്ഞ കാലത്തിൽനിന്നു ഗവണ്മെൻറ സമുദായത്തിനുവേണ്ടി പലവിധത്തിലുള്ള നിയന്ത്രണങ്ങളും നടത്തുന്നതായ ഒരു നവ്യവ്യവസ്ഥയിലേക്കു് പുരോഗമിക്കുന്നു എന്നാണു് ഇതു് കാണിക്കുന്നതു്. അതിനു് ഈ സോഷ്യലിസ്റ്റ് പാർട്ടി നേതാക്കന്മാരിൽനിന്നും വളരെ അനുകൂല്യങ്ങൾ ഉണ്ടാകുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. അവരും ഇതിനെ എതിർത്തു കാണുന്നതിൽ ഞാൻ ഖേദിക്കുന്നു. ഏതായാലും ഗവണ്മെൻറ ഉദ്ദേശിക്കുന്നതു് ഈ തരത്തിൽ നടത്തണമെന്നാണു്. അതിനുവേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ടു്. ആ നടപടികളിൽ ഒന്നു് നെല്ലു് പൂഴ്ത്തിവയ്ക്കുന്നതു അനേഷിക്കുകയായിരുന്നു. അതിലേക്കു് പോലീസിനെ അയക്കേണ്ടിവന്നിട്ടുണ്ടു്. അവർ പോയിട്ടുമുണ്ടു്. പല ദിക്കിലും അവകാശപ്പെട്ടതിലും കൂടുതൽ നെല്ലുള്ളതു് എടുത്തിട്ടുമുണ്ടു്. ഇതെല്ലാം മട്ടന്നവും തെറ്റുമാണെന്നുപറഞ്ഞു എതിർക്കുകയാണെങ്കിൽ ആ എതിർപ്പു സ്വീകരിക്കാൻ ഒരുക്കമാണു്. അതുകൊണ്ടു് വ്യക്തമായ നയപ്രഖ്യാപനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. സർക്കാരിലേക്കു് അല്ലാതെ സ്വകാര്യവ്യക്തികൾക്കു് നെല്ലും അരിയും കച്ചവടം ചെയ്യുന്നതു് കുറ്റകരമാണു്. അപ്രകാരം ചെയ്യുന്നതു് സമുദായനീതിക്കു് വിരുദ്ധമാണു്. ഭക്ഷ്യക്ഷാമം കൊടുമ്പിരികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഗവണ്മെൻറിന്റെ ഈ നയത്തെ പിൻതാങ്ങേണ്ടതു് എല്ലാവരുടേയും ചുമതലയാണു്. പാർട്ടിഭേദംകൂടാതെ അപ്രകാരം ചെയ്യ ഗവണ്മെൻറിനെ സഹായിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതു് വളരെ കഴപ്പംകൂടാതെ മറെറ പല രാജ്യങ്ങളി

LIBRARY ARCHIVES Kerala Legislative Assembly

ലും നടക്കുന്നുണ്ട്. കൊച്ചിയെപ്പറ്റി ശ്രീ. ഇയ്യ പറയുകയുണ്ടായി. കൊച്ചിക്കാർ യോഗ്യന്മാരായതുകൊണ്ടല്ല ഇതു് അവിടെ നടക്കുന്നതു്. അവിടെ ഇതു തുടങ്ങിയിട്ടു് അഞ്ചെട്ടു കൊല്ലമായി. ഫ്രാഞ്ചൈസും ഫ്രാൻചൈസും ഭക്ഷ്യനിയന്ത്രണം വളരെ കശ്മലമായി തുടങ്ങിയ അവസരത്തിൽ ഈ വാദങ്ങളും എതിർപ്പുകളുമെല്ലാം അവിടെയുമുണ്ടായിരുന്നു. ഫീൽഡു ആഫീസറന്മാർ വരുന്നു; പോലീസുകാർ വരുന്നു, എ. ഫാറവും ബി. ഫാറവും സി. ഫാറവും മറ്റും കൊടുക്കണം; ദൈവമേ, ഈ രാജ്യം ഒരു നരകമായിരിക്കുന്നു എന്നെല്ലാം അവിടെയും അപ്പോൾ പറഞ്ഞിട്ടുണ്ടു്. തിരുവിതാംകൂർ ഏറിയായിൽ ഈവിധത്തിലുള്ള ഒരു സിസ്റ്റം നിർബ്ബന്ധമായി തുടങ്ങിയതു ഈയിടെ മാത്രമാണു്. അതിൽ അപകടമില്ലെന്നു ധരിക്കാൻ ഈ ബഹുമാനപ്പെട്ട സഭയോടു അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തിരുവനന്തപുരം താലൂക്കിൽ എത്ര ഇടങ്ങഴി നെല്ലു് ഉണ്ടാകുമെന്നു് സിവിൽ സപ്ലൈസു് കമ്മീഷണർക്കോ മന്ത്രിക്കോ അറിയാമോ എന്നു ചോദിക്കുകയുണ്ടായി. അതു ചോദിച്ചതുകൊണ്ടു ഈ മന്ത്രിയും അദ്ദേഹത്തിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനും തോറ്റുപോയി എന്നാണു് ഭാവം. നേരെമറിച്ചു് അതു് അറിയാവുന്ന കാര്യമാണു്. പക്ഷെ അതു് അറിയേണ്ടതു് എന്റെ ചുമതലയല്ല. നമ്മുടെ തഹസീൽദാരന്മാരെ നിയമിച്ചിട്ടുള്ളതു് നെല്ലെടുപ്പിനു മാത്രമല്ല. ഓരോ താലൂക്കിലും നെല്ലെടുപ്പും വിതരണവും സാങ്കേതികപരിജ്ഞാനമുള്ള ആളുകളെക്കൊണ്ടു നടത്തിക്കണമെന്നുള്ളതാണു് ഉദ്ദേശം. നെല്ലു് അധികമുള്ള താലൂക്കുകളിൽ നെല്ലെടുപ്പു തഹശീൽദാരും നെല്ലു് കുറവുള്ള താലൂക്കുകളിൽ വിതരണോദ്യോഗസ്ഥന്മാരുമായിരിക്കും ഇവർ. കൊച്ചി ഏറിയായിൽ പർച്ചേസു് തഹശീൽദാരന്മാരുടെ കൃത്യങ്ങളും നിർവഹിക്കുന്നതിനു് ഓരോ താലൂക്കിലും ഓരോ ഉദ്യോഗസ്ഥന്മാരെ വച്ചിരിക്കുകയാണു്. നെല്ലു് അധികം ഉണ്ടാകാത്ത താലൂക്കുകളിലും ഇവരെ വച്ചിട്ടുണ്ടു്. ഇവരുടെ ജോലി കഴിഞ്ഞ ആഗസ്റ്റു് മാസത്തിലും സെപ്റ്റംബർ മാസത്തിലും ഉണ്ടായ കുഴപ്പം ആവർത്തിക്കാതെ നോക്കുകയാണു്.

തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്തമായ രീതിയിൽ അരി വിതരണം ചെയ്യുവെന്നും അതിനു് എത്ര ന്യായങ്ങൾ പറഞ്ഞാലും ബോദ്ധ്യമാകയില്ലെന്നും പറഞ്ഞുകേട്ടു. അതിനെപ്പറ്റി അല്പം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ആഗസ്റ്റു് മാസത്തിൽ ഇൻഡ്യാ ഗവണ്മെന്റിൽനിന്നും കോട്ടാകിട്ടുകയുണ്ടായില്ല. അതിനാൽ തഹശീൽദാരന്മാർക്കു് അതാതു താലൂക്കിലുള്ള സംഭരണം എത്രയും ജാഗ്രതയായി നടത്തി വിതരണം ചെയ്യുന്നതിനു് നിർദ്ദേശം കൊടുത്തു. ഒരു ആപൽഘട്ടത്തിലെന്നപോലെ പ്രവർത്തിക്കാനാണു് നിർദ്ദേശം നൽകിയിരുന്നതു്. അതിന്റെ ഫലമായി കൊച്ചിയിലുള്ള ഉദ്യോഗസ്ഥന്മാർക്കു വളരെ അധികം കീഴ്സിൽബന്ധികളും ഉണ്ടായിരുന്നതുകൊണ്ടും എ. എസ്സു്. ഓ. വിതരണം ചെയ്തിരുന്നതുകൊണ്ടും റേഷനിംഗു് പൊളിയാതെ നടത്താൻ അവർക്കു സാധിച്ചു. അക്കാലത്തു് വിദേശത്തുനിന്നു ഇറക്കുമതി ചെയ്ത അരി വിതരണം ചെയ്തു ഉണ്ടായിട്ടില്ല. നിർഭാഗ്യവശാൽ ഇൻഡ്യാഗവണ്മെന്റിന്റെ സപ്ലൈ നമുക്കു കിട്ടിയില്ലെന്നുള്ളതിനു പുറമേ പ്രകൃതിപോലും കോപിച്ചിരുന്ന ഒരു സമയമായിരുന്നു അതു്. പലവിധത്തിലുള്ള വിഘ്നങ്ങളും ഉണ്ടാക്കാൻ മഴ ചിങ്ങമാസത്തിലേക്കും കന്നിയിലേക്കും നീണ്ടുനിൽക്കുകയായിരുന്നു. കൊച്ചിയിൽ ആ അവസരത്തിൽ പല കളങ്ങളിലും പോയി നെല്ലു വാങ്ങി ഉണക്കാൻ നിവർത്തിയില്ലാത്ത ചാക്കിൽകെട്ടി മുളച്ച നെല്ലു് വിൽക്കേണ്ടിവന്നിട്ടുണ്ടു്. അങ്ങനെ അവിടെ ആ ആപൽഘട്ടം തരണം ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri, Panampilli Govinda Menon]

തഹശീൽദാരന്മാർ എന്തിനാണ്, ഞങ്ങൾതന്നെ നെല്ലുകൊണ്ടു തരുകയില്ലേ എന്നു ചിലർ ചോദിച്ചു. അതൊന്നും നടക്കുകയില്ല. രാജ്യത്തെ ജനങ്ങളെ ഒരുപോലെ ബാധിക്കുന്ന ഈ ഭക്ഷ്യപ്രശ്നത്തെ നേരിടുന്നതിനു് എല്ലാവരും ഗവൺമെൻറിനു് സഹകരണം നൽകണമെന്നാണു് എനിക്കു പറയാനുള്ളതു്. ഈ നയം നടപ്പിൽവരുത്തുന്ന കാര്യത്തിൽ ഏതെങ്കിലും വീഴ്ചയിലുള്ള തൊറകൾ ഉണ്ടാകുന്നുണ്ടെങ്കിലോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാർ അഴിമതി കാണിക്കുന്നുണ്ടെങ്കിലോ ആ വിവരം അറിയിക്കുകയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കുവാൻ ഗവൺമെൻറു് ഒരുക്കമാണു്. മാത്രമല്ല പാർട്ടിഭേദംകൂടാതെ എല്ലാവരും സഹകരിച്ചു് നടത്തേണ്ട ഇക്കാര്യത്തിനു് ഒരു ഉപദേശകസമിതികൂടി ഉണ്ടാക്കണമെന്നു് ഗവൺമെൻറിനു് ഉദ്ദേശമുണ്ടു്. അങ്ങനെ നടത്തുകയാണെങ്കിൽ കേവലം പത്രങ്ങളിൽ കാണുന്ന പ്രസ്താവനകളിൽനിന്നും ഊഹാപോഹങ്ങളിൽനിന്നും നാട്ടിലെ ജനങ്ങളുടെ ഇടയിൽ സംഭ്രാന്തി ഉണ്ടാകാതെ കഴിക്കാൻ കഴിയും.

ശ്രീ. എ. താണുപിള്ള : വെളിയിൽനിന്നും വന്നിട്ടുള്ള അരിയുടെ സ്റ്റോക്കു് എത്രയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നാളെ വേണമെങ്കിൽ പറയാം.

ശ്രീ. എ. താണുപിള്ള : ഫൻ ഓ—ലേക്കു് ഇൻഡ്യാഗവൺമെൻറിൽനിന്നും ബാക്കിവരാനുള്ള അരി എത്രയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നൂലക്ഷം ടൺ പ്രോമിസു് ചെയ്തിട്ടുണ്ടു്. ബഹു. മെമ്പർ ഉപദേശകസമിതിയിലെ ഒരു മെമ്പറായിരിക്കണമെന്നു് ഞാൻ ഇവിടെവെച്ചു അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള : ഈ ആണ്ടത്തേക്കു് ഇനി എത്ര സ്റ്റോക്കുണ്ടായാൽ ഇന്നാട്ടിലെ കണക്കനുസരിച്ചു് റേഷനിംഗു് നടത്താം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇനി ഇൻഡ്യാഗവൺമെൻറിൽനിന്നും കിട്ടാനുള്ളതു കിട്ടിയാൽ വലിയ കഴപ്പംകൂടാതെ നടക്കും. കല്ലുവലിച്ചെറിയുന്നതുപോലെ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം പറയാൻ എളുപ്പമല്ല. ഇതെല്ലാം കണക്കുകൾ നോക്കി പറയേണ്ട കാര്യങ്ങളാണു്.

എല്ലാ പാർട്ടിയിലുമുള്ള ആളുകളുമായി യോജിച്ചു് അവരുടെ ഉപദേശം സ്വീകരിച്ചു പ്രവർത്തിക്കുന്നതിനു് ഗവൺമെൻറു് ഒരുക്കമാണു്. ഇതിൽ കൂടുതലായി എനിക്കു് ഇക്കാര്യത്തെപ്പറ്റി ഇപ്പോൾ ഒന്നും പറയാനില്ല.

ഭക്ഷ്യവകുപ്പിൻെറ ഭരണം യാതൊരു ന്യൂനതയുംകൂടാതെ നടക്കുന്നുണ്ടെന്നു് ഞാൻ അഭിമാനിക്കുന്നില്ല. ഗവൺമെൻറും അഭിമാനിക്കുന്നില്ല. നിസ്സഹായാവസ്ഥ ഉണ്ടെന്നു പറയുന്നതു ഒരു ബലക്ഷയമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മദ്ധ്യപ്രദേശത്തിൽനിന്നും കിട്ടുന്ന അരിയെപ്പറ്റി ശ്രീ. നേശമണി പറയുകയുണ്ടായി. അതിൽ കുറച്ചു നുറുങ്ങരി ഉണ്ടു്, അതു് വേണ്ടെന്നു പറയുകയാണെങ്കിൽ അതുകൂടി കിട്ടുകയില്ല. ആണത്തത്തെപ്പറ്റിയും ഇവിടെ പറഞ്ഞുകേട്ടു. ആണത്തത്തോടു പ്രവർത്തിക്കുന്നതു് പലപ്പോഴും രാജിവയ്ക്കൽ തുടയിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അപകടവും, കഴപ്പവും, നിരാശയുമെല്ലാം ഉണ്ടാകുന്ന അവസരത്തിൽപോലും ശാന്തമായും ജനക്ഷേമത്തെ ഉള്ളിൽവച്ചുകൊണ്ടും പ്രവർത്തിക്കുന്നതായിരിക്കും കൂടുതൽ ആണത്വമെന്നാണ് എനിക്കു തോന്നുന്നതു്. ശ്രീ. ഗംഗാധരൻ പറഞ്ഞ കാര്യത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

ശ്രീ. എ. താണുപിള്ള: ഈ ആണ്ടു മുഴുവൻ റേഷനിംഗു് നടത്തുന്നതിലേക്കു കൂടുതൽ അരി ആവശ്യപ്പെടേണ്ട കാര്യമുണ്ടെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഇപ്പോഴുള്ള റേഷൻ കൂട്ടാൻ നിവൃത്തിയുണ്ടോ എന്നും നോക്കണം. അതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അതിലേക്കു ബഹുമാനപ്പെട്ട മെമ്പറുടേയും സഹകരണം ഞാൻ ആവശ്യപ്പെടുന്നു.

ഈമാതിരി വളരെ ഗൗരവമേറിയ ഡിബേറ്റു നടക്കുന്ന അവസരത്തിൽ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതു് സഭയിൽ വന്നു പറഞ്ഞു തെറ്റിദ്ധാരണ ഉണ്ടാക്കുന്ന ഒരു സമ്പ്രദായം പല മെമ്പർമാരുടെയിടയിലും കാണുന്നുണ്ടു്. ശ്രീ. ഗംഗാധരൻ ഏതു വിഷയത്തെസംബന്ധിച്ചു പ്രസംഗിച്ചാലും ഞാൻ വളരെ ശ്രദ്ധയോടും ബഹുമാനത്തോടും കേൾക്കുന്നുണ്ടു്. അദ്ദേഹം പറയുന്ന ഹോർസയിൽ ഡിപ്പോകൾ നിറുത്തിയതുകൊണ്ടു് വളരെ കഴപ്പുണ്ടാകും ഉണ്ടായിട്ടുണ്ടെന്നു്. റിട്ടെയിൽ വ്യാപാരികൾക്കു് ലാഭം കുറഞ്ഞു എന്നും പറയുകയുണ്ടായി. ഇതു് എങ്ങിനെയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ലാഭത്തിൽ യാതൊരു വ്യത്യാസവും ഇപ്പോൾ വരുത്തിയിട്ടില്ല. മുമ്പുള്ള ലാഭം ഇപ്പോഴും അനുവദിച്ചുകൊടുക്കുന്നുണ്ടു്. കൊല്ലം താലൂക്കിലുള്ള റിട്ടെയിൽ കച്ചവടക്കാർക്കു് ൨ ൦ ചാക്കു് അരിവീതം മാത്രമേ കിട്ടുകയുള്ളുവെന്നും പറഞ്ഞുകേട്ടു.

ശ്രീ. വി. ഗംഗാധരൻ നായർ: ഞാൻ ഓഫീസിൽ കിട്ടുന്ന കണക്കാണു് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു മാസം ൨൦,൦൦൦ ചാക്കു് അരിയും ൭,൦൦൦ ചാക്കു് ഗോതമ്പുമാണു് കൊല്ലം താലൂക്കിൽ ചെലവാകുന്നതു്. അവിടെ ൯൫ ൦-ളം റിട്ടെയിൽ കച്ചവടക്കാർ ഉണ്ടു്. സാധാരണ ഒരാൾക്കു് അധികം ചാക്കു് അവിടെയുള്ള കച്ചവടക്കാർക്കു് കിട്ടും. ഒമ്പതോ പത്തോ അണ ചാക്കിനു് ലാഭം അനുവദിച്ചിട്ടുണ്ടു്. ഹോർസെയിലേഴ്സ് പോയി ഗവണ്മെണ്ടു നേരിട്ടു നടത്തിയപ്പോൾ പല കഴപ്പവും ഉണ്ടെന്നു പറയുകയും അതേസമയം ഹോൾസെയിൽ ഡിപ്പോ നിറുത്തിയതു് നല്ലതെന്നു പറയുകയും ചെയ്യുന്നതു് വളരെ വേദനയുള്ള ഒരു സംഗതിയാണു്.

വിദ്യാഭ്യാസകാര്യത്തെപ്പറ്റിയും അദ്ദേഹം പറയുകയുണ്ടായി. വിദ്യാഭ്യാസകാര്യത്തിൽ ഒരു ഉറച്ച നില ഉണ്ടെന്നു പറയാത്തതു് എന്താണെന്നു് അദ്ദേഹം ചോദിച്ചു. വളരെ ഉറച്ച നിലയുള്ള ആളുകളൊക്കെ എനിക്കു് ഉറച്ചനിലയാണുള്ളതെന്നു പറഞ്ഞുകൊണ്ടിരിക്കുകയില്ല. ഗവണ്മെണ്ടു രീതിമാനത്തെക്കുറിച്ചു് ഉറച്ച നിലയാണോ എന്നു എന്നോടു ചോദിച്ചാൽ ഞാൻ ഒന്നു ചിരിക്കുകയേയുള്ളു. ഒരു കാര്യം ആവർത്തിച്ചു പറഞ്ഞാലെ നടക്കുകയുള്ളുവെന്നു പറയുന്നതു് തെറ്റാണു്.

ഈവക കാര്യങ്ങളൊക്കെ ആവർത്തിച്ചാവർത്തിച്ചു പറയേണ്ടതായ ആവശ്യം തന്നെയില്ല. തൊഴിലാളികളുടെ കാര്യങ്ങളെ സംബന്ധിച്ചു പ്രസ്താവിച്ച കൂട്ടത്തിൽ അദ്ദേഹം, ഒരു തീക്കട്ട എടുത്തെറിയുന്നമാതിരി ഈ ഗവണ്മെണ്ടു തൊഴിലാളിമർദ്ദനമാണു നടത്തിവരുന്നതെന്നും അതിനു ഉദാഹരണമായി ഒരു ഗോപാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampalli Govinda Menon]

ലപിള്ളയെ അറസ്റ്റ് ചെയ്തതായി അദ്ദേഹത്തിനറിയാൻ കഴിഞ്ഞുവെന്നും പറയുകയുണ്ടായി. ഈ വിവരംതന്നെ എനിക്കറിവില്ല. എഫ്. എ. സി. ടി. യെ സംബന്ധിച്ചു ചില സംഗതികൾ ഈ സഭയുടെ അറിവിലേക്കായി പറഞ്ഞുകൊള്ളട്ടെ. അതായതു്, എഫ്. എ. സി. ടി. മുതലാളിമാരുടെ ഒരു നിവേദനത്തിന്റെ ഫലമായി അവിടത്തെ തൊഴിൽതക്കം അഡ്ജൂഡിക്കേഷനു വച്ചതു ഈ നിയമസഭതന്നെ പരിപൂർണ്ണമായി പാസാക്കിയിട്ടുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടനുസരിച്ചാണ്. എന്നാൽ ആ അവസരത്തിൽ തിരുവിതാംകൂറിൽ ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു ശ്രീ. ലക്ഷ്മണൻപിള്ള അവർകൾ ആയിരുന്നു. പിന്നിടു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു മൂന്നു ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഉണ്ടായി. അവ ആലപ്പുഴയിൽ ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയും, എറണാകുളത്തു ശ്രീ. ശങ്കരമേനവനും, തിരുവനന്തപുരത്തു് ശ്രീ. ലക്ഷ്മണൻ പിള്ളയുമായിരുന്നു. ആലുവാ എറണാകുളത്തുള്ള ട്രിബ്യൂണലിന്റെ അധികാരാതിർത്തിയിൽ വരുന്നതുകൊണ്ടും, ശ്രീ. ലക്ഷ്മണൻപിള്ള ഈ തക്കത്തെപ്പറ്റി നടപടി നടത്തിയിരുന്നതുകൊണ്ടും എറണാകുളത്തുനിന്നും ഈ തൊഴിൽതക്കം മാറ്റി ശ്രീ. ലക്ഷ്മണൻപിള്ളതന്നെ ഇതു കേൾക്കുന്നതിനു് ഗവൺമെണ്ടു തീരുമാനിക്കുകയും ഇതേസംബന്ധിച്ചു് എഫ്. എ. സി. ടി. തൊഴിലാളികളും അപ്രകാരം ചെയ്യണമെന്നു എഴുതി അറിയിക്കുകയും, അവർ സമ്മതിച്ചിരിക്കുന്നതായി ഫൻ ൽ൦ മാർച്ചുമാസം ൨൫-൦൩- ഗവൺമെണ്ടിനു് ആ ടെയിഡ്യൂണിയനിൽനിന്നും എഴുത്തു കിട്ടുകയും ചെയ്തിട്ടുണ്ടു്. അതു ഞാൻ വായിക്കാം.

"This is to inform you that we have objection to transfer the above adjudication case to the Industrial Tribunal, Ernakulam. The case may please be conducted by the Industrial Tribunal, Trivandrum."

അതായതു അതേവരെ ഈ തൊഴിൽത്തക്കം കേട്ടുകൊണ്ടിരുന്ന മി. ലക്ഷ്മണൻപിള്ളതന്നെ അതു തുടർന്നാൽ മതിയെന്നാണു്. അപ്രകാരം തീരുമാനിച്ചതിനുശേഷം ഇപ്പോൾ യൂണിയൻ പറയുകയാണു് ആ ട്രിബ്യൂണൽ വേണ്ട, അവിടെ ന്യായമായ വിധി കിട്ടാൻ വിഷമമാണു് എന്നു്. ഇതുസംബന്ധിച്ചു ഗവൺമെണ്ടു് ഇപ്രകാരം നിർദ്ദേശിച്ചതു തെറ്റാണെന്നും അവർ ഇപ്പോൾ പറയുന്നു. ഈമാതിരി വാദങ്ങൾ പറപ്പെടുവിക്കുന്നതു ശരിയല്ല. ഒന്നാമതു ഈ യൂണിയൻതന്നെ തീരുമാനിച്ചതാണു് മി. ലക്ഷ്മണൻപിള്ളതന്നെ ഈ തൊഴിൽതക്കം കേട്ടാൽ മതിയെന്നു്. രണ്ടാമതു്, യൂണിയൻ ഇതു ആവശ്യപ്പെട്ട സന്ദർഭത്തിൽ ഇൻഡ്യാ ഗവൺമെണ്ടു ഒരു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടു് പാസാക്കിയിരിക്കുന്നതുകൊണ്ടു ഈ കാര്യത്തിൽ ഇടപെടുന്നതിനു ഈ ഗവൺമെണ്ടിനു അധികാരമില്ലെന്നു പ്രസ്താവിക്കുകയുംചെയ്തു. അപ്പോൾ ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ മാറ്റുന്നതിനു നിവൃത്തിയില്ലാതെവന്നു. ഇതാണു സംഗതികളുടെ യാഥാർത്ഥ്യം. ഇപ്രകാരം എഫ്. എ. സി. ടി. തൊഴിലാളികളുടെ ഡിമാൻറു് ഉടൻ നിറവേറ്റിയില്ലെങ്കിൽ അവർ സ്ട്രൈക്കു ചെയ്യുമെന്നാണു പറയുന്നതു്. അതിനു ഗവൺമെണ്ടു പറഞ്ഞു പണിമുടക്കു നിയമവിരുദ്ധമാക്കുമെന്നു്. ശ്രീ. ഗംഗാധരൻ നായർ ഈമാതിരി പ്രസ്താവനകൾ ചെയ്യുന്നതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണൊ എന്നു എനിക്കു സംശയമുണ്ടു്. അദ്ദേഹം എന്തെങ്കിലും അറിവിനെ വെച്ചുകൊണ്ടു, അതിനെ അടിസ്ഥാനമാക്കി ഇങ്ങനെ ഇവിടെവച്ചു ഒരു പ്രസംഗം ചെയ്യുകയാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നതുപോലെ ടൈഡ് യൂണിയൻ പറയുന്നതു ശരിയും ഗവൺമെണ്ടു പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നതെല്ലാം തെറ്റുമാണെന്നു പറയുന്നതു ശരിയല്ല. ഇന്നു അഡ്ജൂഡിക്കേഷനു വെച്ചിരിക്കുന്നതിൽ അവരുടെ ഡിമാൻറു എന്തെല്ലാമാണെന്നും, അവരുടെ ബോണസ് എത്രയെന്നും മറ്റുമുള്ള വിഷയങ്ങളെപ്പറ്റി ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലാണ് തീരുമാനിക്കേണ്ടതു്. അതുമാത്രമല്ല, ഇന്നത്തെ നിയമമനുസരിച്ചു ഇവരുടെ സ്ട്രൈക്കുതന്നെ നിയമവിരുദ്ധമാണു്.

ശ്രീ. വി. ഗംഗാധരൻ നായർ: ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെ മാറ്റണമെന്ന ആവശ്യപ്പെട്ടിട്ടു എത്ര നാളായി എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സ്ട്രൈക്ക നിയമവിരുദ്ധമാക്കിയിട്ടുള്ളതു ഈ ബഹുമാനപ്പെട്ട സഭാംഗങ്ങൾകൂടി ഉൾപ്പെട്ട സഭയിലെ എല്ലാ കക്ഷിയിൽനിന്നും എടുത്തിട്ടുള്ള ഒരു സെലക്ട്കമ്മിറ്റി പരിശോധിച്ചു പാസാക്കിയിട്ടുള്ള ഒരു നിയമമനുസരിച്ചാണ് എന്നുള്ള സംഗതി ഈ സഭയേയും ഈ രാജ്യത്തേയും ഞാൻ അറിയിച്ചുകൊള്ളുന്നു. ഇന്നത്തെ ഭക്ഷ്യക്ഷാമത്തെ പരിഹരിക്കുന്നതിനുള്ള പ്രധാനമായ ഭക്ഷ്യോല്പാദനശ്രമങ്ങളിൽ അത്യന്താപേക്ഷിതമായ വളനിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ സ്ട്രൈക്കുചെയ്യും എന്നു പറയുന്നതു എങ്ങനെ ന്യായീകരിക്കുന്നുവെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു നിശ്ചയമായും ഈ സ്ട്രൈക്ക നിയമവിരുദ്ധമായി പ്രഖ്യാപിക്കുകതന്നെ ചെയ്യുന്നതാണു്. ഇങ്ങനെയുള്ള സന്ദർഭത്തിൽ അവിടത്തെ തൊഴിലാളികൾ സ്ട്രൈക്കുചെയ്യാൻപോകുന്നതിനെ തടയുന്നതിൽ ആക്ഷേപം പ്രകടിപ്പിക്കുകയാണോ വേണ്ടതെന്നു ഞാൻ ചോദിക്കുന്നു. പ്രത്യേകിച്ചും ലോകകാര്യത്തിലും ഭരണപരിചയത്തിലും അറിവുള്ള എന്റെ സ്നേഹിതൻ ശ്രീ. പട്ടം താണുപിള്ള അവർകളുടെ പാർട്ടിയിലെ ഒരംഗം ഈയവസരത്തിൽ ഇങ്ങനെ പറയുന്നതു് കഷ്ടമാണു്. ഈമാതിരി കാര്യത്തിൽ എതു നയമാണു് എടുക്കേണ്ടതെന്നു ഞാൻ ചോദിക്കുന്നു. കൃാബിനറ്റുതന്നെയും ഇപ്പോൾ ഈ കാര്യത്തിൽ ഇടപെടുകയാണെങ്കിൽ അതു ഒരു നിയമലംഘനമാകുകയില്ലയോ? ഏതാനും ചില തൊഴിലാളിനേതാക്കന്മാർക്കുവേണ്ടി സന്ദർഭമനുസരിച്ചു തുണ്ടുകടലാസുപോലെ ഒരു നിയമം ഭേദഗതിചെയ്യുവാൻ സാദ്ധ്യമാണോ? അതുകൊണ്ടു് എഫ്. എ. സി. ടി. യുടെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഒരു മുൻ അറിയിപ്പായിട്ടും ഒരു നയപ്രഖ്യാപനമായിട്ടും ഞാൻ പറയുന്നതു അവർ സ്ട്രൈക്കു തുടങ്ങുന്നതായാൽ അതൊരു നിയമവിരുദ്ധമായ സ്ട്രൈക്കായിരിക്കുമെന്നാണു്. അതിനു അധികൃതസ്ഥാനത്തുനിന്നോ പൗരബോധമുള്ള ജനങ്ങളിൽനിന്നോ, പൗരബോധമുള്ള തൊഴിലാളികളിൽനിന്നോ, പൗരബോധമുള്ള തൊഴിലാളിനേതാക്കന്മാരിൽനിന്നോ ഒരുവിധത്തിലുള്ള അനുഭാവവും ഉണ്ടാകുന്നതുമല്ല. ഇന്നു ആ കമ്പനിയുടെ ഷെയറിൽ പകുതിയിലധികവും തിരുവിതാംകൂർ ഗവൺമെണ്ടു എടുത്തിട്ടുണ്ടു്.——

Sri. K. P. Nilakanta Pillai: May I know, Sir, whether these things are relevant to consider whether the strike is legal or illegal?

Mr. Speaker: The Member has not yielded and the question was put irregularly. Theres is no need to answer it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെയുള്ള രാജ്യപ്രാധാന്യമർഹിക്കുന്ന ഒരു ഇൻഡസ്ട്രിയിൽ നിയമവിരുദ്ധമായ ഒരു സ്ട്രൈക്ക ഉണ്ടാക്കുന്നതായാൽ അതിന്റെ ഫലം എന്തായിരിക്കും? അവരുടെ ഡിമാൻറുകൾ അനുവദിക്കാത്തതുകൊണ്ടുമാത്രമാണു അവിടത്തെ തൊഴിലാളികൾ സ്ട്രൈക്കു ചെയ്യാൻ പോകുന്നതെന്നാണു, വേണ്ടിടത്തോളം അനുഭാവത്തോടുകൂടി പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ങ്ങൾചെയ്യുന്ന മി. ഗംഗാധരൻ നായർ അഭിപ്രായപ്പെട്ടതു്. ഈവക കാര്യങ്ങളിൽ അല്പം നിയന്ത്രണവും അല്പം ചുമതലാബോധവും രാജ്യസ്നേഹവും ഉണ്ടെങ്കിൽ ഈ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയില്ലായിരുന്നു. ഇങ്ങനെ ഒരു നയം തുടരുകയാണെങ്കിൽ കാര്യങ്ങൾ എങ്ങനെ പുരോഗമിക്കും? ഇന്നു ഭരണം നടത്തുന്ന കാൺഗ്രസ് പാർട്ടിയല്ലാതെ വേറെ ഏതു പാർട്ടി ഭരണം നടത്തിയാലും അധികാരത്തിലിരിക്കുന്ന പാർട്ടിക്കു് നിയമസമാധാനം പാലിക്കുന്നതിനു് നിയമസഭയിൽ പാസ്സാക്കിയ നിയമങ്ങൾ പാലിക്കേണ്ടതായുണ്ടു്. അങ്ങനെ നിയമസഭയിൽ പാസാക്കി നാം അംഗീകരിച്ചിട്ടുള്ള ഒരു നിയമം പാലിക്കേണ്ടതും ആവശ്യമാണു്.

ബഹു. മി. ശങ്കർ അദ്ദേഹത്തിന്റെ പ്രസംഗമദ്ധ്യേ പറയുകയുണ്ടായി, അദ്ദേഹം ഇന്നു രാവിലെ പത്രത്തിൽ രണ്ടു യൂണിയനുകളുടെ രജിസ്ട്രേഷൻ കാൻസിൽചെയ്തിരിക്കുന്നതായി വായിച്ചു എന്നു്. ഉത്തരവാദപ്പെട്ട ഒരു പാർട്ടിയുടെ നേതാവെന്ന നിലയിൽ കാര്യങ്ങൾ ശരിയായി ഗ്രഹിച്ചു ഒരു പ്രസ്താവന അദ്ദേഹം പുറപ്പെടുവിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. അല്ലെങ്കിൽ അതൊരു കുഴപ്പത്തിനിടയാവും. ബഹുമാനപ്പെട്ട അദ്ദേഹത്തോടു എനിക്കു ചോദിക്കുവാനുള്ളതു ഇതേപ്പറ്റി ആവശ്യമായ അന്വേഷണങ്ങൾ അദ്ദേഹം നടത്തിയോ എന്നാണു്. ടെയ്ഡ് യൂണിയൻ ആക്ടു് അനുസരിച്ചു കാലാകാലങ്ങളിൽ ചില റിട്ടേൺസു ഗവൺമെണ്ടിലേക്കു അയയ്ക്കേണ്ടതായുണ്ടു്. അപ്രകാരം അതു അയച്ചില്ലെങ്കിൽ ലേബർ സപ്ലൈമെണ്ടിൽനിന്നും ആവശ്യമായ നടപടികൾ നടത്തി ആമാതിരി യൂണിയനുകളുടെ രജിസ്ട്രേഷൻകാൻസൽചെയ്യും. അതനുസരിച്ചു് റിട്ടേൺസ് അയയ്ക്കാത്തതുകൊണ്ടു ഈ രണ്ടു യൂണിയൻസിന്റേയും രജിസ്ട്രേഷൻ കാൻസൽചെയ്തിട്ടുള്ളതാണു്.

ശ്രീ. ആർ. ശങ്കർ: പലയൂണിയൻസും ഇപ്പോൾ റിട്ടേൺസ് അയയ്ക്കാതിരിക്കുന്നതു അവയുടെ പ്രവർത്തകന്മാർ ജയിലിൽ കിടക്കുന്നതുകൊണ്ടല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാരും അതുപോലെയുള്ളവരും ഇന്നു ജയിലിലായിരിക്കാം. അതേക്കുറിച്ചു പ്രധാനമന്ത്രി അവർകൾ പറഞ്ഞുകഴിഞ്ഞു. അക്രമം ചെയ്യുന്നതൊഴിലാളികളെ, അതായതു പോലീസുകാരെ കൊല്ലുക, റയിൽവേയിൽ ആണിയിളക്കുക മുതലായ അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ അറസ്റ്റ്ചെയ്തിട്ടുണ്ടു്. അതു തീർച്ചയായും തൊഴിലാളിമർദ്ദനമാവുകയില്ല. ഏതെങ്കിലും ടെയ്ഡ് യൂണിയൻസ് റിട്ടേൺസ് സമയത്തിനു അയച്ചിട്ടില്ലെങ്കിൽ, അവയുടെ രജിസ്ട്രേഷൻ കാൻസൽചെയ്യുന്നതു തൊഴിലാളിമർദ്ദനമാണെന്നു പറയുകയാണെങ്കിൽ ഈമാതിരിയുള്ള പ്രസ്താവനകൾകൊണ്ടു പുറമെയുള്ള ആളുകളെ ഈ ഗവൺമെണ്ടിനെപ്പറ്റി തെറ്റിദ്ധരിപ്പിക്കാൻമാത്രമാണു ഈവിധത്തിലുള്ള പ്രസ്താവനകൾ ചെയ്യുന്നതെന്നു മനസ്സിലാക്കും എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

Sri. P. Balakrishnan Tampi: At this late hour of the day one must be a Nero to inflict a long speech. Anyway, Sir, I was a little disappointed because I expected greater excitement. I only heard what I used to hear from the other benches from those parties. I do not know whether I should use the singular or the plural for denoting the Socialist party in Nedumangad and the Socialist Democratic party in Neyyattinkara. I do not want to be harsh on them because sometimes when a younger member of a family leaves it after a bitter quarrel he is apt to be a

LIBRARY ARCHIVES Kerala Legislative Assembly

little harsh. And as a political party which has not as much numerical strength outside this House, they are not likely to have much enthusiasm for their aspirations. As a member belonging to the majority party, which has got a reasonable hope to sweep the polls next time, I cannot afford to talk so lightly. From the trend of the speech I find that there is no difference of opinion and before the season is out, I hope there will be a re-union of all.

There is something of a vote of confidence in the Government or at any rate in the Food Department in so far as the people from such different places as Nanjinad and Chittur have been saying that there has been intensive procurement. That bids fair for the department and also for the food policy of the Government. Being a little elder than the hon'ble members of the Treasury Benches, I do not wish to talk in the same tone of injured seriousness. At the same time there is some physical incapacity for me and I cannot whip myself into a sudden fit of enthusiasm as my good old friend Mr. K. P. Nilakanta Pillai can. Anyway, I do not think it will set the Thames on fire. At the fag end of the day I am almost tired. In this connection I remember what a distinguished person who held a similar position, Mr. Lowther, who for a number of years presided over Parliament, said "I in my life have heard nearly 1,25,233 speeches and the wonder of it all is I have survived". I have only a similar feeling at the close of the day. With these words, and hoping that all is well that ends well, and the amendments would be withdrawn, I enthusiastically commend my motion.

The amendment of Mr. Nesamony was put to vote and declared lost.

The amendment of Sri. R. K. Ram was put to vote and declared lost.

Sri. Ittiera Ambookan: I beg leave to withdraw my amendment.

Mr. Speaker: It is for the House to grant the leave.

Sri. P. Balakrishnan Tampi: Sir, as it has been discussed, it may be put to vote.

Mr. Speaker: Yes.

The amendment of Sri. Ittiera Ambookan was put to vote and declared lost.

The amendment of Sri. A. Thanu Pillai was put to vote and declared lost.

Sri. K. P. Nilakanta Pillai: I demand a poll.

A poll was accordingly taken when the House divided as follows:—

Ayes—23

1	Sri. K. P. Nilakanta Pillai	13	Sri. P. K. Kumaran Asari
2	,, A. Thanu Pillai	14	,, Nilakantaru Pandarathil
3	,, Kalathil Velayudhan Nayar	15	,, P. K. Krishnan Sastri
4	,, R. Sankar	16	,, C. C. Prasad
5	,, P. C. Adichan	17	,, K. N. Sankunni Pillai
6	,, N. D. Jose	18	,, A. K. Patchu Pillai
7	,, A. Atchuthan	19	,, P. S. Nataraja Pillai
8	,, Mannar Gopalan Nayar	20	Sahib Bahadur T. A. Moideen Kunju
9	,, V. Gangadharan Nayar	21	Sri. Ponnara G. Sreedhar
10	,, P. C. George	22	,, M. Palpu
11	,, N. K. Krishna Pillai	23	,, U. K. Vasudevan Achari
12	,, Mannathu Padmanabha Pillai		

LIBRARY ARCHIVES Kerala Legislative Assembly

Noes—65

1 Hon'ble Sri. T. K. Narayana Pillai
2 ,, A. J. John
3 ,, P. Govinda Menon
4 ,, E. John Philipose
5 ,, N. Kunjuraman
6 Sri. K. Ayyappan
7 Sahib Bahadur A. Abdul Aziz
8 Sri. Konnanathu Kunjirama Menon
9 ,, K. R. Elankath
10 Sry. Accamma Cheriyan
11 Sri. A. M. Thomas
12 ,, R. Atchuthan
13 ,, P. Balakrishnan Tampi
14 ,, Cherian J. Kappan
15 ,, T. T. Kesavan Sastri
16 ,, V. Madhavan
17 ,, Ambat Eachara Menon
18 ,, P. K. Dewer
19 ,, Sebastian Thoppil
20 ,, A. P. Udayabhanu
21 Sry. Devaki Gopidas
22 Sri. Abdul Majeed
23 Dr. M. O. Cheriyan
24 Sri. T. V. Devan
25 Sahib Bahadur Chelladi Rowther
26 Sri. C. Narayana Pillai
27 ,, P. Nanoo
28 ,, A. V. Joseph
29 ,, K. M. Chandy
30 ,, K. S. Joseph
31 ,, K. K. Chellappan Pillai
32 ,, G. Chandrasekhara Pillai
33 ,, Albert Lopez
34 Sri. Alexander Parambithara
35 ,, Alexander Vakayil
36 ,, Krishnan Ayyappan
37 Sry. Annie Joseph
38 Sri. T. S. Bandhu
39 ,, N. V. Chacko
40 ,, Joseph Mathen
41 Sahib Bahadur K. C. M. Methar
42 Sri. M. C. Mathew
43 ,, K. A. Mathew
44 ,, V. K. Joseph
45 ,, K. Karunakaran
46 ,, Mankuzhi Madhavan
47 ,, C. Kesavan
48 ,, P. S. Madhavan Vaidyan
49 ,, K. Kuttappan
50 ,, Kunjaiyyappan
51 ,, K. K. Viswanathan
52 ,, M. R. Velappan
53 ,, K. I. Velayudhan
54 ,, K. K. Vasu Panicker
55 ,, V. K. Varghese
56 ,, K. Ramakrishna Pillai
57 ,, P. K. Raman
58 ,, M. Raman Pillai
59 ,, J. Raphael Rodriguez
60 ,, P. M. Varghese
61 ,, Varghese Augustin
62 Sahib Bahadur K. H. Sulaiman
63 Sri. K. Sekhara Panicker
64 ,, K. Sarangadharan
65 ,, A. K. Sankunni

Neutrals—9

1 Sri. A. Nesamoni
2 ,, K. Sivarama Pillai
3 ,, D. Gnasigamony
4 Sahib Bahadur A. Abdul Razaak
5 Sri. A. Gabriel Nadar
6 Sri. V. Sadasivan
7 ,, Ittiera Ambookan
8 ,, C. V. Iyyu
9 ,, O. T. Inasu

The motion was declared lost, 23 voting for, 65 voting against and 9 remaining neutral.

The amendment of Sri. R. Sankar was put and lost.
The amendment of Sri. P. C. George was put and lost.
The amendment of Sri. C. V. Iyyu was put and lost.
The motion of Sri. P. Balakrishnan Tampi was put and carried.

The Assembly adjourned at 6-42 p.m. to meet again at 11 a.m. on Saturday, the 21st October 1950.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly